# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

MAY 2026 | Vol - 6 ● Issue - 5 ● 16 Page Tabloid | www.syromalabarvision.com


# ദൈവവിളി: അസ്തിത്വത്തിലേക്കുള്ള അനന്തയാത്ര




**സിസ്റ്റർ ഡോ. ജെന്നിസ് സിഎസ്എൻ**





**തന്റെ അസ്തിത്വത്തിന്റെ പൂർണത പ്രാപിക്കാനായി ജീവിതസാഹചര്യങ്ങളുടെയും ദൈവീക ഇടപെടലുകളുടെയും പശ്ചാത്തലത്തിൽ, പൂർണ സ്വാതന്ത്ര്യത്തോടും വ്യക്തമായ അറിവോടുംകൂടെ ഒരാൾ തിരഞ്ഞെടുക്കുന്ന ജീവിതാവസ്ഥയാണ് ദൈവവിളി. ഇത് കേവലം ഒരു തൊഴിലോ ജീവിതരീതിയോ അല്ല, മറിച്ച് ദൈവത്തോടും മനുഷ്യരോടുമുള്ള ഉത്തരവാദിത്തപരമായ പ്രതികരണമാണ്.**

ഉത്സവപ്പറമ്പിൽ മഴവിൽ നിറങ്ങളിൽ ഉയർന്നു പറക്കുന്ന ബലൂണുകൾ... കാറ്റിനൊപ്പം നൃത്തം ചെയ്യുന്ന അവയെ കൗതുകത്തോടെ നോക്കിനിൽക്കുകയാണ് ഒരു കൊച്ചു ബാലൻ. ബലൂൺ വിൽക്കുന്നയാളുടെ കൈകളിലെ പല വർണ്ണങ്ങളിലുള്ള ശേഖരത്തിലേക്ക് നോക്കി അവൻ നിഷ്കളങ്കമായി ചോദിച്ചു: 'അങ്കിൾ, ഈ കറുത്ത ബലൂണും പറക്കുമോ?' ആ ചോദ്യം കേട്ട് അയാൾ തന്റെ ഭാണ്ഡത്തിൽ നിന്നും ഒരു കറുത്ത ബലൂൺ എടുത്ത്, അതിൽ ഹൈഡ്രജൻ നിറച്ച് മുകളിലോട്ട് പറത്തി വിട്ടു. ആകാശത്തിന്റെ ഉയരങ്ങളിലേക്ക് കുതിക്കുന്ന ആ ബലൂണിന്റെ ചരട് കുട്ടിയുടെ കുഞ്ഞിക്കൈകളിൽ ഏല്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'എന്റെ കുഞ്ഞേ, ബലൂണിന്റെ നിറമോ വലിപ്പമോ അത് നിർമ്മിച്ച ബ്രാൻഡോ ഒന്നുമല്ല അതിനെ പറത്തുന്നത്; മറിച്ച് അതിനുള്ളിൽ നിറച്ചിരിക്കുന്ന ഹൈഡ്രജൻ വാതകമാണ്.'

മനുഷ്യജീവിതവും ഇതിന് സമാനമാണ്. ഒരാളെ ഉന്നതങ്ങളിലേക്ക് ഉയർത്തുന്നത് അയാളുടെ രൂപമോ മഹിമയോ സ്ഥാനമാനങ്ങളോ ഒന്നുമല്ല; മറിച്ച് അവനിൽ കുടികൊള്ളുന്ന ദൈവീക ചൈതന്യമാണ്. ഈ ദൈവീക സൗന്ദര്യമാണ് മനുഷ്യമനസ്സിലെ തിരഞ്ഞെടുപ്പുകൾക്ക് സർഗ്ഗാത്മകതയുടെയും സുകൃതങ്ങളുടെയും ഊർജ്ജം പകരുന്നത്.

## എന്താണ് ദൈവവിളി?

തന്റെ അസ്തിത്വത്തിന്റെ പൂർണ്ണത പ്രാപിക്കാനായി ജീവിതസാഹചര്യങ്ങളുടെയും ദൈവീക ഇടപെടലുകളുടെയും പശ്ചാത്തലത്തിൽ, പൂർണ്ണ സ്വാതന്ത്ര്യത്തോടും വ്യക്തമായ അറിവോടും കൂടെ ഒരാൾ തിരഞ്ഞെടുക്കുന്ന ജീവിതാവസ്ഥയാണ് ദൈവവിളി. ഇത് കേവലം ഒരു തൊഴിലോ ജീവിതരീതിയോ അല്ല, മറിച്ച് ദൈവത്തോടും മനുഷ്യരോടുമുള്ള ഉത്തരവാദിത്തപരമായ പ്രതികരണമാണ്. നമ്മുടെ വ്യക്തിപരമായ പദ്ധതികൾ ദൈവത്തിൽ അർപ്പിച്ചുകൊണ്ട്, അവിടുത്തെ പദ്ധതി ഹൃദയത്തിൽ സ്വന്തമാക്കി നമ്മിൽ നിന്നും ദൈവത്തിലേക്ക് നടത്തുന്ന ഒരു യാത്രയാണിത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ പറയുന്നതുപോലെ: 'ദൈവവിളി എന്നത് സ്നേഹത്തിന്റെ ഒരു രഹസ്യമാണ്. ഇത് ദൈവത്തിന്റെ തിരഞ്ഞെടുപ്പും അതിനോടുള്ള മനുഷ്യന്റെ സ്നേഹപൂർവ്വമായ പ്രതികരണവുമാണ്.'

## ദൈവവിളിയുടെ വിവിധ ഭാവങ്ങൾ

പൗരോഹിത്യം, സന്യാസം, കുടുംബജീവിതം, ഏകസ്ഥ ജീവിതം എന്നിങ്ങനെ വ്യത്യസ്ത പാതകളിലൂടെ ദൈവവിളി പ്രകടമാകുന്നു. എല്ലാ വിളികളും ഒരുപോലെ വിശുദ്ധവും മഹത്വവുമുള്ളതാണ്.

പൗരോഹിത്യം: ദൈവത്തിനും മനുഷ്യർക്കും ഇടയിൽ പാലമായി നിലകൊള്ളുന്ന സമർപ്പണം.

സന്യാസം: സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് ജീവിച്ച് യേശുവിന്റെ വിശ്വസ്ത ശിഷ്യനായിരിക്കാനുള്ള വിളി.

കുടുംബജീവിതം: ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കാളിത്തവും സഭയുടെ അടിസ്ഥാനശിലയുമാണത്.

ഏകസ്ഥ ജീവിതം: നിസ്വാർത്ഥ സേവനത്തിനായി ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കപ്പെട്ട അവസ്ഥ.

ഒരു പുരോഹിതൻ ജനത്തിനു വേണ്ടി നിലകൊള്ളുമ്പോഴും, ഒരു സന്യാസിനി സമൂഹത്തിന്റെ വേദനകളിൽ പങ്കുചേരുമ്പോഴും, ഒരു കുടുംബം സ്നേഹത്തിൽ പുലരുമ്പോഴുമാണ് ദൈവവിളി സജീവമാകുന്നത്.

## മാറുന്ന ലോകവും വെല്ലുവിളികളും

ശാസ്ത്രവും സാങ്കേതികവിദ്യയും വച്ചുനീട്ടുന്ന പറുദീസയ്ക്ക് പിന്നാലെ മനുഷ്യൻ നെട്ടോട്ടമോടുന്ന ഈ കാലത്ത് ആത്മീയ കാഴ്ചപ്പാടുകൾ മാറിക്കൊണ്ടിരിക്കുന്നു. ഭൗതികതയും സ്വാർത്ഥതയും അസ്തിത്വത്തെ പിടിച്ചുകുലുക്കുമ്പോൾ, വിജയത്തിന്റെ അളവുകോൽ പണത്തിലും പദവിയിലും മാത്രമായി ഒതുങ്ങുന്നു. ഇതിനിടയിൽ മാതൃകാപരമായ ജീവിതങ്ങൾ അന്യമാകുമ്പോൾ, ദൈവം ആഗ്രഹിക്കുന്ന രീതിയിൽ മുൻപോട്ടു പോകാനുള്ള ആത്മധൈര്യം യുവജനങ്ങളിൽ കുറയുന്നു. ഇവിടെയാണ് ദൈവത്തിന്റെ സ്വരം കേൾക്കാൻ അവർക്ക് മാർഗ്ഗനിർദ്ദേശം നൽകേണ്ടതിന്റെ അനിവാര്യത ഏറുന്നത്.

**ബഹളങ്ങൾക്കിടയിലെ നിശബ്ദത:** ആധുനിക ലോകത്തെ ഡിജിറ്റൽ ലോകത്തിന്റെ തിരക്കുകളും അനാവശ്യമായ ശബ്ദകോലാഹലങ്ങളും മനുഷ്യന്റെ ആത്മീയശ്രവണശേഷിയെ തളർത്തുന്നു; അതിനാൽ, ഈ ബഹളങ്ങൾക്കിടയിൽ ദൈവത്തിന്റെ മൃദുവായ സ്വരം തിരിച്ചറിയാൻ പ്രത്യേകമായ ആത്മീയ പരിശീലനം ഇവർക്ക് ആവശ്യമാണ്.

**മൂല്യച്യുതിക്കെതിരെയുള്ള പ്രതിരോധം:** ഉപഭോഗസംസ്കാരവും ലൗകികതയും വിജയത്തിന്റെ അളവുകോലായി മാറുന്ന ഇക്കാലത്ത്, ശരിയായ നന്മയുടെ പാത ഏതെന്ന് തിരിച്ചറിയാൻ യുവജനങ്ങൾക്ക് കൃത്യമായ ആത്മീയ ബോധ്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

**ആത്മധൈര്യം പകരുക:** തങ്ങളുടെ ഇഷ്ടങ്ങളെ ദൈവഹിതത്തിന് മുന്നിൽ സമർപ്പിച്ച് സാഹസികമായ ഒരു ജീവിതശൈലി (പൗരോഹിത്യം അല്ലെങ്കിൽ സന്യാസം) തിരഞ്ഞെടുക്കാൻ ഇന്നത്തെ തലമുറയ്ക്ക് വലിയ ആത്മധൈര്യം ആവശ്യമാണ്; ഈ ധൈര്യം പകരാൻ മുതിർന്നവരുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് സാധിക്കും.

**ദിശാബോധം നൽകൽ:** ഡിജിറ്റൽ ലോകത്തെ ഏകാന്തതയിലും ലക്ഷ്യബോധമില്ലാത്ത ഓട്ടത്തിനിടയിലും തങ്ങളുടെ അസ്തിത്വത്തിന്റെ പൂർണ്ണത കണ്ടെത്താൻ ദൈവവിളി സഹായിക്കുമെന്ന ബോധ്യം അവർക്ക് നൽകുന്നത് വഴി വഴിതെറ്റാത്ത ഒരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് സാധിക്കും.

## കുടുംബം: വിശ്വാസത്തിന്റെ പരിശീലനക്കളരി

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകം കുടുംബമാണ്. 'ഗാർഹിക സഭ' എന്നറിയപ്പെടുന്ന കുടുംബമാണ് ഒരു വ്യക്തിയുടെ വിശ്വാസരൂപീകരണത്തിന്റെ കളരി. സ്നേഹബന്ധങ്ങളും സംസ്കാരവും ഉടലെടുക്കുന്ന ഇവിടെ നിന്നാണ് പൗരോഹിത്യസന്യാസ വിളികൾക്കുള്ള പശ്ചാത്തലം ഒരുങ്ങുന്നത്. ക്രിസ്തീയ മൂല്യങ്ങളും സുകൃതങ്ങളും വേരുറയ്ക്കുന്ന കുടുംബമാണ് പൗരോഹിത്യസന്യാസ ജീവിതങ്ങളുടെ അടിസ്ഥാനം. എന്നാൽ ഇന്നത്തെ അണു കുടുംബ സംസ്കാരം, ദ്രവ്യാസക്തി, സുഖലോലുപത, 'ഡിജിറ്റൽ ഏകാന്തത', ജോലിയുടെ അടിമത്തം എന്നിവ ദൈവവിളിയുടെ വിത്തുകളെ നശിപ്പിക്കുന്നു. ലാളിത്യവും സേവനവും ലക്ഷ്യമിട്ടുള്ള ആത്മീയ പാതകൾ പലർക്കും അനാകർഷകമായി തോന്നുന്നു. സുഖലോലുപതയിൽ വളരുന്ന തലമുറയ്ക്ക് ക്രിസ്തുവിനെ അനുഗമിക്കാൻ ആവശ്യമായ ത്യാഗമനോഭാവവും സ്വയം പരിത്യാഗവും വളർത്തിയെടുക്കാൻ കഴിയാത്ത സാഹചര്യം ഇന്നുണ്ട്. ലൈംഗികതയെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകളും ലഹരിയോടുള്ള ആസക്തിയും മനുഷ്യബുദ്ധിയെ ഡിജിറ്റൽ ലോകത്തിന് പണയം വെക്കാൻ പ്രേരിപ്പിക്കുന്നു.

## ആദർശധീരരായ യുവജനങ്ങളുടെ ആവശ്യകത

സ്വന്തം ഇഷ്ടങ്ങളെയും താല്പര്യങ്ങളെയും മാറ്റിനിർത്തി, ബ്രഹ്മചര്യം വ്രതമാക്കി ലാളിത്യത്തോടെ യേശുവിനെ അനുഗമിക്കുക എന്നത് ഇന്നത്തെ തലമുറയ്ക്ക് അനാകർഷകമായി തോന്നാം. എങ്കിലും, ഈ ലോകത്തെ ദൈവത്തിലേക്ക് നയിക്കാൻ വിശുദ്ധരായ പുരോഹിതരും സന്യാസികളും തിരുസഭയ്ക്ക് അത്യാവശ്യമാണ്. ഫ്രാൻസിസ് പാപ്പ പറയുന്നു: 'എവിടെ സമർപ്പിതരുണ്ടോ അവിടെ ആനന്ദമുണ്ട്. ലോകത്തെ ഉണർത്താൻ കഴിവുള്ള പ്രവാചകരാകാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്.' 'അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാം എന്ന് ചിന്തിക്കുന്നു... വിവാഹിതൻ ലൗകിക കാര്യങ്ങളിൽ താല്പരനാകുന്നു' (1 കൊറി 7:28–35) എന്ന വചനം ഓർമ്മിപ്പിക്കുന്നത് പോലെ, വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ ശുശ്രൂഷ ചെയ്യാൻ യുവതീയുവാക്കൾ മുന്നോട്ട് വരേണ്ടതുണ്ട്.

ദൈവവിളി ആനന്ദത്തിന്റെ സാക്ഷ്യമാണ്' എന്ന ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ, സമർപ്പിത ജീവിതം എന്നത് കേവലം നിയമങ്ങളുടെ പാലനമല്ല, മറിച്ച് ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിൽ നിന്നുണ്ടാകുന്ന ആഴമായ സന്തോഷത്തിന്റെ പ്രകടനമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. തനിക്ക് ലഭിക്കാവുന്ന ലൗകിക സുഖസൗകര്യങ്ങൾ ഉപേക്ഷിക്കുമ്പോഴും ദൈവവിളി സ്വീകരിച്ചവരുടെ മുഖത്ത് വിരിയുന്ന പുഞ്ചിരി, ലോകം നൽകുന്നതിനേക്കാൾ വലിയൊരു നിധി താൻ കണ്ടെത്തി എന്നതിന്റെ തെളിവാണ്. ഈ ആനന്ദം സ്വാർത്ഥമായ ഒന്നല്ല, മറിച്ച് മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേരുമ്പോഴും പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് തണലാകുമ്പോഴും പകർന്നുനൽകപ്പെടുന്ന സ്വർഗ്ഗീയമായ അനുഭൂതിയാണ്. സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുന്ന ഒരു വ്യക്തി തന്റെ ജീവിതത്തിലൂടെ ലോകത്തിന് നൽകുന്ന ഏറ്റവും വലിയ സന്ദേശം, ദൈവഹിതത്തിന് കീഴടങ്ങുന്നതിലാണ് മനുഷ്യന്റെ യഥാർത്ഥ സംതൃപ്തിയും ആനന്ദവും കുടികൊള്ളുന്നത് എന്നതാണ്. തന്റെ അസ്തിത്വം ദൈവസ്നേഹത്തിൽ സുരക്ഷിതമാണെന്ന ബോധ്യം നൽകുന്ന ഈ സന്തോഷമാണ് ഓരോ ദൈവവിളിയെയും ലോകത്തിന് മുൻപിൽ ആകർഷകമായ ഒരു സാക്ഷ്യമാക്കി മാറ്റുന്നത്.

## ഉപസംഹാരം

വൈദികസന്യാസ വിളികൾ കുറയുന്നത് ലോകം നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ്. അതുകൊണ്ട് പൗരോഹിത്യസന്യാസ ജീവിതങ്ങളോടുള്ള ആദരവ് നമ്മുടെ കുടുംബങ്ങളിൽ വളർത്തണം. സാഹസികമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന യുവഹൃദയങ്ങളെ നാം പ്രോത്സാഹിപ്പിക്കണം. നസ്രായന്റെ കരുണാർദ്രമായ ഭാവത്തിന്റെ അടയാളങ്ങളാകാൻ അനേകം യുവജനങ്ങൾ സഭയിൽ സജ്ജമാകട്ടെ. 'സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരപ്രോത്സാഹനമേകാൻ നമുക്ക് പര്യാലോചിക്കാം' (ഹെബ്രാ 10:24) ■

## എഡിറ്റോറിയൽ

# സാക്ഷ്യം ആവശ്യപ്പെടുന്ന ദൈവവിളികൾ

ദൈവ മനുഷ്യബന്ധത്തിന്റെ ചരിത്രത്തിൽ ഇഴചേർന്നുകിടക്കുന്ന ഒന്നാണ് ദൈവവിളി. ദൈവിക പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി മനുഷ്യൻ തന്റെ പൂർണ സ്വാതന്ത്ര്യത്തിൽ ക്രിയാത്മകമായി പ്രതികരിക്കുന്നതാണ് ദൈവവിളിയുടെ പ്രായോഗികതലം. ഇത് ഒരു വ്യക്തിപരമായ ഇഷ്ടവും ജീവിതരീതിയും എന്നതിനപ്പുറം അനാവരണം ചെയ്യപ്പെടുന്ന ദൈവികപദ്ധതിയോടുള്ള മനുഷ്യന്റെ സംവാദവും ശ്രദ്ധയും വിവേചനവും പ്രതികരണവുമാണ്. ചുരുക്കിപ്പറഞ്ഞാൽ ദൈവത്തിന്റെ കൃപയും മനുഷ്യന്റെ സ്വാതന്ത്ര്യവും കൂടിച്ചേർന്നു ഒരുവനെ ഒരു പ്രത്യേക ധർമം നിർവഹിക്കുന്നതിനു തെരഞ്ഞെടുക്കുന്നതാണ് ദൈവവിളി.

ദൈവവിളി എന്നാൽ വൈദിക സമർപ്പിതവിളികൾ മാത്രമാണ് എന്ന പരമ്പരാഗത കാഴ്ചപ്പാടിൽനിന്നുമാറി കുടുംബജീവിതവും ഏകസ്ഥജീവിതവുംകൂടി ദൈവവിളികളായി കണക്കാക്കുന്ന അജപാലനദൈവശാസ്ത്രമാണ് ഇന്നുള്ളത്. പരമ്പരാഗത കുടുംബസംവിധാനങ്ങളുടെ അടിവേരിളക്കുന്ന അത്യാധുനിക പുരോഗമനചിന്താഗതികളിലൂടെ സാമാന്യവൽക്കരിക്കപ്പെടുന്ന വിവാഹേതരബന്ധങ്ങളും വിവാഹനിഷേധവും കുടുംബജീവിതമെന്ന ദൈവവിളിയുടെ പ്രസക്തിയെത്തന്നെ ചോദ്യം ചെയ്തുതുടങ്ങിയിരിക്കുന്നു. കുടുംബങ്ങൾ തകർന്നാൽ പൗരോഹിത്യ സമർപ്പിതവിളികൾ തീർത്തും ഇല്ലാതാകുമെന്ന് മനസിലാക്കാൻ സമകാലിക അനുഭവങ്ങൾ മാത്രം മതി.

പുരോഹിതരും സമർപ്പിതരും കുടുംബസ്ഥരും ഏകസ്ഥരും തങ്ങളുടേതായ തലങ്ങളിൽ നൽകുന്ന സാക്ഷ്യമാണ് ഈ ദൈവവിളികളുടെ ആധികാരികതയുടെ അളവുകോൽ. ഇന്നിന്റെ സംസ്കാരത്തിൽ ദൈവവിളിയെ തളർത്തുന്ന പ്രവണതകളെ അതിജീവിക്കാൻ സാധിക്കണമെങ്കിൽ ബോധ്യങ്ങൾ നഷ്ടപ്പെടാതെ ജീവിക്കേണ്ടതുണ്ട്. ദൈവവിളിയുടെ ദൈവികമാനത്തിനും മനുഷ്യന്റെ ഉത്തരവാദിത്വപൂർണമായ സ്വാതന്ത്രത്തിലുള്ള പ്രതികരണത്തിനും പ്രസക്തി നഷ്ടപ്പെടുമ്പോൾ ഉറകെട്ടപോലെയുള്ള ജീവിതങ്ങൾ നമ്മൾ കാണുന്നുണ്ട്. ഇവിടെയാണ് സാക്ഷ്യം നല്കുന്ന ദൈവവിളിയുടെ സാംഗത്യവും ആവശ്യകതയും എന്നത്തേക്കാളും ആവശ്യമായി വരുന്നത്.

'നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ (റോമാ 12:2) എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ ആഹ്വാനം കാര്യമായി കണക്കിലെടുക്കണം. ലോകവുമായിട്ടുള്ള സമരസപ്പെടലിലാണ് പൗ രോഹിത്യ സമർപ്പിതജീവിതങ്ങളുടെ ശോഭ മങ്ങിക്കൊണ്ടിരിക്കുന്നത്. ലോകദൃഷ്ടിയിൽ സ്വീകാര്യമാകാൻവേണ്ടി വിളിയുടെ ദൈവികആത്മീയതലങ്ങൾ അവഗണിക്കുന്നതാണ് ഇന്നത്തെ ഒരു വലിയ പ്രതിസന്ധി. അധ്യാപകനോ, നേഴ്സോ, സാമൂഹ്യപ്രവർത്തകനോ ആകുന്നതിനുവേണ്ടി ഒരു വൈദികനോ കന്യാസ്ത്രീയോ ആകേണ്ട കാര്യമില്ലായെന്നു ഇന്നത്തെ യുവജനങ്ങൾ പറയുമ്പോൾ ദൈവവിളിയുടെ മർമം മറന്നുപോയ വൈദികരുടെയും സമർപ്പിതരുടെയും ജീവിതങ്ങൾ ഇവിടെ തെളിയുന്നു. 'ക്രിസ്തുസ് വിവിത്' എന്ന സിനഡാനന്തര പ്രബോധനരേഖയിൽ ഫ്രാൻസിസ് മാർപാപ്പ പഠിപ്പിച്ചത് ഇവിടെ പ്രസക്തമാണ്: 'നിങ്ങളുടെ ദൈവവിളി എന്നത് നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ മാത്രമല്ല, മറിച്ചു നിങ്ങൾ ആരാണ് എന്നതുകൂടിയാണ്'. പറയുന്നതും പഠിപ്പിക്കുന്നതുമായി ജീവിതത്തിനു ബന്ധമില്ലാതെവരുമ്പോഴാണ് സാക്ഷ്യം ദുർബലമാകുന്നതും അനാകർഷണമാകുന്നതും.

ഈശോയുടെ സുവിശേഷവാഹകരാകാൻ ഇന്നും ശിഷ്യന്മാരെ ആവശ്യമാണ്. ഈ കാലഘട്ടത്തിന്റെ സംസ്കാരവും കാഴ്ചപ്പാടുകളും തത്വശാസ്ത്രവുമൊക്കെ ദൈവവുമായി സംവദിക്കണമെങ്കിൽ ദൈവമനുഷ്യബന്ധം ഉറപ്പാക്കുന്ന പാലങ്ങൾ വേണം. ദൈവവിളിയെ കേവലം ഒരു തൊഴിൽ എന്നതിൽനിന്ന് ഈ ലോകത്തിനുമുഴുവനും ബലിയായിത്തീർന്ന ഈശോയുടെ സ്നേഹവും കരുതലും കാരുണ്യവും വേദനിക്കുന്നവരും അവഗണിക്കപ്പെടുന്നവരും പാവപ്പെട്ടവരുമായ എല്ലാ മനുഷ്യരുമായി പങ്കുവയ്ക്കാനുള്ള ദൈവികദൗത്യമായി കാണണം. എല്ലാവരെയും ഉൾക്കൊള്ളുന്ന ദൈവസ്നേഹത്തിന് കണ്ണും കാതും കരങ്ങളും നാവുമായി ദൈവമനുഷ്യബന്ധത്തിന്റെ പാലങ്ങൾ പണിയുന്നവർ ഈ കാലഘട്ടത്തിലും ആവശ്യമാണ്; ദൈവത്തിനും മനുഷ്യനും. ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഫാ. ജിഫി മേക്കാട്ടുകളം
ഫാ. ജോഷി പാണംപറമ്പിൽ
ഫാ. സനൽ മാളിയേക്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP

**ഡിസൈൻ & പ്രിന്റ്:** ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം

**മെയ് 1:** മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെത്രാന്റെ ചരമം (2020)

മാർ ജോർജ് വലിയമറ്റം മെത്രാപ്പോലീത്ത (1988) യുടെയും മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത (2004) യുടെയും അഭിഷേകം

**മെയ് 2:** മാർ ജോസഫ് കല്ലറങ്ങാട്ട് മെത്രാന്റെ അഭിഷേകം (2004)

വിശുദ്ധ അത്തനേഷ്യസ്

**മെയ് 3:** വിശുദ്ധ പീലിപ്പോസ്, വിശുദ്ധ യാക്കോബ് ശ്ലീഹന്മാർ

**മെയ് 4:** അഡോൾഫ് എഡ്വിൻ മെഡ്ലിക്കോട്ട് മെത്രാന്റെ ചരമം (1918)

**മെയ് 6:** വിശുദ്ധ ഡൊമിനിക് സാവിയോ

**മെയ് 14:** നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം

വിശുദ്ധ മത്തിയാസ് ശ്ലീഹാ

**മെയ് 15:** മാർ ജോസ് പൊരുന്നേടം മെത്രാന്റെ അഭിഷേകം (2004)

വിളവുകളുടെ സംരക്ഷകയായ മറിയത്തിന്റെ തിരുനാൾ

**മെയ് 20:** സീറോമലബാർ സഭയുടെ പ്രഥമസിനഡിന്റെ ഉദ്ഘാടനം (1993), പ്രഥമ മേജർ ആർച്ചുബിഷപ് മാർ ആന്റണി പടിയറ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം (1993)

മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയുടെ അഭിഷേകം (2002)

**മെയ് 24:** പന്തക്കുസ്താത്തിരുനാൾ

ഇന്നുമുതൽ ത്രികാലജപം 'കർത്താവിന്റെ മാലാഖ' ചൊല്ലുന്നു

**മെയ് 26:** ആർച്ചുബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങരയുടെ അഭിഷേകം (2012)

**മെയ് 29:** സ്വർണവെള്ളി

മേജർ ആർച്ചുബിഷപ് എമരിത്തൂസ് മാർ ജോർജ് ആലഞ്ചേരിയുടെ സ്ഥാനാരോഹണം (2011)

**മെയ് 30:** പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശനം

**മെയ് 31:** മാർ ജോൺ പനംതോട്ടത്തിൽ മെത്രാന്റെ അഭിഷേകം (2023)

പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

മെയ് 16



മാർ ജോയി ആലപ്പാട്ട്

# അന്ത്യോക്യായിലെ വിശുദ്ധ തെയോഫിലസ്

വഴികാട്ടികൾ

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



ടൈഗ്രീസ്, യൂഫ്രട്ടീസ് നദികൾക്കു സമീപം (ആധുനിക ഇറാക്കിന്റെ ഭാഗം) രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഒരു വിജാതീയകുടുംബത്തിൽ ജനിച്ച തെയോഫിലസ് പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ അറിയപ്പെടുന്ന തത്വചിന്തകന്മാരിൽ ഒരാളായിരുന്നു. ക്രൈസ്തവവിശ്വാസത്തെ വിമർശിക്കാനുള്ള ആയുധങ്ങൾ സ്വരൂപിക്കാനായി വി.ഗ്രന്ഥം പഠിച്ചുതുടങ്ങിയ അദ്ദേഹം ദൈവവചനത്താൽ ആകർഷിക്കപ്പെട്ട് ക്രൈസ്തവവിശ്വാസം സ്വീകരിച്ചു. ക്രിസ്തുവർഷം 161 മുതൽ 180 വരെ റോമാസാമ്രാജ്യം ഭരിച്ച മാർക്കൂസ് അന്തോണിയൂസ് വേരൂസിന്റെ കാലത്താണ് അദ്ദേഹം തന്റെ ദൈവശാസ്ത്രരചനകൾ നടത്തിയതെന്ന് വി.ജെറോം സാക്ഷ്യപ്പെടുത്തുന്നു. (De Viris. Illustribus 25). ഏഡി 170-ൽ അന്ത്യോക്യായുടെ ആറാമത്തെ മെത്രാനായി നിയമിതനായ അദ്ദേഹത്തിന്റെ പേര് കേസറിയായിലെ വി. എവുസേബിയൂസ് തന്റെ ക്രോണിക്കിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാർസിയോണെതിരായ ഒരു ഗ്രന്ഥവും, മൂന്നു പുസ്തകങ്ങളിലായി രചിക്കപ്പെട്ട ഔത്തോലിക്കസിനുള്ള ഗ്രന്ഥവും, ഹെർമോജനസിന്റെ പാഷണ്ഡതയ്ക്കെതിരായ ഗ്രന്ഥവും ആണ് അദ്ദേഹത്തിന്റേതായി വി.ജെറോം അവതരിപ്പിക്കുന്നത്. (DVI 25).

തന്റെ വിജാതീയ സുഹൃത്ത് ഔത്തോലിക്കസിനുള്ള ഗ്രന്ഥം, വിജാതീയമതങ്ങളുടെ ധാർമ്മിക ചിന്തകൾക്കുമേൽ ക്രൈസ്തവവിശ്വാസത്തിന്റെ മഹത്വം വ്യക്തമാക്കാനുള്ള ശ്രമമമാണ്. ക്രൈസ്തവദൈവദർശനം, മനുഷ്യ വ്യുൽപത്തിയെക്കുറിച്ചുള്ള വി.ഗ്രന്ഥ ദർശനം, വിജാതീയ ലോകദർശനത്തിന്റെ അർഥശൂന്യത എന്നീ വിഷയങ്ങളിലൂന്നി അദ്ദേഹം ആ ഉദ്യമത്തിൽ വിജയിക്കുന്നു. ഈ ഗ്രന്ഥത്തിലെ മൂന്നു പുസ്തകങ്ങൾ മൂന്നു വ്യത്യസ്ത കാലഘട്ടങ്ങളിലായാണ് രചിക്കപ്പെട്ടതെന്നാണ് വി. എവുസേബിയൂസിന്റെ വാദം. (സഭാചരിത്രം IV, 24).

പ. ത്രിത്വദൈവശാസ്ത്രം വികസിച്ചുതുടങ്ങിയ കാലത്ത് ത്രിയാസ് (Trias) എന്ന ഗ്രീക്കുപദം പ. ത്രിത്വത്തെ സൂചിപ്പിക്കാൻ ആദ്യമായി ഉപയോഗിച്ച അദ്ദേഹം ക്രിസ്തുവർഷം 180-ൽ ആധുനികതുർക്കിയുടെ ഭാഗമായ അന്ത്യോക്യായിലാണ് ഇഹലോകവാസം വെടിഞ്ഞതെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഔത്തോലിക്കസിനുള്ള ഗ്രന്ഥത്തിന്റെ മൂന്നാം പുസ്തകം 180-ൽ മാർക്കൂസ് ഔറേലിയസ് ചക്രവർത്തി മരിക്കുമ്പോൾ ഗ്രന്ഥകാരൻ അന്ത്യോക്യായുടെ മെത്രാനായിരുന്നു എന്ന് സാക്ഷ്യം നല്കുന്നുണ്ട്. ■

# ദൈവവിളി: സഭയുടെ ഹൃദയതാളവും പ്രേഷിതദൗത്യത്തിന്റെ ആത്മാവും

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ





**ദൈവവിളി എന്നത് കേവലം ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പല്ല, മറിച്ച് അനാദിയിലെ ദൈവത്തിന്റെ ഹൃദയത്തിൽ രൂപംകൊണ്ട സ്നേഹപൂർണമായ ഒരു ക്ഷണമാണ്. 'നീ ഗർഭപാത്രത്തിൽ രൂപപ്പെടുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനുമുൻപേ ഞാൻ നിന്നെ ശുദ്ധീകരിച്ചു' (ജെറമിയ 1:5) എന്ന പ്രവാചകവചനം ഓരോ ദൈവവിളിയുടെയും ആഴമേറിയ ബൈബിൾപരമായ അടിസ്ഥാനം നമുക്ക് വെളിപ്പെടുത്തിത്തരുന്നു.**

ഏപ്രിൽ മാസം തിരുസഭയെ സംബന്ധിച്ചിടത്തോളം ദൈവവിളികളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാനും പ്രാർഥിക്കാനും പ്രത്യേകം മാറ്റിവെച്ചിട്ടുള്ള ഒരു കാലഘട്ടമാണ്. ഈസ്റ്റർ തിരുനാളിന്റെ സന്തോഷം നിറഞ്ഞുനില്ക്കുന്ന ഈ മാസം ആത്മീയമായ ഒരു പുതിയ ഉണർവിന്റെയും ദൈവഹിതം തിരിച്ചറിയുന്നതിന്റേയും സമയമായി സഭ കാണുന്നു. മിശിഹായുടെ ഉത്ഥാനം നല്കുന്ന പ്രത്യാശയും പുതിയ ജീവനും ദൈവവിളിയിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്ക് വലിയ പ്രചോദനമാണ്. ക്രിസ്തുവിനോടൊപ്പം മരിക്കാനും അവിടുത്തെ മഹത്വത്തിൽ പങ്കുചേരാനുമുള്ളതാണ് ഓരോ വിളിക്കപ്പെടുന്ന ജീവിതവും. സുവിശേഷത്തിന്റെ സന്തോഷം ലോകത്തോട് പ്രഘോഷിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഉത്ഥിതനായ മിശിഹാ നല്കുന്ന കരുത്ത് ഈ മാസത്തെ നമ്മുടെ ധ്യാനവിഷയമാണ്. ഓരോ വിശ്വാസിയും തങ്ങളുടെ മക്കളിലും സഹോദരങ്ങളിലും ദൈവത്തിന്റെ വിളി ഉണ്ടോ എന്ന് വിവേചിച്ചറിയാനും, ആ വിളിയെ ധീരമായി സ്വീകരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കാനും കടപ്പെട്ടിരിക്കുന്നുവെന്നതാണ് യാഥാർഥ്യം. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ യുവജനങ്ങളെ ഓർമിപ്പിക്കുന്നു: 'ദൈവവിളിയെക്കുറിച്ച് ചിന്തിക്കാൻ ഭയപ്പെടരുത്. ക്രിസ്തുവിന് നിങ്ങളുടെ ജീവിതത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുക. അവിടുത്തെ സ്നേഹത്തിന് നിങ്ങളുടെ ഹൃദയങ്ങളിൽ ഇടം നല്കുക. ക്രിസ്തുവിനെ അനുഗമിക്കുന്നതിലൂടെ നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടാനില്ല, മറിച്ച് എല്ലാം നേടാനുണ്ട്'.

ദൈവവിളി എന്നത് കേവലം ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പല്ല, മറിച്ച് അനാദിയിലെ ദൈവത്തിന്റെ ഹൃദയത്തിൽ രൂപംകൊണ്ട സ്നേഹപൂർണമായ ഒരു ക്ഷണമാണ്. 'നീ ഗർഭപാത്രത്തിൽ രൂപപ്പെടുന്നതിനുമുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ ശുദ്ധീകരിച്ചു' (ജെറമിയ 1:5) എന്ന പ്രവാചകവചനം ഓരോ ദൈവവിളിയുടെയും ആഴമേറിയ ബൈബിൾപരമായ അടിസ്ഥാനം നമുക്ക് വെളിപ്പെടുത്തിത്തരുന്നു. ദൈവത്തിന്റെ വലിയൊരു ദാനമാണ് ഓരോ വിളിയും. ആ വിളി തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കാനും നാമെല്ലാവരും ദൈവകരങ്ങളിലെ വിശുദ്ധമായ ഉപകരണങ്ങളായി മാറേണ്ടതുണ്ട്. സഭയുടെ നിലനില്പ്പിന്റെയും പ്രേഷിത ദൗത്യത്തിന്റെയും ഏറ്റവും സുപ്രധാനമായ കണ്ണിയാണ് ദൈവവിളികൾ.

സുവിശേഷവൽക്കരണമാണ് സഭയുടെ അടിസ്ഥാന ലക്ഷ്യമെങ്കിൽ, ആ സുവിശേഷം ലോകത്തിന്റെ അതിർത്തികളോളം എത്തിക്കാൻ സന്നദ്ധരായ വേലക്കാരെ കണ്ടെത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മിശിഹായുടെ സ്നേഹം അനുഭവിക്കുകയും അത് മറ്റുള്ളവർക്ക് പകർന്നുനല്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന യുവമനസ്സുകളെ രൂപപ്പെടുത്തുക എന്നത് സഭയുടെ പൊതുവായുള്ള ഉത്തരവാദിത്തമാണ്. കുടുംബങ്ങളിലേക്ക് നേരിട്ട് കടന്നുചെല്ലുന്ന വൈദികരും സമർപ്പിതരുമാണ് ഏറ്റവും മികച്ച വൊക്കേഷൻ പ്രമോട്ടർമാർ എന്നു പറയുമ്പോൾ, അതിന്റെ അർഥം ദൈവവിളിയുടെ ആദ്യത്തെ നഴ്സറി ക്രൈസ്തവകുടുംബങ്ങളാണെന്നാണ്. ഓരോ മാതാപിതാക്കളും തങ്ങളുടെ മക്കളിൽ ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള ആത്മീയ സാഹചര്യം ഒരുക്കണം. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പ്രബോധിപ്പിച്ചതുപോലെ, 'ദൈവവിളി എന്നത് ഒരു ലോട്ടറി എടുക്കുന്നതുപോലെയോ അപ്രതീക്ഷിതമായ ഒരു ഭാഗ്യമോ അല്ല, മറിച്ച് അത് ക്രിസ്തുവിനോട് ചേർന്നുള്ള ഒരു വലിയ സാഹസികതയാണ്.' ഈ സാഹസികതയിലേക്ക് നമ്മുടെ യുവതലമുറയെ ക്ഷണിക്കാൻ സഭയൊന്നാകെ ഉണർന്നു പ്രവർത്തിക്കണം. സഭയുടെ ഒരു ചെറിയ പതിപ്പായ കുടുംബങ്ങളിൽ ദൈവസ്വരം തിരിച്ചറിയാൻ പാകപ്പെട്ട ആത്മീയസാഹചര്യം ഒരുങ്ങണം. മാതാപിതാക്കളുടെ തീക്ഷ്ണമായ പ്രാർഥനയും വിശുദ്ധമായ വിശ്വാസജീവിതവുമാണ് മക്കളുടെ ഹൃദയങ്ങളിൽ ദൈവഹിതം അന്വേഷിക്കാനുള്ള ആഗ്രഹം ആദ്യമായി ജനിപ്പിക്കുന്നത്. ലോകത്തിന്റെ ശബ്ദത്തേക്കാൾ ദൈവത്തിന്റെ മന്ദസ്വരത്തിന് കാതോർക്കാൻ ഒരു കുട്ടിക്ക് സാധിക്കുന്നത് തന്റെ ഭവനത്തിലെ പ്രാർഥനാപൂർവമായ അന്തരീക്ഷത്തിലൂടെയാണ്. വൈദികസന്യാസ ജീവിതം ഒരു വലിയ ഭാഗ്യമാണെന്ന ബോധ്യം മാതാപിതാക്കൾ മക്കൾക്ക് പകർന്നുനൽകുന്നത് വഴി ദൈവവിളികളുടെ നഴ്സറിയായി കുടുംബം മാറുന്നു. ഇത്തരത്തിൽ പ്രാർഥനയാൽ വിശുദ്ധീകരിക്കപ്പെട്ട കുടുംബങ്ങളിൽ നിന്നാണ് സഭയുടെ പ്രേഷിതദൗത്യം ഏറ്റെടുക്കാൻ കരുത്തുള്ള ദൈവവിളികൾ ഉയർന്നുവരുന്നത്.

ബെനഡിക്ട് പതിനാറാമൻ പാപ്പ സൂചിപ്പിച്ചതു, 'ദൈവം നമ്മെ വിളിക്കുന്നത് നാം എന്തെങ്കിലും വലിയ കാര്യങ്ങൾ ചെയ്യാനല്ല, മറിച്ച് നാം അവനോടൊപ്പം ആയിരിക്കാനാണ്' എന്നാണ്. ഈ 'കൂടെയായിരിക്കൽ' ആണ് നാം ഓരോരുത്തരും പ്രോത്സാഹിപ്പിക്കേണ്ടത്. വൈദികസന്യാസ ജീവിതം എന്നത് ഒരു ജോലി തേടലല്ല, മറിച്ച് ക്രിസ്തുവിനോടുള്ള തീക്ഷ്ണമായ പ്രണയമാണ്. ലോകത്തിന്റെ ബഹളങ്ങൾക്കിടയിൽ ദൈവത്തിന്റെ മൃദുസ്വരം കേൾക്കാൻ യുവമനസ്സുകളെ പ്രാപ്തരാക്കുന്ന ഇടങ്ങളായി നമ്മുടെ ഇടവകകളും ഭവനങ്ങളും മാറണം. സഭയുടെ സുവിശേഷപ്രഘോഷണദൗത്യത്തിൽ പുതിയ വിളികൾ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. അവ സഭയുടെ നവീകരണത്തിനും ജീവസ്സുറ്റ വളർച്ചയ്ക്കും കാരണമാകുന്നു. ദൈവവിളികളെ പരിപോഷിപ്പിക്കുക വഴി നാം സഭയുടെ ഭാവി തന്നെയാണ് സുരക്ഷിതമാക്കുന്നത്. ഈ വലിയ ഉത്തരവാദിത്തം ഏറ്റെടുക്കാനും ദൈവത്തിന്റെ വിളിയോട് 'അതേ' എന്നു പറയാൻ നമ്മുടെ മക്കളെ പ്രാപ്തരാക്കാനും നമുക്ക് ഒത്തൊരുമിച്ച് പ്രാർഥിക്കാം. ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതരായി, സഭയുടെ ഈ പ്രേഷിതയാത്രയിൽ നമുക്ക് പങ്കുചേരാം. ■

# സത്യമായും ആത്മാവിൽ ആരാധിക്കുന്ന സമയം (യോഹന്നാൻ 4:24)

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ടോം ഓലിക്കരോട്ട്

വി. യോഹന്നാൻ എഴുതിയ സുവിശേഷം നാലാമദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ഈശോയും സമരിയക്കാരിയും തമ്മിലുള്ള ദീർഘമായ സംഭാഷണത്തിന്റെ ഹൃദയഭാഗം എന്ന് വിശേഷിപ്പിക്കാവുന്നത്, 'പ്രോസ്ക്യുനേസുസിൻ തോ പാത്രി ഏൻ പെനവുമാത്തി കായി അലെത്തേയിയാ' ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു (4:24) എന്ന വാചകമാണ്. ഭൂരിപക്ഷം പരിഭാഷകളും ഇതിനെ in spirit and truth 'ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന' എന്നാണ് വിവർത്തനം ചെയ്യുന്നത്. എന്തായിരിക്കും ഈ ആത്മാവിലും സത്യത്തിലുമുള്ള ആരാധന? വ്യത്സ്തങ്ങൾ വ്യാഖ്യാനങ്ങളാണ് ഇതിന് കാണുന്നത്. ആത്മാവും സത്യവും പരിശുദ്ധ ത്രിത്വത്തിലെ പുത്രനെയും (യേശുവിനെ മാംസരൂപം പ്രാപിച്ച ദൈവത്തിന്റെ സത്യം അഥവാ ഉടമ്പടിയോടുള്ള വിശ്വസ്തത എന്ന അർഥത്തിലാണ് യോഹന്നാൻ വ്യാഖ്യാനിക്കുന്നത്) പരിശുദ്ധാത്മാവിനെയുമാണ് സൂചിപ്പിക്കുന്നത്. യഥാർഥ ആരാധന ആത്മാവിലും സത്യത്തിലുമാണെന്ന് പറയുന്നതിനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ യേശുവിലൂടെ പിതാവിലേക്കുള്ള പ്രവാഹമാണ് എന്ന് വ്യാഖ്യാനിക്കാം. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി കുറെ കൂടി യുക്തിസഹജവും സുഗ്രാഹ്യവുമായ മറ്റൊരു വ്യാഖ്യാനസാധ്യതയെക്കുറിച്ച് ചിന്തിക്കാം.

'ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന' എന്ന വാചകത്തിൽ ആരാധനയുടെ രണ്ട് വിശേഷണങ്ങളായാണ് ആത്മാവിൽ (പെന്വുമാത്തി) സത്യത്തിൽ (അലത്തേയിയാ) എന്നീ പദങ്ങളെ അവതരിപ്പിക്കുന്നത്. എന്നാൽ ഗ്രീക്ക് ഭാഷയിലെ മൂലരൂപം ശ്രദ്ധിക്കുക: ഇവിടെ ഈ രണ്ട് നാമപദങ്ങൾക്കും പനവുമാത്തി/അലെത്തേയിയാ പൊതുവായി ഒരു പ്രിപൊസിഷൻ ഏൻ, ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന കഞ്ജക്ഷൻ കായി. ഇതാണ് വാക്യഘടന. അതായത് ഈ രണ്ട് നാമങ്ങളും ഇവിടെ നിർവഹിക്കുന്നത് നാമവിശേഷണത്തിന്റെ ദൗത്യമാണ് ആരാധനയുടെ വിശേഷണമായി ഈ രണ്ട് വാക്കുകൾ നിലകൊള്ളുന്നു. ഗ്രീക്ക് ഭാഷശൈലിയിൽ ഇങ്ങനെ നാമപദങ്ങൾ ഉപയോഗിച്ചിട്ട് നാമവിശേഷങ്ങൾ നടത്തുന്നതിനെ 'Hendiadys' എന്നാണ് പറയുന്നത്. ഭാഷാപണ്ഡിതനായ ബുള്ളിംഗർ ഹെൽഡിയാഡിസ് (Hendiadys) എന്ന ഭാഷാപ്രയോഗത്തെ നിർവ്വചിച്ചിരിക്കുന്നത്, "the expression of one idea through two formally co ordinate terms joined by 'and' instead of a noun and adjective or a verb and an adverb. One component specifies the other" എന്നാണ്. വി. ഗ്രന്ഥത്തിൽ ഈ ഭാഷാ പ്രയോഗത്തിന് നിരവധി ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. ഉദാഹഹരണമായി, ഉൽപ. 3:16; 4:4; സങ്കീ. 63:5, 113:4, അപ്പോൾ ഈ വാചകത്തെ ശരിയായി പരിഭാഷപ്പെടുത്തേണ്ടത് 'യഥാർത്ഥമായി ആത്മാവിൽ truly spiritual) ആരാധിക്കുന്ന സമയം വരുന്നു' എന്നാണ്. 'ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയമെന്നതിനേക്കാൾ കുറച്ചുക്കൂടി ലളിതവും വ്യക്തവുമാണ് 'സത്യമായും (യഥാർഥമായി) ആത്മാവിൽ ആരാധിക്കുന്ന' എന്ന പരിഭാഷ എന്ന് കാണാൻ കഴിയും.

ഇനി എന്തായിരിക്കും 'സത്യമായും ആത്മാവിൽ നടക്കുന്ന ആരാധന'? ഒന്നാമതായി അത് എല്ലാ അർഥത്തിലും ആത്മീയമായി നടക്കേണ്ടതാണ്. ആരാധകന്റെ ആത്മാവ് ആത്മാവായ ദൈവത്തെ അനുഭവിക്കുന്നതാണത്. അവിടെ ബാഹ്യപരതകൾക്കോ സ്ഥലബന്ധമായ നിർബന്ധങ്ങൾക്കോ പ്രസക്തിയില്ല എന്ന് മനസിലാക്കാം. രണ്ടാമതായി ഈ ആരാധന പരിശുദ്ധാത്മാവിൽ നവീകരിക്കപ്പെട്ട വ്യക്തിയിൽ നിന്ന് ഈശോമിശിഹാ എന്ന ചാലകത്തിലൂടെ പിതാവിലേക്കുള്ള അനസ്യൂതമായ പ്രവാഹമാണ് ഈ ആരാധനയുടെ പ്രഥമലക്ഷ്യം ദൈവത്തിന്റെ അസ്തിത്വത്തിലുള്ള പങ്കുചേരലാണുതാനും. യഥാർഥ ആരാധനയെ കുറിച്ചുള്ള ഈ വെളിപ്പെടുത്തൽ യേശുവിന്റെ കാലത്ത് മാത്രമല്ല ഇന്ന് നിലനിൽക്കുന്ന അനുഷ്ഠാനപരതയുടെ നൂലാമാലകളിൽ കുടുങ്ങി ആത്മാവും ചൈതന്യവും നഷ്ടപ്പെട്ട, അനുഷ്ഠാനമുറകൾക്കും ആരാധനരീതികൾക്കുംവേണ്ടി വാശിപിടിക്കുന്നവർക്ക് നേരെയുള്ള തിരുത്തലിന്റെ ചാട്ടവാറാണെന്നത് നാം എന്നാണ് തിരിച്ചറിയുന്നത്.? കാപട്യങ്ങളും പ്രകടനപരതയും മേന്മയുടെ അവകാശവാദങ്ങളുമില്ലാത്ത ആരാധനയെയും ആരാധകരെയും ദൈവം കാത്തിരിക്കുന്നു എന്ന മനോഹരമായ സന്ദേശമാണ് സമരിയക്കാരിയുമായുള്ള സംഭാഷണ വിവരണത്തിലൂടെ സുവിശേഷകൻ പങ്കുവയ്ക്കുന്നത്. ■

# മരിയവണക്കത്തിന്റെ മെയ്മാസം



**ആദിമസഭയിൽ മെയ് 15 പരിശുദ്ധ അമ്മയുടെ തിരുനാളായി ആചരിച്ചിരുന്നു. കൂടാതെ മെയ് 31 നാണ് മാതാവിന്റെ സന്ദർശനതിരുനാൾ നാം ആചരിക്കുന്നതും. വിശുദ്ധഫിലിപ്പ് നേരി മെയ് മാസത്തിൽ മാതാവിന്റെ ചിത്രം പൂക്കൾകൊണ്ട് അലങ്കരിക്കുകയും സ്തുതിഗീതങ്ങൾ ആലപിക്കുകയും ചെയ്തിരുന്നതായും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ഇറ്റലിയിൽ നിന്നാണ് മെയ് മാസവണക്കത്തിന്റെ തുടക്കമെന്നാണ് ചരിത്രം.**

‘നല്ലമാതാവേ മരിയേ
നിർമ്മല യൗസേപ്പിതാവേ..’

കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ കുടുംബങ്ങളിലെ സന്ധ്യാപ്രാർഥനകളിൽ മെയ്മാസങ്ങളിൽ മുഴങ്ങിക്കേൾക്കാറുണ്ടായിരുന്ന ഒരു മരിയഗാനത്തിന്റെ ഈരടികളാണ് ഇത്. ഒരുകാലത്ത് ഏറെ ഭക്തിയോടും വണക്കത്തോടും കൂടിയായിരുന്നു മെയ്, മാതാവിനോടുള്ള വണക്കമാസമായി ആചരിച്ചുപോന്നിരുന്നത്. ഇക്കാരണത്താൽ മെയ്മാസം ഓരോ മരിയഭക്തന്റെയും ആത്മീയോത്സവകാലമാണെന്ന് പറയേണ്ടിവരും. അമലമനോഹരിയായ മാതാവിനോടുള്ള വണക്കത്തിനായി ഇതുപോലെ നീക്കിവച്ചിരിക്കുന്ന മറ്റൊരു മാസമില്ലല്ലോ?. മെയ്മാസ ദിവസങ്ങളിൽ മാതാവിന്റെ രൂപക്കൂട് മനോഹരമായി അലങ്കരിക്കാറുള്ളതും പാട്ടുപാടി മാതാവിനെ സ്തുതിച്ചിരുന്നതും വണക്കമാസ പ്രാർഥനയും സുകൃതജപവും ചൊല്ലിയിരുന്നതും മാസാവസാനം പാച്ചോർ ഉണ്ടാക്കിയിരുന്നതും ഒരു തലമുറയുടെ ഗൃഹാതുരത്വമുള്ള മരിയൻ സ്മൃതികളിൽ പെടുന്നവയാണ്.

ആദിമസഭയിൽ മെയ് 15 പരിശുദ്ധ അമ്മയുടെ തിരുനാളായി ആചരിച്ചിരുന്നു. കൂടാതെ മെയ് 31 നാണ് മാതാവിന്റെ സന്ദർശനതിരുനാൾ നാം ആചരിക്കുന്നതും. വിശുദ്ധഫിലിപ്പ് നേരി മെയ് മാസത്തിൽ മാതാവിന്റെ ചിത്രം പൂക്കൾകൊണ്ട് അലങ്കരിക്കുകയും സ്തുതിഗീതങ്ങൾ ആലപിക്കുകയും ചെയ്തിരുന്നതായും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ഇറ്റലിയിൽ നിന്നാണ് മെയ് മാസവണക്കത്തിന്റെ തുടക്കമെന്നാണ് ചരിത്രം. അവിടെ നിന്ന് അത് മറ്റുരാജ്യങ്ങളിലേക്ക് വ്യാപിക്കുകയായിരുന്നു. റോമിലെ ചില വിദ്യാർഥികളിൽ വ്യാപകമായിരുന്ന ധാർമ്മികാധപ്പതനങ്ങളിൽ ഖിന്നനായിരുന്ന, അവരുടെ അധ്യാപകൻ കൂടിയായ ഈശോസഭാവൈദികൻ ഫാ. ലറ്റോമിയയാണ് മെയ് മാസ വണക്കത്തിന് തുടക്കം കുറിച്ചതെന്നാണ് ഒരു പാരമ്പര്യം. തന്റെ വിദ്യാർഥികളെ മാതാവിന് സമർപ്പിച്ചുകൊണ്ട് അവരുടെ ജീവിതത്തെ നന്മയിലേക്ക് നയിക്കുക എന്നതായിരുന്നു അദ്ദേഹം ലക്ഷ്യമിട്ടിരുന്നത്. ആ വണക്കത്തിന്റെ ശക്തി തിരിച്ചറിഞ്ഞതിലൂടെ പിന്നീട് അത് മറ്റിടങ്ങളിലേക്ക് വ്യാപിക്കുകയായിരുന്നു.

1945 മുതല്ക്കാണ് ഔദ്യോഗികമായി സഭയിൽ മെയ്മാസവണക്കം ആരംഭിച്ചത്. പന്ത്രണ്ടാം പിയൂസ് മാർപാപ്പയാണ് അതിന് തുടക്കമിട്ടത്. പോൾ ആറാമൻ മാർപാപ്പ 1965 ഏപ്രിൽ 29 ന് പുറപ്പെടുവിച്ച മെൻസേ മേയോയിൽ മെയ് മാസ വണക്കത്തിന്റെ പ്രാധാന്യവും അതിലൂടെ ലഭിക്കുന്ന നിരവധിയായ ദൈവാനുഗ്രഹങ്ങളെയും കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.

മെയ് മാസവണക്കത്തിന്റെ അടിസ്ഥാനം ഒന്നുമാത്രമാണ്. നമുക്ക് പരിശുദ്ധ അമ്മയോടുള്ള സ്നേഹം, ദൈവമാതാവിനോടുള്ള ആദരവും കടപ്പാടും. കൃത്യമായും വ്യക്തമായും ലെയോ പതിനാലാമൻ പാപ്പ മരിയവണക്കത്തെ പുതുക്കിനിശ്ചയിച്ചിരിക്കുന്ന ഈ അവസരത്തിൽ വിഗ്രഹാരാധനയിലേക്ക് വഴുതിവീഴാതെ മരിയവണക്കവും ഭക്തിയും നിലനിർത്തിക്കൊണ്ടുപോകേണ്ടത് നമ്മുടെ കടമയാണ്. പുതിയ തലമുറയിൽ എവിടെയെങ്കിലും മെയ് മാസവണക്കത്തിന് മാന്ദ്യമോ അവഗണനയോ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ പഴയവിശ്വാസപാരമ്പര്യം പുനരുജ്ജീവിപ്പിക്കാൻ നമുക്കോരോരുത്തർക്കും ശ്രമിക്കാം. അമ്മയെ സ്നേഹിക്കാൻ പഠിപ്പിക്കുന്നവരെ പുത്രന് തള്ളിക്കളയാൻ കഴിയില്ലല്ലോ? മെയ് മാസറാണിയായ പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതത്തിലും ഹൃദയത്തിലും അമ്മ രാജ്ഞിയായി വാഴണമേ. ■

# മക്കൾക്ക് സംസാരിക്കാൻ മടിയാണോ?

ഫാമിലി കോർണർ



**മക്കളുടെ ഈ മൗനത്തിന് മനപ്പൂർവ്വമല്ലെങ്കിൽക്കൂടി മാതാപിതാക്കൾ കാരണക്കാരാണ് എന്നാണ് മന:ശാസ്ത്രം ആരോപിക്കുന്നത്. പേരന്റിംങിൽ സംഭവിക്കുന്ന വലിയൊരു പിഴവായിട്ടാണ് മനശ്ശാസ്ത്രജ്ഞർ ഇതിനെ കാണുന്നത്. മാതാപിതാക്കളുടെ അന്ധമായ വിധിയെഴുത്തലും കേൾക്കാതെയുള്ള വിധിയിടലും ഇതിൽ പ്രധാനപങ്കുവഹിക്കുന്നു. മക്കൾ എന്തെങ്കിലും കാര്യം പങ്കുവയ്ക്കാൻ സന്നദ്ധരായി വരുമ്പോൾ ഉടനെ ഉപദേശം നല്കുകയോ കുറ്റപ്പെടുത്തുകയോ താരതമ്യപ്പെടുത്തുകയോ ചെയ്യുന്നതാണ് നല്ലവഴിയെന്നാണ് ഭൂരിപക്ഷം മാതാപിതാക്കളും കരുതുന്നത്.**

മകന്റെ ജനനത്തോടെയാണ് ഭാര്യമരിച്ചത്. മകനാണ് തനിക്ക് ഭാര്യയെ നഷ്ടപ്പെടുത്തിയത് എന്നൊരു ചിന്ത അന്നുമുതല്ക്കേ അയാളുടെ മനസ്സിൽ കയറിക്കൂടിയിരുന്നു. അതുകൊണ്ടുതന്നെ മകനെ ആത്മാർത്ഥമായി സ്നേഹിക്കാൻ അയാൾക്കൊരിക്കലും കഴിഞ്ഞിരുന്നില്ല. മാത്രവുമല്ല കഠിനമായ ശിക്ഷകളും അയാൾ അവന് നല്കിയിരുന്നു. സഹപാഠികളുടെയും അധ്യാപകരുടെയും മുമ്പിൽവച്ചുപോലും മകനെ നാണംകെടുത്താനും ദ്രോഹിക്കാനും പോലീസു ഉദ്യോഗസ്ഥൻ കൂടിയായ അയാൾക്ക് മടിയുണ്ടായിരുന്നില്ല. പ്രതികളോട് പെരുമാറുന്ന വിധത്തിലായിരുന്നു മകനോടുള്ള പെരുമാറ്റവും.

കാലം കടന്നുപോകവെ ഇരുവരും തമ്മിൽ സംസാരിക്കുക പോലും ഇല്ലാതെയായി. ഒരേ വീട്ടിൽ അപരിചിതരെപോലെ.. അതിനിടയിൽ മകൻ പല തെറ്റായ കൂട്ടുകെട്ടുകളിലും കുടുങ്ങിപ്പോവുകയും ചെയ്തു. മകനെ തിരിച്ചുപിടിക്കാൻ അയാൾ ശ്രമിക്കുന്നുണ്ട്. പക്ഷേ അയാൾക്കത് സാധിക്കുന്നില്ല. ഇത്രയും കാലത്തിനിടയിൽ ഒരിക്കൽപോലും മകൻ അയാളെ അപ്പായെന്ന് വിളിക്കുന്നതുപോലുമില്ല. ഒടുവിൽ അനിവാര്യമായ ദുരന്തത്തിൽ തന്നെയാണ് അപ്പനും മകനും ചെന്നുചേരുന്നത്. മലയാളത്തിൽ അടുത്തകാലത്തിറങ്ങിയ ഒരു സിനിമയുടെ കഥയാണ് ഇത്.

ഇതുപോലെ തീവ്രമല്ലെങ്കിലും ഏറ്റക്കുറച്ചിലുകളോടെ ഇതേ സംഭവം നമ്മുടെ കുടുംബങ്ങളിലോ പരിസരത്തുള്ള കുടുംബങ്ങളിലോ കണ്ടുവരാറുണ്ട്. അതായത് മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തിൽ പരിഹരിക്കാൻ കഴിയാത്തവിധത്തിലുള്ള അകൽച്ച.. സംസാരമില്ലായ്മ!

എത്രയോ വീടുകളിൽ മക്കൾ അപ്പന്മാരോട് സംസാരിക്കുന്നില്ല! അപ്പായെന്ന് മകൻ ചെറുപ്രായത്തിൽ വിളിച്ചതിന്റെ ഓർമ്മയല്ലാതെ മറ്റൊന്നും ഇല്ലെന്ന പരിതപിക്കുന്ന ചില അപ്പന്മാരെ കണ്ടുമുട്ടാനിടയായിട്ടുണ്ട്. അപ്പൻ വീട്ടിലേക്ക് കയറിവരുമ്പോൾ സ്വന്തം മുറിയിലേക്ക് കയറിപ്പോവുക, അല്ലെങ്കിൽ വീട്ടിൽ നിന്ന് തന്നെ ഇറങ്ങിപ്പോകുക, അപ്പനോട് സ്വന്തം ആവശ്യങ്ങൾക്കല്ലാതെ സംസാരിക്കാതിരിക്കുക ഇങ്ങനെ പോകുന്ന പല പിതൃപുത്ര ബന്ധങ്ങളുമുണ്ട്. ഇതിന്റെ അടിസ്ഥാനമെന്താണെന്ന് ചോദിക്കുമ്പോൾ നാം കണ്ടെത്തുന്ന ഉത്തരം ഏതെങ്കിലും ഒരു ദിവസം കൊണ്ടല്ല മാതാപിതാക്കളും മക്കളും തമ്മിലുള്ള അകലം സംഭവിക്കുന്നത് എന്നാണ്. പല അനുഭവങ്ങൾകൂടിച്ചേർന്ന് ഒരു ദിവസം മുതൽ മക്കൾ മാതാപിതാക്കളോട് സംസാരിക്കാതെയാകുന്നു.

മക്കളുടെ ഈ മൗനത്തിന് മനപ്പൂർവ്വമല്ലെങ്കിൽക്കൂടി മാതാപിതാക്കൾ കാരണക്കാരാണ് എന്നാണ് മന:ശാസ്ത്രം ആരോപിക്കുന്നത്. പേരന്റിംങിൽ സംഭവിക്കുന്ന വലിയൊരു പിഴവായിട്ടാണ് മനശ്ശാസ്ത്രജ്ഞർ ഇതിനെ കാണുന്നത്. മാതാപിതാക്കളുടെ അന്ധമായ വിധിയെഴുത്തലും കേൾക്കാതെയുള്ള വിധിയിടലും ഇതിൽ പ്രധാനപങ്കുവഹിക്കുന്നു. മക്കൾ എന്തെങ്കിലും കാര്യം പങ്കുവയ്ക്കാൻ സന്നദ്ധരായി വരുമ്പോൾ ഉടനെ ഉപദേശം നല്കുകയോ കുറ്റപ്പെടുത്തുകയോ താരതമ്യപ്പെടുത്തുകയോ ചെയ്യുന്നതാണ് നല്ലവഴിയെന്നാണ് ഭൂരിപക്ഷം മാതാപിതാക്കളും കരുതുന്നത്.

പക്ഷേ അതൊരു തുടർക്കഥയാകുമ്പോൾ കുട്ടികൾക്ക് സുരക്ഷിതത്വബോധം നഷ്ടപ്പെടുകയാണെന്ന് പേരന്റ്സ് കൃത്യമായി മനസ്സിലാക്കുന്നില്ല. പക്ഷേ സംഭവിക്കുന്നത് അതാണ്. അതുപോലെ മാതാപിതാക്കൾ മക്കളുടെ വികാരത്തെ ചെറുതായി കാണിക്കുകയും ‘ഇത് ഒന്നുമല്ല,’ ’ഇത്രയ്ക്കൊന്നും നീ പറയേണ്ടതില്ല’ എന്ന രീതിയിൽ പ്രതികരിക്കുന്നതും തന്റെ വികാരങ്ങളെ മാതാപിതാക്കൾ പരിഗണിക്കുന്നില്ല എന്നൊരു തോന്നലിലേക്ക് മക്കൾ വഴിമാറാൻ മക്കളെ നിർബന്ധിതരാക്കും.

തുടർന്ന് പേരന്റ്സിനോട് തുറന്നു സംസാരിക്കാൻ മക്കൾ മടികാണിച്ചുതുടങ്ങും. കടുത്ത നിയന്ത്രണവും ഭയത്തിലൂടെയുള്ള വളർത്തലും കുട്ടികളെ പേരന്റ്സിൽ നിന്ന് അകറ്റുന്നുണ്ട്. ഭീഷണിപ്പെടുത്തി സത്യം പറയിക്കാനുള്ള ശ്രമങ്ങളും ഇതേഫലം തന്നെയാണ് സൃഷ്ടിക്കുന്നത്. ഇത്തരം സാഹചര്യങ്ങളിലെല്ലാം മക്കൾ പതുക്കെ മൗനത്തിലേക്ക് തിരിയും. സംസാരിക്കാതിരിക്കുന്നതാണ് പ്രശ്നങ്ങൾ ഒഴിവാകാനുള്ള കാരണമെന്ന എളുപ്പവഴിയിലേക്ക് അവർ എത്തിച്ചേരും. ക്രമേണ മക്കൾ മാതാപിതാക്കളോട് സംസാരിക്കാതെയാകും.

ഇതിനെന്താണ് പരിഹാരം? കുട്ടികൾ സംസാരിക്കുമ്പോൾ മുഴുവൻ ശ്രദ്ധയും കൊടുക്കുക. അവരുടെ വികാരങ്ങളെ അംഗീകരിക്കുക. ഉടനടി വിധിക്കാതെയിരിക്കുക. ആത്മവിശ്വാസം വളർത്തുക. ഞാൻ നിന്നെ കേൾക്കാനും അംഗീകരിക്കാനും തയ്യാറാണ് എന്നൊരു സന്ദേശം മാതാപിതാക്കൾ നല്കിത്തുടങ്ങുമ്പോൾ മക്കളുടെ മൗനം സംസാരത്തിലേക്ക് വഴിമാറും. കുട്ടികൾ മിണ്ടാതെയായിത്തുടങ്ങുന്നത് ഒരു പ്രശ്നമല്ല സൂചനയാണെന്ന് മാത്രം മനസ്സിലാക്കുക. ■

# പാത്രിയാർക്കൽ, മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകളിലെ സ്ഥിരം സിനഡ് : രൂപീകരണവും ചുമതലകളും

CANON LAW

റവ. ഡോ. ജോസഫ് മറ്റത്തിൽ

പൗരസ്ത്യ കത്തോലിക്കാസഭകൾക്ക്, പ്രത്യേകിച്ച് പാത്രിയാർക്കൽ, മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയുള്ള സഭകൾക്ക്, സവിശേഷമായ ഒരു ഭരണസംവിധാനമാണ് പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത (CCEO) വിഭാവനം ചെയ്യുന്നത്. ഈ സംവിധാനത്തിൽ സഭയുടെ ഭരണ കാര്യങ്ങളിൽ സുപ്രധാനമായ സ്ഥാനമാണ് സ്ഥിരം സിനഡിന് (Permanent Synod) ഉള്ളത്. പ്രധാന സഭാവിഷയങ്ങൾ ചർച്ചചെയ്യാൻ ഇടയ്ക്കിടെ കൂടുന്ന മെത്രാന്മാരുടെ സിനഡിൽനിന്ന് വ്യത്യസ്തമായി, ദൈനംദിന ഭരണകാര്യങ്ങളിൽ സഭാതലവനെ സഹായിക്കുന്ന ഒരു സ്ഥിരസമിതിയാണിത്. സഭാനടത്തിപ്പിൽ പാത്രിയർക്കീസിനോടോ മേജർ ആർച്ചുബിഷപ്പിനോടോ ചേർന്നു പ്രവർത്തിക്കുന്ന മെത്രാന്മാരുടെ ഒരു സംഘാതസമിതിയാണിത്. ഭരണകാര്യങ്ങളിൽ ഉപദേശങ്ങളും അഭിപ്രായങ്ങളും കൊടുത്തു പാത്രിയർക്കീസിനെയോ മേജർ ആർച്ചുബിഷപ്പിനെയോ സഹായിക്കുന്ന സമിതിയാണ് സ്ഥിരം സിനഡ്. സഭാസംബന്ധമായ പല കാര്യങ്ങളും നിയമാനുസൃതം ചെയ്യുന്നതിന് പാത്രിയർക്കീസ് അല്ലെങ്കിൽ മേജർ ആർച്ചുബിഷപ് സ്ഥിരം സിനഡിന്റെ സമ്മതമോ (consent) കൂടിയാലോചനയോ (counsel) ആവശ്യമായ കാര്യങ്ങളിൽ വാങ്ങേണ്ടതാണ് എന്ന് പൗരസ്ത്യ കാനൻ നിയമസംഹിതയിൽ പറഞ്ഞിട്ടുണ്ടോ അവയല്ലാം പാലിക്കാൻ ഈ അധികാരികൾ കടപ്പെട്ടവരാണ്. ബിഷപ്പുമാരുടെ സിനഡ് (Synod of Bishops) കൃത്യമായ ഇടവേളകളിൽ കൂടുന്ന പ്രധാന നിയമ നിർമാണ സഭയാണെങ്കിൽ, സ്ഥിരം സിനഡ് വർഷം മുഴുവൻ പ്രവർത്തിക്കുകയും സഭാഭരണത്തിൽ തുടർച്ച ഉറപ്പാക്കുകയും ചെയ്യുന്നു. അധികാരം കേവലം ശ്രേണീപരമായല്ല, മറിച്ച് മെത്രാന്മാരുടെ കൂട്ടായ ആലോചനയിലൂടെയും സഹകരണത്തിലൂടെയുമാണ് നടപ്പിലാക്കേണ്ടതെന്ന പൗരസ്ത്യസഭകളുടെ സിനഡൽ പാരമ്പര്യത്തെ ഇത് ഉയർത്തിപ്പിടിക്കുന്നു.

കത്തോലിക്കാ പൗരസ്ത്യ സഭാനിയമാവലിയിലെ CCEO c. 115 അനുസരിച്ച് സവിശേഷമായ രീതിയിലാണ് സ്ഥിരം സിനഡിന്റെ ഘടന നിശ്ചയിച്ചിരിക്കുന്നത്. അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ഈ സമിതിയുടെ അധ്യക്ഷൻ പാത്രിയർക്കീസോ അല്ലെങ്കിൽ മേജർ ആർച്ചുബിഷപ്പോ ആണ്. അദ്ദേഹത്തെക്കൂടാതെ അഞ്ച് വർഷത്തെ നിശ്ചിത കാലാവധിയിലേക്ക് നിയോഗിക്കപ്പെടുന്ന നാല് മെത്രാന്മാരാണ് ഇതിൽ അംഗങ്ങളായിരിക്കുന്നത്. ഈ നാല് മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതിലും കൃത്യമായ മാനദണ്ഡങ്ങൾ നിയമം അനുശാസിക്കുന്നുണ്ട്. അംഗങ്ങളിൽ മൂന്നുപേരെ ബിഷപ്പുമാരുടെ സിനഡ് തിരഞ്ഞെടുക്കുമ്പോൾ, നാലാമത്തെ അംഗത്തെ പാത്രിയർക്കീസോ മേജർ ആർച്ചുബിഷപ്പോ നേരിട്ടു നിയമിക്കുകയാണ് ചെയ്യുന്നത്. കൂടാതെ, തിരഞ്ഞെടുക്കപ്പെട്ട മെത്രാന്മാരിൽ ചുരുങ്ങിയത് രണ്ടുപേരെങ്കിലും രൂപതാ മെത്രാന്മാരായിരിക്കണം (Eparchial Bishops) എന്നത് നിർബന്ധമാണ്. സിനഡിന്റെ പ്രവർത്തനങ്ങളിൽ തടസ്സമില്ലാത്ത തുടർച്ച ഉറപ്പാക്കുന്നതിനായി, അംഗങ്ങൾക്ക് പങ്കെടുക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പകരം വരാനായി നാല് പകരക്കാരെയും (Substitutes) മെത്രാന്മാരുടെ സിനഡ് മുൻകൂട്ടി നിശ്ചയിക്കുന്നു. ഈ ക്രമീകരണം വഴി സ്ഥിരം സിനഡിന്റെ ഭരണം എപ്പോഴും സുഗമമായി മുന്നോട്ടു പോകുന്നു.

സ്ഥിരം സിനഡ് വിളിച്ചുകൂട്ടാനുള്ള ഉത്തരവാദിത്തം പാത്രിയർക്കീസിനോ മേജർ ആർച്ചുബിഷപ്പിനോ ആണ് (CCEO c 116 §1). അദ്ദേഹം തന്നെയായിരിക്കും അധ്യക്ഷൻ. സഭാതലവന് പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, പകരക്കാരനെ ഉൾപ്പെടുത്തി അംഗസംഖ്യ അഞ്ചായി നിലനിർത്തിയ ശേഷം മെത്രാൻപട്ടം സ്വീകരിച്ച സീനിയോറിറ്റി അനുസരിച്ച് ഏറ്റവും മുതിർന്ന മെത്രാൻ അധ്യക്ഷത വഹിക്കും. ഏതെങ്കിലും അംഗത്തിന്റെ വ്യക്തിപരമായ കാര്യങ്ങളോ അദ്ദേഹത്തിന്റെ രൂപതയോ ഓഫീസോ സംബന്ധിച്ച കാര്യങ്ങളോ ആണ് ചർച്ച ചെയ്യുന്നതെങ്കിൽ, ആ മെത്രാന്റെ ഭാഗം കേൾക്കുമെങ്കിലും അദ്ദേഹം തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കാളിയാവില്ല.

സ്ഥിരം സിനഡിന്റെ നടപടിക്രമങ്ങളിലും വോട്ടെടുപ്പ് രീതികളിലും തികഞ്ഞ സുതാര്യതയും കൂട്ടായ ഉത്തരവാദിത്തവും ഉറപ്പാക്കാൻ പൗരസ്ത്യ സഭാനിയമാവലി കർശനമായ നിർദേശങ്ങൾ നൽകുന്നുണ്ട്. CCEO c 117 അനുസരിച്ച്, സിനഡിന്റെ തീരുമാനങ്ങളിൽ അധ്യക്ഷനും പങ്കെടുത്ത എല്ലാ അംഗങ്ങളും ഒപ്പിടേണ്ടത് അനിവാര്യമാണ്. ഇത് എടുത്ത തീരുമാനങ്ങൾ മെത്രാന്മാരുടെ ഒരു സംഘാതസമിതിയുടെ കൂട്ടായ ബോധ്യമാണെന്ന് വ്യക്തമാക്കുന്നു. വ്യക്തികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ വോട്ടെടുപ്പ് രഹസ്യമായിരിക്കണമെന്ന് കാനൻ 118 നിഷ്കർഷിക്കുന്നു; എന്നാൽ മറ്റ് ഏത് വിഷയത്തിലായാലും ഒരു അംഗമെങ്കിലും ആവശ്യപ്പെട്ടാൽ വോട്ടെടുപ്പ് രഹസ്യമായി തന്നെ നടത്തേണ്ടതാണ്. ഇത് അംഗങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തെയും വോട്ടെടുപ്പിന്റെ വിശ്വാസ്യതയെയും സംരക്ഷിക്കുന്നു.

സഭാനിയമങ്ങൾ അനുശാസിക്കുന്ന വിവിധ ഭരണപരമായ കാര്യങ്ങളിൽ പാത്രിയർക്കീസിനോ മേജർ ആർച്ചുബിഷപ്പിനോ തീരുമാനമെടുക്കുന്നതിന് മുൻപ് സ്ഥിരം സിനഡിന്റെ സമ്മതമോ അല്ലെങ്കിൽ ആലോചനയോ തേടേണ്ടത് സഭയുടെ കൂട്ടായ ഭരണശൈലിയുടെ ഭാഗമാണ്. സഭയുടെ പൊതുവായ ബിഷപ്പുമാരുടെ സിനഡ് നടക്കുമ്പോഴാണ് ഇത്തരമൊരു വിഷയം ഉയരുന്നതെങ്കിൽപ്പോലും കാനൻ 119 അനുസരിച്ച് അതിന്റെ തീരുമാനമെടുക്കാനുള്ള അധികാരം സാധാരണഗതിയിൽ സ്ഥിരം സിനഡിൽ തന്നെ നിക്ഷിപ്തമായിരിക്കും. എന്നാൽ സഭാതലവൻ ഉചിതമെന്ന് കരുതുന്ന പക്ഷം, സ്ഥിരം സിനഡിന്റെ സമ്മതത്തോടെ അത്തരം വിഷയങ്ങൾ ബിഷപ്പുമാരുടെ സിനഡിന് കൈമാറാവുന്നതുമാണ്.

വർഷത്തിൽ ചുരുങ്ങിയത് രണ്ടുതവണയെങ്കിലും നിശ്ചിത സമയങ്ങളിൽ സ്ഥിരം സിനഡ് നിർബന്ധമായും സമ്മേളിക്കണമെന്ന് കാനൻ 120 വ്യക്തമാക്കുന്നു. ഇതിന് പുറമെ, സഭാതലവന് ആവശ്യമായി തോന്നുമ്പോഴോ നിയമപരമായി സിനഡിന്റെ അഭിപ്രായം തേടേണ്ട വിഷയങ്ങൾ ഉടലെടുക്കുമ്പോഴോ എപ്പോൾ വേണമെങ്കിലും സിനഡ് വിളിച്ചുകൂട്ടാവുന്നതാണ്. ഗുരുതരമായ കാരണങ്ങളാൽ ഇത്തരമൊരു സിനഡ് രൂപീകരിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ, ബിഷപ്പുമാരുടെ സിനഡ് ഈ വിവരം വത്തിക്കാനിലെ പൗരസ്ത്യ സഭകൾ കാര്യാലയത്തെ അറിയിക്കേണ്ടതുണ്ട്. ഇത്തരം അസാധാരണ സാഹചര്യങ്ങളിൽ, പാത്രിയർക്കീസിനോടൊപ്പം ചേർന്ന് തീരുമാനങ്ങളെടുക്കാൻ രണ്ട് മെത്രാന്മാരെ (ഇതിൽ ഒരാൾ രൂപതാ മെത്രാനായിരിക്കണം) സിനഡ് പ്രത്യേകം നിയോഗിക്കുന്നതാണ് (CCEO c 121).

ചുരുക്കത്തിൽ, പാത്രിയർക്കൽ, മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകളുടെ ഭരണക്രമത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ് സ്ഥിരം സിനഡ്. സഭാതലവനെ ദൈനംദിന ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിലൂടെ, പൗരസ്ത്യ സഭകളുടെ ആദിമകാലം മുതലുള്ള സവിശേഷതയായ 'സിനഡാലിറ്റി' അഥവാ കൂട്ടായ ഭരണശൈലിയാണ് ഇവിടെ പ്രാവർത്തികമാകുന്നത്. നിയമപരമായ കൃത്യതയോടെയുള്ള ഇതിന്റെ ഘടനയും സമ്മതം, ആലോചന തുടങ്ങിയ വ്യക്തമായ പ്രവർത്തനശൈലികളും സഭാഭരണത്തിൽ സുതാര്യതയും പങ്കാളിത്തവും ഉറപ്പാക്കുന്നു. അധികാരം കേവലം ഒരാളിൽ കേന്ദ്രീകരിക്കപ്പെടാതെ, മെത്രാന്മാരുടെ കൂട്ടായ്മയിലൂടെയും പരസ്പരമുള്ള ആലോചനകളിലൂടെയും സഭയുടെ നന്മയ്ക്കായി വിനിയോഗിക്കപ്പെടുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് ഈ സംവിധാനം. ചുരുക്കത്തിൽ, സഭയുടെ അച്ചടക്കവും ആത്മീയ ദൗത്യവും പരിരക്ഷിക്കുന്നതിനും സഭാംഗങ്ങൾക്കിടയിൽ ഐക്യവും കൂട്ടായ്മയും നിലനിർത്തുന്നതിനും സ്ഥിരം സിനഡ് ഒരു സുപ്രധാന ചാലകശക്തിയായി നിലകൊള്ളുന്നു. ■

# ഭാവി ജനിപ്പിക്കുന്ന വിശ്വസ്തത: വൈദികജീവിതത്തിന്റെയും പരിശീലനത്തിന്റെയും നവദർശനം

പ്രബോധനപാത

ഡോ. റോബി കൂന്താനിയിൽ

2025 ഡിസംബർ എട്ടാം തീയതി ലെയോ പതിനാലാമൻ പാപ്പ സാർവ്വത്രികസഭയ്ക്കായി നല്കിയ ഭാവിയെ ജനിപ്പിക്കുന്ന വിശ്വസ്തത (A Fideltiy that Generates the Future) എന്ന അപ്പസ്തോലിക ലേഖനം സമകാലിക ലോകത്ത് പൗരോഹിത്യശുശ്രൂഷയെ പുനർനിർവ്വചിക്കുന്ന ഒരു പ്രവാചകശബ്ദമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വജ്ര ജൂബിലിവേളയിൽ പുറപ്പെടുവിച്ച ഈ അപ്പസ്തോലികലേഖനം ആധുനികലോകത്ത് വൈദികർക്ക് തങ്ങളുടെ വിളിയും ദൗത്യവും ആഴപ്പെടുത്താനുള്ള വഴികാട്ടിയാണ്. സഭയുടെ ഭാവിയും പൗരോഹിത്യത്തിന്റെ ഭാവിയും പൗരോഹിത്യവിശ്വസ്തതയിൽ അധിഷ്ഠിതമാണെന്ന് ഈ രേഖ സമർത്ഥിക്കുന്നു.

സഭയുടെ നവീകരണം വൈദികരുടെ ആത്മീയനവീകരണത്തെ ആശ്രയിച്ചിരിക്കുന്നു എന്ന സത്യം പാപ്പാ ഇവിടെ അടിവരയിടുകയാണ്. പൗരോഹിത്യ പരിശീലനവും പൗരോഹിത്യജീവിതവും വിശ്വസ്തത എന്ന മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. വിശ്വസ്തത എന്നത് മാറ്റമില്ലാത്ത അവസ്ഥയല്ല, മറിച്ച് ഭാവിയെ സൃഷ്ടിക്കുന്ന സർഗാത്മകമായജീവിതമാണ്. വിശ്വസ്തത എന്നത് ദൈവകൃപയും മാനസാന്തരത്തിന്റെ നിരന്തരയാത്രയുമാണ്.

## 1. വിശ്വസ്തതയും ശുശ്രൂഷയും

പൗരോഹിത്യ വിളി ക്രിസ്തുവുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ചയിൽ നിന്ന് തുടങ്ങുന്നതാണ്. ഗലീലി കടൽത്തീരത്ത് പത്രോസിനോട് ചോദിച്ച 'നീ എന്നെ സ്നേഹിക്കുന്നുവോ?' എന്ന ചോദ്യം ഓരോ വൈദികനും അനുദിനം അഭിമുഖീകരിക്കണം. ഒരു വൈദികൻ ഇടയൻ ആകുന്നതിന് മുൻപ് ക്രിസ്തുവിന്റെ ശിഷ്യനാണെന്ന സത്യം മറക്കരുത്. വൈദികപരിശീലനം സെമിനാരിയിൽ അവസാനിക്കുന്നില്ല. അത് ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന മാനുഷികവും ആത്മീയവും ബൗദ്ധികവുമായ നവീകരണ പ്രക്രിയയാണ്. സെമിനാരി പരിശീലനം കേവലം പഠനമല്ല, മറിച്ച് യേശുവിനെപ്പോലെ സ്നേഹിക്കാൻ പഠിക്കുന്ന കളരി ആണ്. വൈദികൻ ജനങ്ങളെ ക്രിസ്തുവിലേക്ക് നയിക്കുന്ന പാലം ആയിരിക്കണം. ഇതിനായി മാനുഷികമായ പക്വതയും ആത്മീയമായ ദൃഢതയും ഒന്നുപോലെ സമ്മേളിക്കണം.

## 2. വിശ്വസ്തതയും സാഹോദര്യവും

വൈദിക സാഹോദര്യം എന്നത് വെറും ഒരു സൗഹൃദമല്ല, മറിച്ച് തിരുപ്പട്ടം എന്ന കൂദാശയിലൂടെ ലഭിക്കുന്ന സവിശേഷമായ ഒരു ദാനമാണ്. ഒരു വൈദികന് രണ്ട് തരം സാഹോദര്യങ്ങൾ ഉണ്ട്. ഒന്നാമതായി, മാമ്മോദീസാ വഴി എല്ലാ വിശ്വാസികളുമായും ഉള്ള സാഹോദര്യം. രണ്ടാമതായി, മെത്രാനുമായും സഹവൈദികരുമായും കൂദാശ വഴിയുള്ള സാഹോദര്യം. വ്യക്തിവാദത്തെ സാഹോദര്യത്തിന് എതിരായ വലിയൊരു അപകടമായി പാപ്പാ ചൂണ്ടികാണിക്കുന്നു. ക്രിസ്തീയശുശ്രൂഷയിൽ വ്യക്തിവാദത്തിന് സ്ഥാനമില്ല. വൈദികർ തമ്മിലുള്ള സ്നേഹവും സഹകരണവും സുവിശേഷ പ്രഘോഷണത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നു.

## 3. വിശ്വസ്തതയും സിനഡാലിറ്റിയും

അധികാരത്തിന്റെ ഏകപക്ഷീയമായ ശൈലിയിൽ നിന്ന് പങ്കാളിത്തത്തിന്റെ സിനഡൽ ശൈലിയിലേക്ക് വൈദികർ മാറണം. അല്മായരുടെ കൃപാവരങ്ങളെ തിരിച്ചറിയുകയും അവരെ സഭാദൗത്യത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നത് വൈദികശുശ്രൂഷയെ ലഘൂകരിക്കുക മാത്രമല്ല, അത് കൂടുതൽ ഫലപ്രദമാക്കുകയും ചെയ്യുന്നു. വൈദികൻ ക്രിസ്തുവിനോട് സാദൃശ്യപ്പെടുന്നത് മറ്റുള്ളവർക്ക് മേൽ അധികാരം പ്രയോഗിക്കാനല്ല, മറിച്ച് ശുശ്രൂഷിക്കാനാണ്. സഭയിലെ ശുശ്രൂഷകൾ ഒരാളിൽ മാത്രം കേന്ദ്രീകരിക്കുന്ന രീതിയിൽ നിന്ന് മാറി, എല്ലാവരെയും ഉൾക്കൊള്ളുന്ന ശൈലിയിലേക്ക് മാറണം.

## 4. വിശ്വസ്തതയും പ്രേഷിതദൗത്യവും

തന്നിലേക്ക് തന്നെ ചുരുങ്ങുന്ന വൈദികൻ പ്രേഷിത ചൈതന്യമില്ലാത്തവനായി മാറുന്നു. ജനങ്ങൾക്കായി തന്നെത്തന്നെ നൽകുന്നതിലൂടെയാണ് വൈദികൻ തന്റെ യഥാർത്ഥ സ്വത്വം കണ്ടെത്തുന്നത്. കാര്യക്ഷമതാവാദത്തിന്റെ കെണിയിൽ വീഴാതെയും നിഷ്ക്രിയരാകാതെയും, അജപാലന സ്നേഹത്താൽ ഉത്തേജിതനായി സുവിശേഷം പ്രസംഗിക്കണം. എളിമയുള്ളതും ലളിതവുമായ ജീവിതത്തിലൂടെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ വൈദികർക്ക് സാധിക്കണം.

## ഉപസംഹാരം: വിശ്വസ്തതയും ഭാവിയും

വൈദിക ദൈവവിളികളുടെ കുറവ് പരിഹരിക്കാനും പ്രത്യാശയോടെ ഭാവിയെ നേരിടാനും പാപ്പാ ആഹ്വാനം നല്കുന്നു. ദൈവവിളികളുടെ കുറവിൽ ഭയപ്പെടാതെ, സഭയിൽ ഒരു പുതിയ പെന്തക്കുസ്തയ്ക്കായി പ്രാർഥിക്കണം. യുവജനങ്ങൾക്ക് മുന്നിൽ സുവിശേഷത്തിന്റെ ധീരമായ നിർദ്ദേശങ്ങൾ വെക്കാൻ വൈദികർക്ക് കഴിയണം. വിശുദ്ധ ജോൺ മരിയ വിയാനിയെപ്പോലെ, ക്രിസ്തുവിന്റെ ഹൃദയത്തിലെ സ്നേഹമായി സ്വയം സമർപ്പിച്ച് സഭയുടെ ഭാവി പ്രകാശപൂർണ്ണമാക്കാൻ വൈദികർക്ക് സാധിക്കണം. ■

# ഹിസ്ട്രിയോണിക് പേഴ്സണാലിറ്റി ഡിസോർഡർ

മെന്റൽ ഹെൽത്ത് കോർണർ

**റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ**



ഹിസ്ട്രിയോണിക് വ്യക്തിത്വവൈകല്യം ഉള്ളവർക്ക് എപ്പോഴും മറ്റുള്ളവരുടെ ശ്രദ്ധയും അംഗീകാരവും നേടാനുള്ള ശക്തമായ ആവശ്യം ഉണ്ടാകും. അവർ പലപ്പോഴും നാടകീയമായ രീതിയിൽ പെരുമാറുകയും വികാരങ്ങൾ അതിശയിപ്പിച്ച് പ്രകടിപ്പിക്കുകയും ചെയ്യും. ലൈംഗിക ആകർഷണമുള്ള വസ്ത്രധാരണങ്ങളും ചേഷ്ടകളും പ്രദർശിപ്പിക്കുന്നതിനും ഇവർ ശ്രമിക്കാറുണ്ട്. തെറ്റായ തീരുമാനങ്ങളെ തുടർന്ന് ഇവർ പലപ്പോഴും പ്രശ്നങ്ങളിൽ അകപ്പെടാറുണ്ട്.

### ലക്ഷണങ്ങൾ

നിയന്ത്രിക്കാൻ കഴിയാത്ത ദേഷ്യവും വാശിയും പലപ്പോഴും കാണിക്കുന്നു. തനിച്ചായിപ്പോകുമെന്ന ഭയം, അങ്ങേയറ്റം ആശ്രയമനോഭാവം ഇവരിൽ കാണാവുന്നതാണ്. സ്ഥിരതയില്ലാത്ത സ്വഭാവം ഇവർ പ്രദർശിപ്പിക്കുന്നു. ഒരിക്കൽ പറഞ്ഞ കാര്യങ്ങൾ അടുത്ത നിമിഷം മാറ്റിപ്പറയും. കള്ളം പറയുന്നതിലും അത് സത്യമാണെന്ന് സമർത്ഥിക്കുന്നതിലും അതീവനിപുണരാണ്. എന്ത് കാര്യങ്ങളും അതിശയോക്തിയോടുകൂടി ചെയ്ത് അവതരിപ്പിക്കുക, സാഹചര്യങ്ങളെയും സംഭവങ്ങളെയും സ്വയം ഉണ്ടാക്കിയെടുത്ത് ഭാവനയിൽ കണ്ട് അതാണ് സത്യം എന്ന് വിശ്വസിക്കുകയും മറ്റുള്ളവരെ അത് വിശ്വസിപ്പിക്കുവാനുള്ള ശ്രമം നടത്തുകയും ചെയ്യുക എന്നിവ ഇവരുടെ പ്രത്യേകതകളാണ്. സ്വന്തം കാര്യസാധ്യത്തിനുവേണ്ടി എന്തും ചെയ്യാനുള്ള മനോഭാവം, ശ്രദ്ധയും പരിഗണനയും കിട്ടുന്നതിനുവേണ്ടി അസുഖം ഭാവിക്കൽ, ആത്മഹത്യ ചെയ്യുമെന്ന ഭീഷണി തുടങ്ങിയവയും പ്രകടിപ്പിക്കാറുണ്ട്. ഇവരുടെ സ്വഭാവം എപ്പോഴാണ് മാറുക എന്ന് പ്രവചിക്കുക സാധ്യമല്ല. വളരെ സന്തോഷത്തോടെ സംസാരിച്ചിരിക്കും. അടുത്ത നിമിഷം യാതൊരു പ്രകോപനവും കൂടാതെ പൊട്ടിത്തെറിച്ച് സംസാരിക്കും, മറ്റുള്ളവരോട് പുറംമോടിയിലുള്ള വികാരപ്രകടനങ്ങളായിരിക്കും പ്രകടിപ്പിക്കുന്നത്.

സ്വന്തം പരാധീനതകളും കുറവുകളും കൊണ്ടുണ്ടാകുന്ന വീഴ്ചകൾ മറ്റുള്ളവരുടെ തലയിൽ കെട്ടിവയ്ക്കുന്നതിൽ ഇവർ തല്പരരാണ്. കാര്യസാധ്യത്തിനായി വ്യക്തിബന്ധങ്ങൾ നന്നായി വളർത്തിയെടുക്കാൻ ഇവർക്കാകും. അവരുടെ സൗഹൃദത്തിന് വ്യക്തമായ ചില ഉദ്ദേശ്യങ്ങൾ ഉണ്ടാകും. കാര്യങ്ങൾ വിശകലനം ചെയ്യുന്നതിൽ കൂർമ്മബുദ്ധി കാണിക്കും. പക്ഷേ അവരുടെ താൽപര്യമനുസരിച്ചാകും പലപ്പോഴും വിശകലനം എന്നുമാത്രം.

### കാരണങ്ങൾ

ഈ വൈകല്യത്തിന് ഒരു കാരണം മാത്രമല്ല പല കാരണങ്ങളുണ്ട്. പാരമ്പര്യവും പരിസ്ഥിതിപരവുമായ ഘടകങ്ങൾ, ബാല്യകാലത്ത് ശ്രദ്ധ കിട്ടാതിരിക്കൽ, അതുപോലെ തന്നെ കുട്ടിക്കാലത്ത് നാടകീയ സ്വഭാവങ്ങൾക്ക് അമിതമായ പ്രോത്സാഹനം കൊടുക്കൽ, മാനസിക ഘടകങ്ങളുടെ തലത്തിൽ ആത്മവിശ്വാസക്കുറവ്, അംഗീകരിക്കപ്പെടുന്നതിനുള്ള അതിയായ ആവശ്യം, മാതാപിതാക്കളുടെ അസ്വാഭാവികമായ പെരുമാറ്റമാതൃകകൾ തുടങ്ങിയവ ഇത്തരം ഡിസോർഡറിനും പലപ്പോഴും കാരണമാകുന്നു.

### മന:ശാസ്ത്ര സമീപനങ്ങൾ

ഇത്തരം വൈകല്യങ്ങൾക്ക് രോഗനിർണ്ണയം ചെയ്യപ്പെടുന്ന വ്യക്തികൾക്ക് വികാരങ്ങളെ നിയന്ത്രിക്കാനും യഥാർഥബന്ധങ്ങൾ രൂപപ്പെടുത്താനും സ്വയം അവബോധം വർദ്ധിപ്പിക്കാനും കൊഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി (CBT) പ്രയോജനപ്പെടുത്താം. ഇത്തരം പേഴ്സണാലിറ്റി വൈകല്യത്തിന് ഔഷധ ചികിത്സയില്ല. എന്നാൽ ഇതിനോടൊപ്പം (Commorbidtiy) അമിതമായ ഉത്കണ്ഠ, വിഷാദരോഗം തുടങ്ങിയവ രോഗനിർണ്ണയം ചെയ്യപ്പെടുകയാണെങ്കിൽ മനോരോഗവിദഗ്ധന്റെ സഹായം ആവശ്യമാണ്. ■

**ഇത്തരം വൈകല്യങ്ങൾക്ക് രോഗനിർണ്ണയം ചെയ്യപ്പെടുന്ന വ്യക്തികൾക്ക് വികാരങ്ങളെ നിയന്ത്രിക്കാനും യഥാർഥബന്ധങ്ങൾ രൂപപ്പെടുത്താനും സ്വയം അവബോധം വർദ്ധിപ്പിക്കാനും കൊഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി പ്രയോജനപ്പെടുത്താം. ഇത്തരം പേഴ്സണാലിറ്റി വൈകല്യത്തിന് ഔഷധ ചികിത്സയില്ല. എന്നാൽ ഇതിനോടൊപ്പം അമിതമായ ഉത്കണ്ഠ, വിഷാദരോഗം തുടങ്ങിയവ രോഗനിർണ്ണയം ചെയ്യപ്പെടുകയാണെങ്കിൽ മനോരോഗവിദഗ്ധന്റെ സഹായം ആവശ്യമാണ്.**

# മൈലാപ്പൂർ: മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശുദ്ധസ്ഥലം

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

**റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ**

തോമാശ്ലീഹാ തെക്കേ ഇന്ത്യ മുഴുവൻ നിർബാധം യാത്ര ചെയ്തു. അന്നത്തെ പരിമിതമായ സൗകര്യങ്ങളൊന്നും ദൈവരാജ്യപ്രഘോഷണത്തിന് അദ്ദേഹത്തിന് തടസമായിരുന്നില്ല. മറ്റ് അപ്പസ്തോലന്മാരുടെയും സ്ഥിതി അക്കാലത്ത് വ്യത്യസ്തമായിരുന്നില്ല. വിശുദ്ധ പൗലോസിന്റെ പല ലേഖനങ്ങളിലും ഇക്കാര്യം കാണാവുന്നതാണ്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറും തെക്കു കിഴക്കും തീരപ്രദേശങ്ങളിലാണ് തോമസ് പ്രധാനമായും തന്റെ രണ്ടാം പ്രേഷിതയാത്രയിൽ സുവിശേഷം പ്രഘോഷിച്ചത്. 'തോമായുടെ നടപടികളി'ൽ നിന്നും ഇക്കാര്യം മനസ്സിലാക്കാൻ സാധിക്കും.

സാൻതോം മൈലാപ്പൂർ, സെന്റ് തോമസ് മൗണ്ട്, ചിന്നമല എന്നിങ്ങനെ തെക്കു കിഴക്കൻ പ്രദേശത്തെ മൂന്നു പ്രധാനസ്ഥലങ്ങളാണ് തോമസിന്റെ രക്തസാക്ഷിത്വവും കബറിടവുമായി ബന്ധപ്പെട്ട് ഇന്ന് കാണാനുള്ളത്. ഇവ മൂന്നും തമ്മിൽ വലിയ ബന്ധമുണ്ട്. അടുത്തടുത്ത സ്ഥലങ്ങളും ഇന്നത്തെ ചെന്നൈ പട്ടണത്തിന്റെ ഭാഗങ്ങളും ആണ്. വിദേശരാജ്യങ്ങളുമായി ഈ തീരപ്രദേശത്തിനും ഇതിലെ പട്ടണങ്ങൾക്കും പ്രത്യേകിച്ച് മൈലാപൂരിനും ബന്ധം ഉണ്ടായിരുന്നെങ്കിലും വിദേശികൾക്ക് കൂടുതൽ ബന്ധം മലബാർ തീരത്തുള്ള മുസിരിസ്, നിരണം, പുറക്കാട് എന്നിവയോട് ആയിരുന്നു. തെക്കു കിഴക്കൻ തീരപ്രദേശത്തെ ഏറ്റവും പ്രധാന പട്ടണം ആയിരുന്നതുകൊണ്ടാണ് മൈലാപ്പൂരിനെ 'കിഴക്കിന്റെ കവാടം' എന്ന് വിളിച്ചിരുന്നത്.



**സാൻതോം മൈലാപ്പൂർ, സെന്റ് തോമസ് മൗണ്ട്, ചിന്നമല എന്നിങ്ങനെ തെക്കു കിഴക്കൻ പ്രദേശത്തെ മൂന്നു പ്രധാനസ്ഥലങ്ങളാണ് തോമസിന്റെ രക്തസാക്ഷിത്വവും കബറിടവുമായി ബന്ധപ്പെട്ട് ഇന്ന് കാണാനുള്ളത്. ഇവ മൂന്നും തമ്മിൽ വലിയ ബന്ധമുണ്ട്. അടുത്തടുത്ത സ്ഥലങ്ങളും ഇന്നത്തെ ചെന്നൈ പട്ടണത്തിന്റെ ഭാഗങ്ങളും ആണ്. വിദേശരാജ്യങ്ങളുമായി ഈ തീരപ്രദേശത്തിനും ഇതിലെ പട്ടണങ്ങൾക്കും പ്രത്യേകിച്ച് മൈലാപൂരിനും ബന്ധം ഉണ്ടായിരുന്നെങ്കിലും വിദേശികൾക്ക് കൂടുതൽ ബന്ധം മലബാർ തീരത്തുള്ള മുസിരിസ്, നിരണം, പുറക്കാട് എന്നിവയോട് ആയിരുന്നു.**

മൈലാപ്പൂർ കൂടാതെ കിഴക്കൻ തീരപ്രദേശത്തെ മറ്റു പ്രധാന പട്ടണങ്ങൾ കാവേരി പട്ടണവും പുതുശ്ശേരിയും ആയിരുന്നു. തെക്ക് കാവേരി പട്ടണം മുതൽ വടക്ക് സുപട്ടണം (മൈലാപ്പൂർ) വരെ ക്രൈസ്തവരുടെ സാന്നിധ്യമുണ്ടായിരുന്നു എന്നാണ് അടുത്തകാലത്തെ പഠനങ്ങൾ തെളിയിക്കുന്നത്. തീരപ്രദേശങ്ങളിലെ പട്ടണങ്ങൾക്ക് വിദേശരാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്നതോടൊപ്പം ഇവ തമ്മിലും ധാരാളമായ കച്ചവട ബന്ധം ഉണ്ടായിരുന്നു. ഈ ബന്ധം കരമാർഗ്ഗവും കടൽമാർഗ്ഗവും സാധ്യമായിരുന്നു. മലബാർ ചോളമണ്ഡലം തീരപ്രദേശങ്ങളിൽ കണ്ടെത്തിയ റോമൻ സ്വർണ്ണനാണയങ്ങൾ ഇവയുടെ വൈദേശിക വാണിജ്യ ബന്ധം വ്യക്തമാക്കുന്നുണ്ട്. അതിനാൽ തോമാശ്ലീഹായുടെ ഈ പ്രദേശങ്ങളിലെ പട്ടണങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രേഷിത പ്രവർത്തനവും അനായാസമായിരുന്നു എന്നു വേണം കരുതാൻ. കച്ചവടക്കാരും യാത്രക്കാരും ഉപയോഗിച്ചിരുന്ന ഇത്തരം മാർഗങ്ങൾ ശ്ലീഹായും ഉപയോഗിച്ചിട്ടുണ്ട്. കാടുകളും മലകളും നദികളും കടന്നുള്ള യാത്ര അന്ന് അസാധാരണമായിരുന്നില്ല. കിഴക്കൻ തീരപ്രദേശത്തെ പ്രധാന പട്ടണമായ മൈലാപ്പൂരിൽ സംഭവിച്ച വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം ആ പട്ടണത്തെ മാർത്തോമാ ക്രിസ്ത്യാനികളുടെ വിശുദ്ധ സ്ഥലം ആക്കിതീർത്തു. ■

# മിഷൻ ചൈതന്യത്തിന്റെ ദീപ്തമുഖം

**മോൺ. പോൾ ചിറ്റിലപ്പിള്ളി സ്ഥാപിച്ച, മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലുള്ള സമർപ്പിത സമൂഹമാണ് കോൺഗ്രിഗേഷൻ ഓഫ് സമരിറ്റൻ സിസ്റ്റേഴ്സ് (CSS)**

1954-ൽ മുളയത്ത് ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമ്പോൾ രൂപതയിലെ വൈദികനും സെന്റ് തോമസ് കോളജ് ലക്ച്ചററുമായ ഫാ. പോൾ ചിറ്റിലപ്പിള്ളിക്ക് ഒരൊറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ, തൃശൂർ നഗരത്തിൽ അലഞ്ഞുനടന്നിരുന്ന അശരണരായ കുഷ്ഠരോഗികളെ പുനരധിവസിപ്പിച്ച് ചികിൽസിക്കുക. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനും രോഗികളുടെ പരിചരണത്തിനും ആയിട്ടാണ് 1961 ജനുവരി 25-ന് തൃശൂർ അതിരൂപതയിൽ സമരിറ്റൻ സിസ്റ്റേഴ്സിന്റെ സമൂഹം സ്ഥാപിതമായത്. 'നീയും പോയി അതുപോലെ ചെയ്യുക' (വി. ലൂക്ക.10/37). എന്ന ഈശോയുടെ ആഹ്വാനമാണ് സമരിറ്റൻ സന്യാസിനീ സമൂഹം സ്ഥാപിക്കാൻ മോൺ. പോൾ ചിറ്റിലപ്പിള്ളിക്ക് പ്രചോദനം നൽകിയത്.





നിരന്തരമായ ദൈവസാമീപ്യാവബോധത്തിലൂടെയും അവിടുന്നുമായുള്ള സ്നേഹസമ്പർക്കത്തിലൂടെയും ദൈവത്തിന്റെ കരുണാർദ്രസ്നേഹം അനുഭവിച്ചറിയുകയും അനുഭവിച്ചറിഞ്ഞ സ്നേഹം രോഗികൾക്കും പാവപ്പെട്ടവർക്കും ക്ലേശിതർക്കും പ്രത്യേകിച്ച് കുഷ്ഠരോഗികൾക്കും സ്നേഹനിർഭരമായ ശുശ്രൂഷയിലൂടെ പകർന്നുകൊടുക്കുകയും ചെയ്യുക എന്നതാണ് സമൂഹത്തിന്റെ കാരിസം. ശാരീരികവും മാനസികവും ആധ്യാത്മികവുമായി വേദന അനുഭവിക്കുന്നവരോടുള്ള കരുണയാണ് സമൂഹത്തിന്റെ ചൈതന്യം. പ്രാർഥനയും പ്രയത്നവും സമഞ്ജസമായി സമ്മേളിപ്പിച്ചു കൊണ്ടുപോകുക, മനുഷ്യന്റെ സമഗ്രവിമോചനം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾക്ക് എപ്പോഴും മുൻതൂക്കം നൽകുക, പിതാവായ ദൈവത്തിന്റെ കരുണയുടെ ഭാവം സ്വന്തമാക്കുക, ആവശ്യത്തിലിരിക്കുന്നവർ ആരായാലും അവരുടെ നല്ല അയൽക്കാരിയാകുക, കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ശുശ്രൂഷ മേഖലകളെ ക്രമപ്പെടുത്തുക, പ്രാദേശികസഭയുടെ ശുശ്രൂഷയ്ക്ക് സംലഭ്യരാകുക, വിശപ്പ്, വേദന, അജ്ഞത, അലസത തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ സദാ ജാഗ്രതയുള്ളവരായിരിക്കുക, മിഷനറി കോൺഗ്രിഗേഷൻ ആയതിനാൽ മിഷൻ പ്രവർത്തനങ്ങൾക്ക് എപ്പോഴും ശ്രദ്ധ കൊടുക്കുക എന്നിവ സഭാംഗങ്ങൾ ഏറ്റെടുത്തിരിക്കുന്ന സമർപ്പണ ജീവിതത്തിന്റെ പൈതൃക ഘടകങ്ങളാണ്. സന്യാസസമൂഹങ്ങൾ ഏർപ്പെട്ടിരിക്കുന്ന വ്യത്യസ്തമായ അപ്പസ്തോലിക പ്രവർത്തനമണ്ഡലങ്ങൾ പ്രധാനമായും ആശുപത്രികൾ, നഴ്സിങ് സ്കൂളുകൾ, നഴ്സിങ് കോളേജുകൾ, പ്രായാധിക്യമുള്ളവർക്കായുള്ള പരിചരണ കേന്ദ്രങ്ങൾ അനാഥാലയങ്ങൾ, നഴ്സറി സ്കൂൾ, ഡേ കെയർ സെന്ററുകൾ, ക്രാഫ്റ്റ് ആൻഡ് ടൈലറിംഗ് സെന്ററുകൾ, മാനസിക വൈകല്യമുള്ള കുഞ്ഞുങ്ങളുടെ സ്കൂളുകൾ, മാനസികരോഗികളുടെ പുനരധിവാസകേന്ദ്രങ്ങൾ, എയ്ഡ്സ് രോഗികൾക്കുള്ള സ്ഥാപനങ്ങൾ, പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലുകൾ, ഇവാഞ്ചലൈസേഷൻ, കൗൺസലിംഗ്, സ്ത്രീ ശക്തീകരണം, കുടുംബ പ്രേക്ഷിതത്വം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ എന്നിവയാണ്. 2001 ഡിസംബർ 14 ന് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ട ഈ സമൂഹത്തിൽ ഇന്ന് 430 സിസ്റ്റേഴ്സ് ഉണ്ട്.



കേരളം, തമിഴ്നാട്, ആന്ധ്ര, കർണാടക, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഒറീസ, ഝാർഖണ്ഡ്, പഞ്ചാബ്, ആസ്സാം എന്നീ സംസ്ഥാനങ്ങളിലും വിദേശത്ത് ജർമനിയിലും ഇറ്റലിയിലും ആയി 77 ശാഖാ ഭവനങ്ങളും ഒമ്പത് ശുശ്രൂഷ കേന്ദ്രങ്ങളും ഉണ്ട്. ■

# ഒരു മധുരപതിനേഴുകാരന്റെ ജീവിതം




**വിനായക് നിർമ്മൽ**

'എപ്പോഴും ദൈവത്തോട് ചേർന്നുനിൽക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കാരണം ദൈവത്തിനാണ് ഞാൻ എന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കുന്നത്.' പതിനേഴാം വയസിൽ അപ്രതീക്ഷിതമായി ഈ ലോകത്തിൽ നിന്ന് വിടപറഞ്ഞുപോയ ജോ വിൽസൺ എന്ന പതിനേഴുകാരന്റെ ഡയറിയിൽ നിന്ന് അവന്റെ മരണത്തിനുശേഷം കണ്ടെടുത്ത വരികളാണ് ഇത്. പതിനേഴാം ജന്മദിനം കഴിഞ്ഞ് അഞ്ചു ദിവസങ്ങൾക്കുശേഷം 2011 ഡിസംബർ 20-ന് വിഷാ ജനറൽ ആശുപത്രിയിൽ വച്ചായിരുന്നു ജോയുടെ അന്ത്യം. അപ്രതീക്ഷിതമായിട്ടായിരുന്നു അവന്റെ വിടവാങ്ങൽ. അതുകൊണ്ടുതന്നെ അവന്റെ വീട്ടുകാരെയും കൂട്ടുകാരെയും അവനെ അറിയാവുന്നവരെയും സംബന്ധിച്ച് ആ മരണം ഹൃദയഭേദകമായിരുന്നു.



അലൻ-വെറോനിക്ക വിൽസൺ ദമ്പതികളുടെ മകനായി 1994-ൽ നോർത്ത് ലാനാർക്ക്ഷിറെയിലെ കാർഫിനിലായിരുന്നു ജോയുടെ ജനനം. ഐറിഷ്, സ്കോട്ടീഷ് പാരമ്പര്യത്തിലുള്ള ഒരു കത്തോലിക്കാകുടുംബമായിരുന്നു അവന്റേത്. സ്കോട്ട്ലാന്റിലെ ദേശീയ മരിയൻ തീർഥാടനകേന്ദ്രമായ കാർഫിൻ ഗ്രോട്ടോയിലേക്ക് നടന്നുപോകാവുന്ന ദൂരമേ അവന്റെ വീട്ടിൽ നിന്നുണ്ടായിരുന്നുള്ളൂ. സ്കോട്ട്ലാന്റിലെ ലൂർദ് എന്നായിരുന്നു അത് അറിയപ്പെട്ടിരുന്നതും അവിടെ സ്ഥിരം സന്ദർശകനായിരുന്നു ജോ. ഹൃദയം തകരാറിലായതിനെതുടർന്ന് ജോ കോമായിൽ തുടരുമ്പോൾ അവനെ ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുവരാൻ നൂറുകണക്കിന് ആളുകളാണ് ആ ഗ്രോട്ടോയുടെ മുമ്പിൽ മെഴുകുതിരി കത്തിച്ച് പ്രാർഥനാപൂർവം നിന്നത്. മാതാവിനെപോലെ തന്നെ ജോയുടെ ഹൃദയം കീഴടക്കിയവളായിരുന്നു കൊച്ചുത്രേസ്യ. ലിസ്യുവിലെ ആ വിശുദ്ധപുഷ്പത്തിന്റെ ആത്മീയത ജോയെ ആകർഷിച്ചിരുന്നു. സമപ്രായക്കാരായ ചെറുപ്പക്കാരിൽ നിന്ന് തികച്ചും വ്യത്യസ്തനായിരുന്നു ജോ. വിശ്വാസകാര്യങ്ങളിൽ തീക്ഷ്ണതയുള്ള, സന്തോഷപ്രകൃതമുള്ള, പാർശ്വവൽക്കരിക്കപ്പെട്ടവരോടും ദരിദ്രരോടും അനുകമ്പയുള്ള ഒരു കൗമാരക്കാരൻ. അവനെക്കുറിച്ച് മറ്റുള്ളവർ പറയുന്നത് അങ്ങനെയാണ്. ക്ലാസിൽ ടീച്ചർ വിശുദ്ധരെക്കുറിച്ചു സംസാരിക്കുകയായിരുന്നു. അതിനു ശേഷം ടീച്ചർ വിദ്യാർഥികളോട് ചോദിച്ചു. ഇന്നത്തെ കാലത്ത് ഒരു വിശുദ്ധൻ എങ്ങനെയയായിരിക്കണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? അപ്പോൾ എല്ലാവരും വിരൽ ചൂണ്ടിയത് ജോയുടെ നേർക്കായിരുന്നു. അതായത് എല്ലാവരും അവൻ ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധജീവിതം നയിക്കുന്നവനാണെന്ന് മനസ്സിലാക്കിയിരുന്നു.

2010-ൽ ബെനഡിക്ട് പതിനാറാമൻ പാപ്പ സ്കോട്ട്ലാന്റ് സന്ദർശിക്കാനെത്തുന്നുവെന്ന വാർത്ത ജോയെ ഏറെ സന്തോഷിപ്പിച്ചു. അതേക്കുറിച്ച് അവൻ എഴുതിയത് ഇങ്ങനെയാണ്. 'പാപ്പ വരുമ്പോൾ അനേകം മാനസാന്തരം സംഭവിക്കാൻ വേണ്ടി ഞാൻ കൊന്തചൊല്ലി പ്രാർഥിച്ചു. ഈശോ അൾത്താരയിലുണ്ട്. അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് ഭൂമിയിൽ നമുക്ക് കഴിയുന്നത്ര അടുത്ത്. ലോകം പൂർണ്ണമാകില്ലെന്ന് എനിക്കറിയാം. അതുകൊണ്ടാണ് ഒരു വിശ്വാസിയായിരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നത്.'

യുദ്ധം മൂലം ദുരിതത്തിലായ, പട്ടിണിയിലായ, ലോകത്തിൽ നിന്ന് പുറത്താക്കപ്പെട്ട പീഡിപ്പിക്കപ്പെട്ട, സ്നേഹിക്കപ്പെടാത്ത എല്ലാ ആളുകളെയും കുറിച്ച് ചിന്തിക്കുക. ഭൂമിയിൽ നിർഭാഗ്യവാന്മാരിയി കണക്കാക്കപ്പെടുന്ന ഈ ആളുകളെല്ലാം സ്വർഗത്തിലെ ഏറ്റവും ഉയർന്ന സിംഹാസനങ്ങളിൽ ഇരിക്കുന്നുണ്ടെന്ന് എനിക്കു ഉറപ്പുണ്ട്. അത് എത്രത്തോളം ആശ്വാസകരമാണ്! ദൈവവുമായുള്ള ശക്തമായ ബന്ധം വ്യക്തമാക്കുന്നവയായിരുന്നു ജോയുടെ എഴുത്തുകൾ.

വോൾഫ് പാർക്കിൻസൺ വൈറ്റ് സിൻഡ്രോം എന്ന പൂർവ്വമായ ഹൃദയരോഗമായിരുന്നു ജോയുടെ മരണകാരണം കുർബാനയിൽ പങ്കെടുക്കുന്നതിനും പ്രാർഥിക്കുന്നതിനും മറ്റുള്ളവരെ ദൈവത്തിലേക്ക് അടുപ്പിക്കാനും ജോ കാണിച്ച ഉത്സാഹം അവൻ എത്രത്തോളം ദൈവത്തിന് പ്രിയപ്പെട്ടവനാണെന്ന് മനസ്സിലാക്കിയതുകൊണ്ടാവാം അപ്രതീക്ഷിതമായ ആ വിരഹം സഹിക്കാൻ അച്ഛനമ്മമാർക്കും അനിയത്തിയും തെല്ലെങ്കിലും ത്രാണിയുണ്ടായത്. അനുസ്മരണകുർബാനയിൽ മകനെക്കുറിച്ച് പറയാൻ വേണ്ടി പിതാവ് അവന്റെ സ്വകാര്യശേഖരം പരിശോധിച്ചപ്പോഴാണ് ആരും അറിയാതെ പതിനഞ്ചാം വയസുമുതൽ അവൻ എഴുതിസൂക്ഷിച്ചിരുന്ന ഡയറി കണ്ടെടുത്തത്. അത് ജോയുടെ ആത്മീയരഹസ്യങ്ങളിലേക്കുള്ള കവാടംതുറക്കലായിരുന്നു. ദൈവത്തെ അവൻ എന്തുമാത്രം സ്നേഹിച്ചിരുന്നുവെന്ന് അതിലൂടെയാണ് വ്യക്തമാക്കപ്പെട്ടത്. ഡോക്ടറാകാനാണ് ആഗ്രഹിച്ചിരുന്നതെന്നും എന്നാൽ പുരോഹിതനാകുക എന്നതാണ് തന്റെ ഇപ്പോഴത്തെ ലക്ഷ്യമെന്നും ജോ ഡയറിയിൽ എഴുതിയിട്ടുണ്ടായിരുന്നു.

2012-ൽ അവന്റെ ഡയറിയിൽ നിന്നുള്ള ചില ഭാഗങ്ങൾ കോർത്തെടുത്തുകൊണ്ട് അവൻ പഠിച്ച സ്കൂളിലെ ഹെഡ്മാസ്റ്റർ ഒരു ലഘുലേഖ പ്രസിദ്ധീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. ജോയുടെ വാക്കുകൾ എന്ന പേരിൽ അത് പ്രസിദ്ധീകരിച്ചു. അതുവായിച്ചതോടെയാണ് ജോ ഒരു അദ്ഭുതമായി മറ്റുള്ളവർക്കിടയിൽ വളർന്നത്. പലരും അവനോട് പ്രാർഥിക്കാനും മാധ്യസ്ഥം യാചിക്കാനും തുടങ്ങി. സഭയെന്താണ്, വിശുദ്ധരെന്താണ് എന്ന് അറിഞ്ഞുകൂടാത്തവർക്കുപോലും ആ വരികളിൽ വിശുദ്ധിയുടെ പരിമളം അനുഭവപ്പെട്ടു. മദർ വെൽ രൂപത ഇപ്പോൾ ജോയുടെ നാമകരണനടപടികളുടെ തുടക്കത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. തിരുസഭ അനുശാസിക്കുന്നവിധത്തിലുള്ള അദ്ഭുതങ്ങൾ ജോയുടെ മാധ്യസ്ഥതയിൽ സംഭവിച്ചുകഴിയുന്നതോടെ സ്കോട്ട്ലാന്റിലെ ചരിത്രത്തിലെ ആദ്യത്തെ മില്ലേനിയം വിശുദ്ധൻ എന്ന പേര് ജോ വിൽസൺന്റേതായിരിക്കും. ■

# സീറോമലബാർ സഭയുടെ വലിയ ഇടയ



കാക്കനാട്: മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ എഴുപതാം ജന്മദിനാഘോഷങ്ങൾ സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ 2026 ഏപ്രിൽ 21 നു നടന്നു. സഭാ ആസ്ഥാനത്ത് രാവിലെ സഭാകാര്യാലയത്തിലെ വൈദികർക്കും സമർപ്പിതർക്കും മറ്റു ശുശ്രൂഷകർക്കുമൊപ്പം പിതാവ് വിശുദ്ധ കുർബാനയർപ്പിച്ചുകൊണ്ടാണ് സപ്തതി ആഘോഷങ്ങൾക്കു തുടക്കം കുറിച്ചത്. വൈകിട്ട് ലളിതമായ രീതിയിൽ ക്രമീകരിച്ച സമ്മേളനത്തിൽ പിതാവിന് ആശംസകൾ അർപ്പിച്ചു. സഭാ ചാൻസലർ ഫ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ സ്വാഗതം ആശം

# കൂടെനടക്കുന്ന ദൈവത്തിന്റെ സൗഖ്യദായകൻ

**സീറോമലബാർസഭ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ സപ്തതിയുടെ പശ്ചാത്തലത്തിൽ ആ ജീവിതവഴികളിലൂടെ ഒരു ധ്യാനസഞ്ചാരം**



**ആർച്ചുബിഷപ്**
**മാർ ജോസഫ് പാംപ്ലാനി**

വർത്തമാനകാലത്തിൽ സീറോമലബാർസഭയെ നയിക്കാൻ സഭാ സംവിധാനങ്ങളിലൂടെ ദൈവം നിയോഗിച്ച വലിയ ഇടയനാണു മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ്. ശ്രവണത്തിന്റെയും സംഭാഷണങ്ങളുടെയും സ്വയംചെറുതാകലിന്റെയും ആത്മഭാവങ്ങളിലൂടെ അസ്വസ്ഥതകളുടെയും നിഷേധാത്മക ചിന്തകളുടെയും കനലുകളെ അണയ്ക്കാൻ കഴിയുന്നവിധത്തിലുള്ള പ്രശാന്തതയുടെ ദീപ്തികൊണ്ട് സീറോമലബാർസഭയുടെ വലിയ പിതാവ് സഭയിലും സമൂഹത്തിലും മുന്നോട്ടുപോകാനുള്ള പ്രകാശത്തിന്റെ വഴിവെട്ടുകയാണ്.

### വലിയ കുടുംബത്തിന്റെ സന്തോഷം

അണുകുടുംബങ്ങളെ പോലും അപ്രസക്തമാക്കിക്കൊണ്ട് കുട്ടികൾ വേണ്ടെന്ന് തീരുമാനിക്കുന്ന ഒരു സംസ്കാരം പ്രബലപ്പെട്ടുവരുന്ന സാഹചര്യത്തിലാണ് താൻ വലിയൊരു കുടുംബത്തിലെ അംഗമാണെന്ന് പറയുന്നതിൽ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്ന തട്ടിൽ പിതാവ് ഒരു വിസ്മയമാകുന്നത്. തൃശൂർ പുത്തൻപള്ളി തട്ടിൽ ഔസേപ്പ് ത്രേസ്യ ദമ്പതികളുടെ പത്തുമക്കളിൽ ഇളയവനായി 1956 ഏപ്രിൽ 21 ന് അദ്ദേഹം ജനിച്ച ദിവസമായിരുന്നു സാംസ്കാരികനഗരമായ തൃശൂരിലെ പൂരം. പൂരത്തിന്റെ കതിനാവെടി പൊട്ടിയ സമയത്താണ് അമ്മ തന്നെ പ്രസവിച്ചതെന്ന് അല്പം തമാശയോടെ പിതാവ് പലയിടങ്ങളിലും ആവർത്തിക്കാറുണ്ട്. ചെറുപ്പത്തിൽത്തന്നെ അപ്പന്റെ മരണം ഈ വലിയ കുടുംബത്തെ ഒന്നുലച്ചുവെങ്കിലും അമ്മയുടെ കഠിനാധ്വാനവും ദൈവാശ്രയവും ദീർഘവീക്ഷണവും കുടുംബത്തെ മുന്നോട്ടുകൊണ്ടുപോയി. അതിനാൽത്തന്നെ ജീവിതത്തിൽ



ഏറ്റവും അധികം പിതാവിനെ സ്വാധീനിച്ച ആൾ അമ്മ തന്നെ. അമ്മയിൽ നിന്ന് പകർന്നുകിട്ടിയതാവാം പ്രതിബന്ധങ്ങളോടു പോരാടാനും വെല്ലുവിളികളെ ഏറ്റെടുക്കാനുമുള്ള പിതാവിന്റെ സഹജപ്രവണതയെന്ന് വിശ്വസിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. അമ്മ ചേർത്തുപിടിച്ചു ആ വലിയ കുടുംബം ഇന്നു സമൃദ്ധമായി വളർന്നു സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഫലം പുറപ്പെടുവിക്കുന്നു. ഇന്നു ഈ കുടുംബം ഏറ്റവും ഇളയവനായ തട്ടിൽ പിതാവിനെ കേന്ദ്രീകരിച്ചാണ് സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും സന്ദേശം നല്കിക്കൊണ്ടിരിക്കുന്നത്.

### തൃശൂർ രൂപതാവൈദികൻ

സ്കൂൾ പഠനത്തിനുശഷം രൂപത മൈനർ സെമിനാരിയിലിലും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കിയതിനുശേഷം 1980 ഡിസംബർ 21 ന് മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ കൈവയ്പിലൂടെയാണ് വൈദികനായി അഭിഷിക്തനായത്. വൈവിധ്യം നിറഞ്ഞതായിരുന്നു തട്ടിലച്ചന്റെ ശുശ്രൂഷാമേഖലകൾ. അരണാട്ടുകര സെന്റ് തോമസ് പള്ളിയിലെ കൊച്ചച്ചനിൽ തുടങ്ങി മൈനർ സെമിനാരിയിലെ ഫാദർ പ്രീഫെക്ട് എന്ന നിലയിൽ തുടരുമ്പോഴാണ് ഉപരിപഠനത്തിനു പോകുന്നത്. റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു കാനൻനിയമത്തിൽ ഡോക്ടറേറ്റുനേടി തിരിച്ചെത്തിയ തട്ടിലച്ചൻ പിന്നീടുള്ള വർഷങ്ങളിൽ തൃശൂർ അതിരൂപതയുടെ വൈസ് ചാൻസലർ, ചാൻസലർ, മതബോധനഡയറക്ടർ, വികാരി ജനറൽ, സെന്റ് തോമസ് കോളേജ് മാനേജർ തുടങ്ങിയ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചു. എന്നാൽ അതിനേക്കാളേറെ അനുഭവസമ്പത്ത് നേടിക്കൊടുത്തതും പിന്നീട് അജപാലനശുശ്രൂഷയിലെ കാഴ്ചപ്പാടുകളെ ഏറെ തിരുത്തിയെഴുതിയതും ഇതേകാലത്തു ആരംഭിച്ചതും ദീർഘകാലം തുടർന്നതുമായ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ സെക്രട്ടറി സ്ഥാനമായിരുന്നു. 'പാവങ്ങളുടെ പിതാവ്' എന്ന അപരനാമത്താൽ പ്രശസ്തനായ കുണ്ടുംകുളം പിതാവിന്റെ ജീവിതസമീപനങ്ങൾ തട്ടിലച്ചനെ സംബന്ധിച്ചിടത്തോളം പില്ക്കാലത്ത് വലിയൊരു മുതൽക്കൂട്ടായിമാറുന്നതിന് ഈ വർഷങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്.

### വൈദികപരിശീലത്തിലെ പുതിയ ചുവടുവയ്പുകൾ

മുളയം മേരിമാതാ മേജർ സെമിനാരി സ്ഥാപിതമായപ്പോൾ അതിന്റെ ആദ്യ റെക്ടറായി ആർച്ചുബിഷപ് ജേക്കബ് തൂങ്കുഴി പിതാവ് കണ്ടെത്തിയതു തട്ടിലച്ചനെയാണ്. വൈദികരൂപീകരണത്തിൽ കാലഘട്ടത്തിന്റെ ഉൾത്തുടിപ്പുമനസ്സിലാക്കി പ്രവർത്തിക്കാനും വൈദികരെ ദൈവോന്മുഖവും കാലോചിതവുമായി നയിക്കാനും അദ്ദേഹത്തിന് സാധിച്ചിരുന്നുവെന്ന് അദ്ദേഹത്തിൽനിന്നു പരിശീലനം കിട്ടിയ വൈദികർ ഒന്നുപോലെ സാക്ഷ്യപ്പെടുത്തയിട്ടുണ്ട്. അജപാലകൻ ആകാനുള്ള ഒരുക്കം അതിന്റെ എല്ലാ പ്രായോഗിക തലങ്ങളിലും ഉറപ്പുവരുത്തിയ പരിശീലനപദ്ധതി ഏറെ സ്വീകാര്യവും ഫലദായകവും ആയിരുന്നു.

### സഹായ മെത്രാൻ

തൃശൂർ അതിരൂപതയുടെ വികാരി ജനറാൾ ആയിരിക്കുമ്പോഴായിരുന്നു അതിരൂപതയുടെ സഹായമെത്രാനായി നിയമിതനായത്. 'വിഭജിക്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും' എന്നതായിരുന്നു അദ്ദേഹം തിരഞ്ഞെടുത്ത ആദർശവാക്യം. 2010 ഏപ്രിൽ 10 നു ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്തിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചു. അതിരൂപതയുടെ ഭരണനിർവ്വഹണത്തിൽ സ്വതസിദ്ധമായ അജപാലനശൈലിയിലൂടെ സഹായമെത്രാന്റെ ഉത്തരവാദിത്വം നിർവഹിച്ചു. വൈദികരെയും സമർപ്പിതരെയും അല്മായ സഹോദരങ്ങളെയും സഹകരിപ്പിച്ചും വിശ്വാസത്തിലെടുത്തുമുള്ള മേല്പട്ടശുശ്രൂഷ ശ്രദ്ധേയമായിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കാനും എല്ലാവരെയും കേൾക്കാനും പിതാവ് ഏറെ ശ്രദ്ധിച്ചിരുന്നു.

സെന്റ് തോമസ് കോളേജ് മാനേജർ ആയിരുന്ന കാലത്ത് എടുത്ത ദീർഘവീക്ഷണമുള്ള തീരുമാനങ്ങളും സുധീരമായ നിലപാടുകളും അധ്യാപകരോടും വിദ്യാർത്ഥികളോടുമുള്ള ആഴമേറിയ ആത്മബന്ധവുമാണ് ബോട്ടണി വിഭാഗം കണ്ടെത്തിയ പുതിയ സസ്യത്തിന് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ ബഹുമാനാർത്ഥം 'ഓഫിയോഗ്ലോസും റാഫേലിയാനും? (Ophiogloussm Raphaelianum) എന്ന നാമം നൽകാൻ കോളേജിനെ പ്രേരിപ്പിച്ച ഘടകം.

### അപ്പസ്തോലിക് വിസിറ്റേറ്റർ

കേരളത്തിനുവെളിയിൽ ഒരു സീറോമലബാർ രൂപതയുടെയും ഭാഗമല്ലാതെ നിലനിന്നിരുന്ന പ്രദേശങ്ങളിലെ സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അപ്പസ്തോലിക് വിസിറ്റേറ്ററായി 2014 ലാണ് ഫ്രാൻസിസ് മാർപാപ്പ തട്ടിൽ പിതാവിനെ നിയമിച്ചത്. രാവു പകലാക്കിയുള്ള പിതാവിന്റെ കഠിനാധ്വാനത്തിന്റെ വർഷങ്ങളായിരുന്നു അവ. തന്നെ ഏൽപ്പിച്ച പ്രദേശങ്ങളിലെ വിശ്വാസികൾക്ക് ആവശ്യമായ അജപാലനസംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനുവേണ്ടി ഒരു മിഷനറിയായി പിതാവ് ഭാരതംമുഴുവനിലും സഞ്ചരിച്ചു. സീറോമലബാർസഭ



# ൻ സപ്തതി നിറവിൽ



സിച്ചു. സഭയുടെ ആദര സൂചകമായി മേജർ ആർച്ചുബിഷപ്പ് എമിരി ത്തുസ് കാർഡിനാൾ മാർ ജോർജ് ആലഞ്ചേരി ഷാൾ അണിയിക്കുകയും ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ബൊക്കെ നൽകുകയും ചെയ്തു. കാൽഡിയൻ സിറിയൻ സഭയുടെ മെത്രാപ്പോലീത്ത ഔഗിൻ മാർ കുര്യാക്കോസ്, സിനഡ് സെക്രട്ടറി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, സി.എം.ഐ പ്രിയോർ ജനറൽ ഫാ. പോൾ ആച്ചാണ്ടി, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ, തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ ഉഷ തുടങ്ങിയവർ സഭയുടെ വിവിധ വിഭാഗങ്ങളെ പ്രതിനിധീകരിച്ച് പിതാവിന് സപ്തതി ആശംസകൾ നേർന്നു സംസാരിച്ചു. ആർച്ചുബിഷപ്പുമാരായ മാർ തോമസ് തറയിൽ, ബിഷപ്പുമാരായ മാർ ടോണി നീലങ്കാവിൽ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മോസ്റ്റ് റവ. ആന്റണി വാലുങ്കൽ, യോഹന്നാൻ മാർ തിയോഡോഷിയസ് എന്നിവരും മേജർ സുപ്പീരയർമാരും അൽമായ പ്രതിനിധികൾ, മേജർ ആർക്കി എപ്പിസ്കോപ്പൽ കമ്മീഷനുകളുടെ സെക്രട്ടറിമാരും മറ്റു ക്ഷണിക്കപ്പെട്ട വിശിഷ്ട വ്യക്തികളും ചടങ്ങിൽ പങ്കെടുത്തു. പ്രശസ്ത മ്യൂസിക് ബാൻഡായ കാൻഡിൽസ് ബാൻഡ് നയിച്ച ഓർക്കസ്ട്ര ചടങ്ങിന് മോടി പകർന്നു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ ജീവിതത്തെയും ശുശ്രൂഷകളെയും ആസ്പദമാക്കി തയ്യാറാക്കിയ 'വാക്കുകൾകൊണ്ട് ഹൃദയത്തെ തൊടുന്നൊരാൾ' എന്ന ഡോക്യുമെന്ററി ചടങ്ങിൽ പ്രദർശിപ്പിച്ചു.

മറുപടി പ്രസംഗം നടത്തിയ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് തനിക്ക് ലഭിച്ച സ്നേഹാദരങ്ങൾക്കും ദൈവാനുഗ്രഹങ്ങൾക്കും സഭാംഗങ്ങളുടെ പ്രാർഥനയ്ക്കും നന്ദി അറിയിച്ചു. മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായുടെ ഫിനാൻസ് ഓഫീസർ ഫാ. ജോസഫ് തോലാനിക്കൽ നന്ദി രേഖപ്പെടുത്തി.



യുടെ മിഷൻ ആഭിമുഖ്യങ്ങൾ മാറണമെന്ന ബോധ്യം പിതാവിലുറച്ചു. വിശദമായ റിപ്പോർട്ടുകൾ പരിശുദ്ധ പിതാവിനു നല്കാൻ തട്ടിൽ പിതാവിനു സാധിച്ചു. ഈ വലിയ പരിശ്രമത്തിന്റെ ഫലമായി 2017 ഒക്ടോബർ ഒൻപതാം തിയതി ഭാരതത്തിലെ എല്ലാ മെത്രാന്മാർക്കുമായി എഴുതിയ കത്തുവഴി പുതുതായി ഷംഷാബാദ്, ഹൊസൂർ രൂപതകൾ സ്ഥാപിക്കുന്നതിനും തക്കല, രാമനാഥപുരം രൂപതകളുടെ അതിർത്തികൾ പുന: നിർണ്ണയിക്കുന്നതിനുമുള്ള തീരുമാനമറിയിച്ചുകൊണ്ടു സീറോമലബാർസഭയ്ക്ക് ഭാരതം മുഴുവനുമുള്ള അജപാലനഅധികാരം നല്കുകയായിരുന്നു. ഫ്രാൻസിസ് മാർപാപ്പയുടെ മേൽപ്പറഞ്ഞ കത്തിൽ, തട്ടിൽ പിതാവ് സമർപ്പിച്ച വിശദമായ റിപ്പോർട്ടുകൾ സീറോമലബാർസഭയ്ക്കു ഭാരതം മുഴുവനിലും അജപാലനാധികാരം നൽകുന്ന നടപടികൾ പൂർത്തിയാക്കാൻ കാരണമായി എന്ന് പരിശുദ്ധ പിതാവ് രേഖപ്പെടുത്തിയിട്ടുണ്ട്.

### ഷംഷാബാദ് രൂപതയുടെ മിഷനറി മെത്രാൻ

2017 ഒക്ടോബർ ഒൻപതിന് സ്ഥാപിതമായ ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനായി 2018 ജനുവരി ഏഴാംതീയതി സ്ഥാനമേറ്റെടുത്ത തട്ടിൽപിതാവ് മിഷനറി ചൈതന്യത്തിൽ രൂപമില്ലാത്തതിനു രൂപംകൊടുത്താണ് രൂപതയെ പടുത്തുയർത്തിയത്. ആ രൂപതയെ ഇന്നു കാണുന്ന വിധത്തിലുള്ള രൂപതയാക്കി വളർത്തിയത് തട്ടിൽ പിതാവിന്റെ ദീർഘവീക്ഷണവും പ്രായോഗിക ജ്ഞാനവുമായിരുന്നു. 23 സംസ്ഥാനങ്ങളിലും മൂന്നു കേന്ദ്രഭരണപ്രദേശങ്ങളിലുമായി വ്യാപിച്ചുകിടന്ന പുതിയ രൂപതയുടെ അജപാലന സംവിധാനങ്ങൾ മറ്റു രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും സഹകരണത്തോടെ ക്രമപ്പെടുത്താൻ പിതാവിനു കഴിഞ്ഞു. കൂടുതൽ ഫലപ്രദമായ രീതിയിൽ അജപാലനം നടത്തുന്നതിന് അതിവിശാലമായ രൂപതയുടെ പ്രദേശങ്ങൾ സമീപത്തുള്ള സീറോമലബാർ രൂപതകളുമായി പങ്കുവയ്ക്കാനുള്ള കർമപദ്ധതിയും മാർ റാഫേൽ തട്ടിൽ പിതാവ് സിനഡിനു സമർപ്പിച്ചു.

### സീറോമലബാർസഭയുടെ വലിയ പിതാവ്

2023 ഡിസംബർ ഏഴാം തിയതി കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ് സ്ഥാനത്തു നിന്നു വിരമിച്ച സാഹചര്യത്തിലാണ് 2024 ജനുവരിയിൽ നടന്ന സഭയുടെ മുപ്പത്തിരണ്ടാമതു സിനഡിന്റെ ഒന്നാം സമ്മേളനം ഷംഷാബാദ് രൂപതയുടെ മെത്രാനായിരുന്ന മാർ റാഫേൽ തട്ടിൽ പിതാവിനെ സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുത്തത്. സിനഡിന്റെ തീരുമാനത്തിനു മാർപാപ്പയുടെ അംഗീകാരം ലഭിച്ചതോടെ ജനുവരി പതിനൊന്നാം തിയതി കാക്കനാടുള്ള സഭാകാര്യാലയത്തിൽ വച്ച് സ്ഥാനാരോഹണം നടന്നു. മനുഷ്യന്റെ പ്രതീക്ഷയെ അതിലംഘിക്കുന്ന ദൈവത്തിന്റെ പരിപാലന പുതിയ മേജർ ആർച്ചുബിഷപ്പിന്റെ നേതൃശുശ്രൂഷകളിൽ ദൃശ്യമായി. സീറോമലബാർസഭ സങ്കീർണമായ സാഹചര്യത്തിലൂടെ കടന്നുപോകുന്ന സമയത്താണ് സഭയുടെ അമരക്കാരനായി തട്ടിൽ പിതാവ് വരുന്നത്.

മാർ റാഫേൽ തട്ടിൽ പിതാവു മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട അന്നുമുതൽ ഇതുവരെയുള്ള രണ്ടുവർഷവും രണ്ടുമാസവും സീറോമലബാർസഭയുടെ ചരിത്രത്തിൽ വളരെ നിർണായകമായിരുന്നു. ഷംഷാബാദ് രൂപതയിലെ മെത്രാനായിരുന്നപ്പോൾ പിതാവു നിർദേശിച്ച രൂപതകളുടെ അതിർത്തി പുനർനിർണയം പൂർത്തിയാക്കാൻ സാഹചര്യമൊരുങ്ങി. വിശാലമായ ഷംഷാബാദ് രൂപതയുടെ അതിർത്തിയുടെ ചില ഭാഗങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടു 12 രൂപതകളുടെ അതിർത്തി ഭേദഗതിചെയ്ത് ഉത്തരവിറക്കി. കേരളത്തിന് പുറത്തു ഫരീദാബാദ്, ഉജ്ജയിൻ, കല്യാൺ, ഷംഷാബാദ് എന്നീ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ സ്ഥാപിക്കുകയും അവിടങ്ങളിലെ മെത്രാപ്പോലീത്താമാരെ വാഴിക്കുകയും ചെയ്തു. അനൈക്യത്തിന്റെ അലയൊലികൾ വർധമാനമായിരുന്ന സാഹചര്യത്തിൽ സഭയുടെ ഐക്യം ലക്ഷ്യമാക്കി ധീരമായ നിലപാടുകൾ കൈക്കൊണ്ടു. തന്റെ മുൻഗാമികൾ തുടങ്ങിവച്ച പരിശ്രമം പൂർത്തീകരിച്ചുകൊണ്ടു ഗൾഫിലെ സീറോമലബാർ വിശ്വാസികൾക്കായി ഒരു അപ്പസ്റ്റോലിക് വിസിറ്ററുടെ നിയമനം സാധ്യമാക്കി. സഭാകാര്യാലയത്തിന്റെ നവീകരണം കാലോചിതമായി പൂർത്തിയാക്കി. ചുരുങ്ങിയ കാലയളവിൽത്തന്നെ എല്ലാ രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും ഗൾഫുരാജ്യങ്ങളിലും സന്ദർശനം നടത്തി. അത്മായരുടെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജീവൻ ജ്യോതി എന്നപേരിൽ ഒരു പുതിയ അല്മായ മൂവ്മെന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. ഒരുപക്ഷേ തട്ടിൽ പിതാവ് സീറോമലബാർസഭയ്ക്ക് ഈ ചുരുങ്ങിയ കാലയളവിൽ നല്കിയ സംഭാവനകളെയും സഭാജീവിതത്തിൽ അവ വരുത്തുന്ന ക്രിയാത്മകമായ സ്വാധീനത്തെയും പൂർണമായി മനസിലാക്കാൻ വർത്തമാനകാലത്തിന്റെ സങ്കീർണതകളിൽ കഴിയണമെന്നില്ല. എന്നാൽ, ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളെയും ആനുകാലിക സംഭവവികാസങ്ങളുടെ സാധ്യതകളെയും അഭിവന്ദ്യ തട്ടിൽ പിതാവ് തന്റെ സമീപങ്ങളുടെ വിശുദ്ധിയാൽ എങ്ങനെ നേരിട്ടുവെന്നതു സഭാചരിത്രമണ്ഡലത്തിൽ നന്ദിയോടെ ഓർമിക്കപ്പെടുമെന്നുറപ്പാണ്.

### ശക്തനായ ആന്തരികമനുഷ്യൻ

ശക്തനായ ആന്തരികമനുഷ്യനാണ് മാർ തട്ടിൽപിതാവ്. അകമേ ആന്തരികമായി കരുത്തുള്ള ഒരു വ്യക്തിക്കുമാത്രമേ പുറമേ ശാന്തനായി പ്രത്യക്ഷപ്പെടാൻ കഴിയൂ. പിതാവിന്റെ ശാന്തതയുടെയും ഗരിമയുടെയും തെളിവാണ് പുറമെ കാണപ്പെടുന്ന പുഞ്ചിരിയും പ്രശാന്തതയും. ഏതൊന്നിനെയും നിർമ്മലതയോടെ കാണുന്നവർക്ക് ചുറ്റുപാടുമുള്ള അരക്ഷിതാവസ്ഥയിലും അസ്വസ്ഥതകളിലും ആത്മസംയമനം കൈമോശം വരുകയില്ല. ഏതു സാഹചര്യത്തിലൂടെ കടന്നുപോകുമ്പോഴും തട്ടിൽ പിതാവിനു പുഞ്ചിരിക്കാൻ കഴിയുന്നതും ഏത് അവസ്ഥയെ അഭിമുഖീകരിക്കുമ്പോഴും പുഞ്ചിരി നഷ്ടപ്പെടാതിരിക്കുന്നതും അതുകൊണ്ടാണ്.

ആന്തരികപ്രസന്നതയുടെ ബാക്കിപത്രമാണ് പിതാവിന്റെ ഹൃദയത്തിൽനിന്നുള്ള വാക്കുകൾ. കഠിനമായ പദപ്രയോഗങ്ങളോ ദുർഗ്രഹങ്ങളായ ആശയങ്ങളോ പിതാവിന്റെ എഴുത്തിലോ പ്രസംഗത്തിലോ സംഭാഷണത്തിലോ കടന്നുവരാറില്ല. ജനിച്ചുവളർന്ന സാഹചര്യങ്ങളിൽനിന്നും പിന്നിട്ട വഴികളിൽനിന്നും നേടിയെടുത്ത നിഷ്കളങ്കതയും ഗ്രാമശുദ്ധിയും പിതാവിന്റെ ജീവിതത്തിലുണ്ട്. റാഫേൽ എന്ന പേരു സൂചിപ്പിക്കുന്നതുപോലെ ദൈവത്തിന്റെ സൗഖ്യദായകനായി എല്ലാവരുടെയും കൂടെനടക്കാനും തന്നെ സമീപിക്കുന്നവരെയും കണ്ടുമുട്ടുന്നവരെയും ദൈവം നല്കുന്ന സൗഖ്യത്തിന്റെ അനുഭവത്തിലേക്കു നയിക്കുന്നതിനും പിതാവിനു കഴിയുന്നു.

### ആശംസകൾ!

ദൈവത്തിന്റെ തിരഞ്ഞെടുപ്പുകൾ എന്നും അതിശയകരമാണ്. ലോകദൃഷ്ടിയിൽ സാധാരണക്കാരെ തിരഞ്ഞെടുത്ത് അവരെ അഭിഷേകം ചെയ്തു തന്റെ മഹത്തായ ശുശ്രൂഷയിൽ ഭാഗഭാക്കാക്കുന്ന ഈശോയുടെ മാജിക് സഭയുടെ ആരംഭംമുതൽ നാം കാണുന്നുണ്ട്. ഇന്നും ഈശോ തുടർന്നുപോരുന്ന ആ മാജിക്കിന്റെ ഭാഗമാണ് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ്. മനുഷ്യർ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു; കർത്താവാകട്ടെ ഹൃദയഭാവത്തിലും (1 സാമു 16:7). അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ കടന്നുപോയ എഴുപത് വർഷങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ നാം തിരിച്ചറിയുന്നതും അതുതന്നെയാണ്. സീറോമലബാർ സഭയുടെ അമരക്കാരനായി ദൈവം കണ്ടെത്തിയ വലിയ ഇടയനെ തന്റെ നന്മകളാൽ കാരുണ്യവാനായ ദൈവം ഇനിയും നിറയ്ക്കട്ടെ എന്ന് ആശംസിക്കുന്നു.



# ദീപിക ശതോത്തര റൂബി ജൂബിലി; ദീപശിഖാ പ്രയാണത്തിനു തുടക്കം




കാക്കനാട്: ക്രൈസ്തവ മൂല്യങ്ങളോടെ മാധ്യമ ലോകത്ത് പ്രവർത്തിച്ചുവരുന്ന ദീപിക ദിനപത്രത്തിന് എന്നും സഭയുടെ പിന്തുണയുണ്ടെന്ന് മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. ദീപിക ശതോത്തര റൂബി ജൂബിലിയുടെ സന്ദേശവുമായി നടത്തുന്ന ദീപശിഖാപ്രയാണം സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാർഷികവിളകൾക്ക് വിലകുറഞ്ഞപ്പോഴും കുടിയിറക്കലുകളുണ്ടായപ്പോഴും കർഷകരെ അധികാരികൾ അവഗണിച്ചപ്പോഴും മലയോരങ്ങളിൽ വന്യജീവികൾ മനുഷ്യജീവനു ഭീഷണിയാകുമ്പോഴുമെല്ലാം ദീപിക അതിന്റെ മാധ്യമദൗത്യം ആർജവത്തോടെ നിർവഹിച്ചു. 140 വർഷം പൂർത്തിയാക്കിയ ദീപിക കൂടുതൽ കരുത്തോടെ ഇനിയും ദൗത്യംനിർവഹിച്ചുപോകേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. സഭയുടെ എല്ലാ പിന്തുണയും പ്രോത്സാഹനവും ദീപികയ്ക്കുണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു. ജൂബിലി ആഘോഷത്തിന്റെ സ്മരണയ്ക്കായി 140 കേന്ദ്രങ്ങളിൽ വൃക്ഷത്തൈകൾ നടുന്നതിന്റെ ഉദ്ഘാടനവും മേജർആർച്ചുബിഷപ് മൗണ്ട് സെന്റ് തോമസ് കാമ്പസിൽ മാവിൻതൈ നട്ടുകൊണ്ടു നിർവഹിച്ചു. ജൂബിലി ദീപശിഖ മേജർ ആർച്ചുബിഷപും സിഎംഐ പ്രിയോർ ജനറൽ ഫാ. ഡോ. പോൾ ആച്ചാണ്ടിയും ചേർന്ന് ദീപിക കൊച്ചി റസിഡന്റ് മാനേജർ ഫാ. ജോസഫ് കൊളുത്തുവെള്ളിലിന് കൈമാറി. രാഷ്ട്രദീപിക ഡയറക്ടർമാരായ ഫാ. ഡോ. തോമസ് പോത്തനാമൂഴി, ഫാ. തോമസ് വൈക്കത്തുപറമ്പിൽ, ദീപിക കൊച്ചി റെസിഡന്റ് മാനേജർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ, എജിഎം മാർക്കറ്റിങ് റെബി ജോർജ്, യുസിഎം ബിനോ വർഗീസ്, ബ്യൂറോ ചീഫ് സിജോ പൈനാടത്ത് എന്നിവർ പ്രസംഗിച്ചു. സമൂഹത്തിന്റെ വ്യത്യസ്തമേഖലകളിലുള്ള 140 കേന്ദ്രങ്ങളിൽ വിവിധ ദിവസങ്ങളിലായി ദീപിക ശതോത്തര റൂബി ജൂബിലി ദീപശിഖാ പ്രയാണമെത്തും.

# മൈനർ സെമിനാരി പരിശീലകർക്കായി ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു



കാക്കനാട്: മാറുന്ന കാലഘട്ടത്തിന്റെ ആവശ്യകതകൾക്കനുസൃതമായി വൈദിക പരിശീലന രീതികളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി സീറോമലബാർ സഭയുടെ മൈനർ സെമിനാരി പരിശീലകർക്കായി സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഏപ്രിൽ 28-30 തീയതികളിലായി ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. സഭയുടെ മുപ്പത്തിനാലാമത് സിനഡിന്റെ ഒന്നാം സമ്മേളനത്തിലെ നിർദ്ദേശ പ്രകാരം സീറോമലബാർ ക്ലർജി കമ്മീഷന്റെ ആഭിമുഖ്യത്തിലാണ് ട്രെയിനിങ് പ്രോഗ്രാം ഒരുക്കിയത്. മൗണ്ട് സെന്റ് തോമസിൽ നടന്ന ചടങ്ങിൽ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ആധുനിക ലോകത്തെ വെല്ലുവിളികളെ നേരിടാൻ വൈദിക വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിൽ പരിശീലകർ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ച് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.

വൈദികർക്കുവേണ്ടിയുള്ള കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ടോണി നീലങ്കാവിൽ ആമുഖപ്രഭാഷണം നടത്തി. വൈദിക പരിശീലനത്തിലെ ആധ്യാത്മികവും മാനുഷികവുമായ വശങ്ങളെ കോർത്തിണക്കി അദ്ദേഹം വിഷയം അവതരിപ്പിച്ചു. വൈദിക കമ്മീഷൻ സെക്രട്ടറി ഫാ. ടോം ഓലിക്കരോട്ട് ചടങ്ങിൽ സ്വാഗതം ആശംസിച്ചു. സഭാ ചാൻസലർ ഫാ എബ്രഹാം കാവിൽപുരയിടത്തിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ആധ്യാത്മികം, മാനവികം, ബൗദ്ധികം, മാനസികം, മിഷണറി എന്നിങ്ങനെയുള്ള അഞ്ച് പ്രധാന തലങ്ങളിൽ ഊന്നിയായിരുന്നു മൂന്ന് ദിവസത്തെ പരിശീലന പരിപാടികൾ. വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും പരിശീലകരുമായി സംവദിക്കുകയും ചെയ്തു. ഫാ. അഗസ്റ്റിൻ കല്ലേലി, ഫാ. സെജോ തൈക്കാട്ടിൽ, ഫാ. ജോർജ് കുഴിപ്പള്ളിൽ, ഫാ. ലിൻഡോ കുറ്റിക്കാട്ട് തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇന്ത്യയുടെ വിവിധഭാഗങ്ങളിലെ സീറോമലബാർ രൂപതകളിൽനിന്നായി അറുപതോളം പരിശീലകരാണ് ഈ ക്യാമ്പിൽ പങ്കെടുത്തത്. സഭയുടെ ഭാവി വാഗ്ദാനങ്ങളായ വൈദികവിദ്യാർഥികളുടെ വ്യക്തിത്വരൂപീകരണത്തിൽ പുതിയ പരിശീലനരീതികൾ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് ചടങ്ങിൽ വിലയിരുത്തപ്പെട്ടു. സി. ലെറ്റീഷ്യ എസ്. എം. സി. നന്ദി പ്രകാശിപ്പിച്ചു.

# മാർ വാലാഹ് അക്കാദമി സുറിയാനി കോഴ്സ് സംഘടിപ്പിച്ചു



കാക്കനാട്: സുറിയാനി ഭാഷയുടെ പൈതൃകം സംരക്ഷിക്കുന്നതിനും പുതിയ തലമുറയ്ക്ക് ഈ ഭാഷ പരിചയപ്പെടുത്തുന്നതിനും ആയി കാക്കനാട് മൗണ്ട് സെന്റ് തോമസിലെ മാർവാലാഹ് സുറിയാനി അക്കാദമിയുടെ നേതൃത്വത്തിൽ സുറിയാനി ഭാഷയിലുള്ള അടിസ്ഥാന കോഴ്സ് സംഘടിപ്പിച്ചു. സുറിയാനി ഭാഷയുടെ ആരാധനാക്രമപരവും സാംസ്കാരികവുമായ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് സുറിയാനി പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിതമായതാണ് മാർ വാലാഹ് സുറിയാനി അക്കാദമി. 2026 ഏപ്രിൽ 13 തിങ്കളാഴ്ച മുതൽ ഏപ്രിൽ 18 ശനിയാഴ്ച വരെയായിരുന്നു ക്ലാസുകൾ. ഈ പരിപാടിയിൽ സുറിയാനി ഭാഷ വ്യാകരണം, ഉച്ചാരണ രീതികൾ, ആരാധനക്രമ സംഗീതം എന്നിവയ്ക്ക് പ്രത്യേക മുൻഗണന നൽകി. 13-ാം തീയതി രാവിലെ 10 മണിക്ക് സുറിയാനി പഠന കോഴ്സിന്റെ ഉദ്ഘാടനകർമ്മം സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് നിർവഹിച്ചു. മാർ വാലാഹ് സിറിയക് അക്കാദമിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ജോബിൻ കാഞ്ഞിരത്തിങ്കൽ സ്വാഗതം ആശംസിച്ചു. മാർ വാലാഹ് സിറിയക് അക്കാദമിയുടെ ചെയർമാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആമുഖസന്ദേശം നല്കുകയും സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ചാൻസിലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു. സെക്രട്ടറി സിസ്റ്റർ അൽഫോൻസ് ജോസ് എസ്.എം.എസ് നന്ദി അർപ്പിച്ചു. റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിലും സി. കൊച്ചുത്രേസ്യ കാവുങ്കലും ക്ലാസുകൾക്ക് നേതൃത്വം നൽകി. വിവിധ പ്രായ വിഭാഗത്തിൽപെട്ട വൈദികരും സമർപ്പിതരും അല്മായരും സെമിനാരിവിദ്യാർഥികളുമുൾപ്പെടെ മുപ്പത്തിയഞ്ചോളം പേർ കോഴ്സിൽ പങ്കെടുത്തു.

# എഫ്.സി.ആർ.എ ഭേദഗതി, ആശങ്കകൾ പരിഹരിക്കപ്പെടണം: മേജർ ആർച്ചുബിഷപ്പ്

കാക്കനാട്: വിദേശ സംഭാവന നിയന്ത്രണ നിയമത്തിൽ (FCRA) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ നിർദ്ദേശിച്ചിരിക്കുന്ന പുതിയ ഭേദഗതികൾ സുതാര്യമായി പ്രവർത്തിക്കുന്ന സന്നദ്ധവിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യം തടസ്സപ്പെടുത്താത്ത രീതിയിലായിരിക്കണമെന്ന് സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന നിയന്ത്രണങ്ങൾ നിയമവിധേയമായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളെയും ക്രൈസ്തവസഭകളുടെ ജീവകാരുണ്യപ്രവർത്തനങ്ങളെയും തകർക്കാൻ ഉദ്ദേശിച്ചുള്ളതാകരുത്. ഈ വിഷയത്തിൽ ഇതിനോടകം പ്രതികരിച്ച എല്ലാ ക്രൈസ്തവ സഭാധ്യക്ഷന്മാരുടെയും അഭിപ്രായങ്ങളോടു യോജിച്ചുകൊണ്ടു പ്രസ്തുത നിയമഭേദഗതിയുമായിബന്ധപ്പെട്ടു ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ പരിഹരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് മാർ റാഫേൽ തട്ടിൽ ആവശ്യപ്പെട്ടു.

പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായി ക്രൈസ്തവസഭകൾ നടത്തുന്ന കാരുണ്യപ്രവർത്തനങ്ങൾ ഭാരതത്തിന്റെ സാമൂഹിക വികസന ചരിത്രത്തിൽ നിർണായകമാണെന്നു ഭരണാധികാരികൾത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ള വസ്തുതയാണ്. അശരണർക്കും ആലംബഹീനർക്കുമായി സഭ നടത്തുന്ന അഗതിമന്ദിരങ്ങൾ, പാലിയേറ്റീവ് കെയർ സെന്ററുകൾ, ഭിന്നശേഷി പുനരധിവാസകേന്ദ്രങ്ങൾ, എയ്ഡ്സ് രോഗികളുടെ പരിചരണ കേന്ദ്രങ്ങൾ, സൗജന്യ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങിയവ ജാതിമതഭേദമന്യേ ലക്ഷക്കണക്കിന് ആളുകൾക്ക് ആശ്വാസമേകുന്നുണ്ട്. തദ്ദേശീയരായ ഉപകാരികളുടെ സഹായത്തിനൊപ്പം വിദേശ ഫണ്ടുകളും ഉപയോഗിച്ചാണ് ഗ്രാമങ്ങളിൽ പോലും മികവുറ്റ ആരോഗ്യസേവനങ്ങളും ഗുണനിലവാരമുള്ള വിദ്യാഭ്യാസവും ഉറപ്പാക്കാൻ സഭയ്ക്കു സാധിക്കുന്നത്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടവരെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് നടത്തുന്ന ഇത്തരം സേവനങ്ങൾ തടസപ്പെടുത്തുന്നത് പാവപ്പെട്ടവരോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടുമുള്ള ദ്രോഹമാണെന്നും മേജർ ആർച്ചുബിഷപ്പ് കൂട്ടിച്ചേർത്തു.

റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ ചെറിയ കാലതാമസമോ, ഓഡിറ്റിംഗിലെ സാങ്കേതികമായ പിഴവുകളോ മുൻനിർത്തി ലൈസൻസ് റദ്ദാക്കുക, ആസ്തികൾ കണ്ടുകെട്ടുക തുടങ്ങിയ കടുത്ത നടപടികൾ സ്വീകരിക്കാനുള്ള നീക്കം സംശയാസ്പദമാണ്. സന്നദ്ധ സംഘടനകളുടെയും മതസ്ഥാപനങ്ങളുടെയും സേവനങ്ങളെ സംശയത്തിന്റെ നിഴലിൽ നിർത്താതെ, അവരെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നിയമനിർമാണമാണ് ഉണ്ടാകേണ്ടതെന്നും മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു. ഈ വിഷയം പാർലമെന്റിൽ ചർച്ചയ്ക്കു വരുമ്പോൾ കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾ പൊതുനന്മ കണക്കിലെടുത്തു ചർച്ചകളിൽ ക്രിയാത്മകമായി പങ്കെടുക്കണമെന്നും അദ്ദേഹം പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.

# വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ വാർഷിക സമ്മേളനം



കാക്കനാട്: സീറോമലബാർ സഭയിലെ വൊക്കേഷൻ പ്രമോട്ടർമാരുടെ വാർഷികയോഗം സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ചു. 2026 ഏപ്രിൽ 16 വ്യാഴാഴ്ച നടന്ന സമ്മേളനം മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. ദൈവവിളി എന്നത് ദൈവത്തിന്റെ വലിയൊരു ദാനമാണെന്നും ഈ വിളിയെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാൻ നിയോഗിക്കപ്പെട്ടവർ ദൈവകരങ്ങളിലെ ഉപകരണങ്ങളാണെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ ഓർമിപ്പിച്ചു. കുടുംബങ്ങളിലേക്ക് നേരിട്ട് കടന്നുചെല്ലുന്ന വൈദികരും സമർപ്പിതരുമാണ് സഭയിലെ ഏറ്റവും മികച്ച വൊക്കേഷൻ പ്രമോട്ടർമാരെന്നും പിതാവ് ചൂണ്ടിക്കാട്ടി.

ദൈവവിളി കമ്മീഷൻ ചെയർമാൻ മാർ ജോസഫ് അരുമച്ചാടത്ത് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കമ്മീഷൻ അംഗം മാർ മാത്യു നെല്ലിക്കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. വൊക്കേഷൻ കമ്മീഷൻ സെക്രട്ടറി ഫാ. ജോഷി പാണംപറമ്പിൽ, ഫാ. ഡോ. അഗസ്റ്റിൻ കല്ലേലി, സി. ഡിവീന റോസ് സി. എസ്. എം, സി. ജെർബി മരിയ എഫ്. സി. സി, സി. ജോമി റോസ് സി. എസ്. എൻ, സി. കീർത്തന സി. എച്ച്. എഫ് എന്നിവർ യോഗത്തിൽ സംസാരിച്ചു. സഭയിലെ വിവിധ രൂപതകളിൽ നിന്നും സമർപ്പിതസമൂഹങ്ങളിൽ നിന്നുമുള്ള വൊക്കേഷൻ പ്രമോട്ടർമാർ ഒത്തുചേർന്ന ഈ വാർഷിക സമ്മേളനം വരും വർഷത്തെ പ്രവർത്തനങ്ങൾക്കും ദൈവവിളി പ്രോത്സാഹനത്തിനുമുള്ള ക്രിയാത്മക മായ ചർച്ചകൾക്കും വേദിയായി.

# സാന്നിധ്യത്തിലൂടെയുള്ള സാക്ഷ്യമാണ് സന്യാസജീവിതം: മാർ റാഫേൽ തട്ടിൽ



കാക്കനാട്: വാക്കുകളേക്കാൾ ഉപരിയായി സ്വന്തം ജീവിതസാന്നിധ്യത്തിലൂടെ സമൂഹത്തിന് നല്കുന്ന സാക്ഷ്യമാണ് സന്യാസജീവിതത്തിന്റെ യഥാർത്ഥ പ്രസക്തിയെന്ന് മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പ്രസ്താവിച്ചു. വ്യാഖ്യാനങ്ങളുടെ ആവശ്യമില്ലാതെ ആർക്കും ലളിതമായി മനസ്സിലാക്കാൻ സാധിക്കുന്ന ജീവിതമാതൃകകളാണ് ഇന്നത്തെ ലോകത്തിന് ആവശ്യമെന്ന് അദ്ദേഹം ഓർമിപ്പിച്ചു. സീറോമലബാർ സഭയിലെ സമർപ്പിതഅപ്പസ്തോലിക സമൂഹങ്ങൾക്കായി സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച സുപ്പീരിയർ ജനറൽമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മേജർ ആർച്ചുബിഷപ്പ്.

സീറോമലബാർ സഭയുടെ സമുദായശക്തീകരണ വർഷത്തിൽ സമർപ്പിതർ വഹിക്കേണ്ട പങ്കിനെക്കുറിച്ച് ചിന്തിക്കാനായി വിളിച്ചുചേർത്ത യോഗത്തിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ കൺവീനർ മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി.

കമ്മീഷൻചെയർമാൻമാർസെബാസ്റ്റ്യൻ വടക്കേൽ എം.എസ്.റ്റി., കമ്മീഷൻ അംഗം മാർ ജോസഫ് അരുമച്ചാടത്ത് എം.സി.ബി.എസ്., കമ്മീഷൻ സെക്രട്ടറി റവ. ഡോ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ എം.സി.ബി.എസ്., പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജെയിംസ് കൊക്കാവയലിൽ, കമ്മീഷൻ ജോയിന്റ് സെക്രട്ടറി സി. ജെസ്സി മരിയ ഓ.പി. എന്നിവർ സമ്മേളനത്തിൽ പ്രസംഗിച്ചു. സീറോമലബാർ സഭയിലെ വിവിധ സമർപ്പിതസമൂഹങ്ങളിൽ നിന്നുള്ള അറുപതോളം സുപ്പീരിയർ ജനറൽമാരും മറ്റ് മേജർ സുപ്പീരിയേഴ്സും സമ്മേളനത്തിൽ പങ്കെടുത്തു.

# ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്: പഠനശിബിരം സംഘടിപ്പിച്ചു



കാക്കനാട്: കേരളത്തിലെ ക്രൈസ്തവ സാമൂഹിക പിന്നാക്കാവസ്ഥ പഠിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ വിലയിരുത്തുന്നതിനായി സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഏകദിന പഠനശിബിരം സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപതാ മെത്രാനും സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ എപ്പിസ്കോപ്പൽ മെമ്പറുമായ ബിഷപ് മാർ ജോസ് പുളിക്കൽ പഠനശിബിരം ഉദ്ഘാടനം ചെയ്തു. ഇപ്രകാരം ഒരു കമ്മീഷനെ നിയമിക്കണമെന്ന ആവശ്യം സർക്കാരിന്റെ മുമ്പിൽ ഉന്നയിച്ചതു മുതൽ റിപ്പോർട്ട് പുറത്തുവിടുന്നതിനായി സഭ നടത്തിയ നിരന്തരമായ ഇടപെടലുകളെ അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ അനുസ്മരിച്ചു. കമ്മീഷൻ റിപ്പോർട്ടിലെ പ്രതിപാദ്യവിഷയങ്ങൾ സമുദായാംഗങ്ങളിൽ ഏവരിലും എത്തിക്കാനുള്ള ഊർജിതശ്രമങ്ങൾ രൂപതകൾ നടത്തണമെന്ന് പഠനശിബിരത്തിൽ സമാപന സന്ദേശം നൽകിയ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് നിർദേശിച്ചു. കമ്മീഷൻ റിപ്പോർട്ട് സഭകളുമായി ആലോചിച്ച് നടപ്പിലാക്കണമെന്ന ആവശ്യത്തിൽ ഉറച്ചുനിൽക്കുന്നുവെന്നും ഏതു സർക്കാർ അധികാരത്തിൽ വന്നാലും ഇതിനായുള്ള നടപടികളുമായി മുന്നോട്ടു പോകുമെന്നും മേജർ ആർച്ചുബിഷപ് വ്യക്തമാക്കി.

റിപ്പോർട്ടിലെ വിവിധ അധ്യായങ്ങളെ ആസ്പദമാക്കി വിദഗ്ധ സമിതി അംഗങ്ങളായ ഡോ. മേരി റജീന, ഡോ. സിജോ ജേക്കബ്, ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ, ഡോ. ചാക്കോ കാളാംപറമ്പിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ രൂപതകളിലെ വികാരി ജനറാൾമാരായ മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റിയൻ വേത്താനത്ത്, മോൺ. വിൻസന്റ് നെടുങ്ങാട്ട്, മോൺ. ജോസഫ് വെള്ളമറ്റം എന്നിവർ വിവിധ സെഷനുകളിൽ മോഡറേറ്റർമാരായി ചർച്ചകൾ നയിച്ചു.

സീറോമലബാർ സഭാ ചാൻസലർ ഫാ. എബ്രാഹം കാവിൽപുരയിടത്തിൽ, പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജയിംസ് കൊക്കാവയലിൽ, കാർപ്പ് കോർഡിനേറ്റർ ടോം ജോസഫ് ചമ്പക്കുളം എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. കേരളത്തിലെ വിവിധ സീറോമലബാർ രൂപതകളിൽ നിന്നുള്ള വൈദികരും അത്മായ പ്രതിനിധികളും പഠനശിബിരത്തിൽ പങ്കെടുത്തു. കമ്മീഷൻ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികളും യോഗം ചർച്ചചെയ്തു.

# 'ദി ചോസൺ' ഇനി മലയാളത്തിലും



ലോകമെമ്പാടും കോടിക്കണക്കിന് പ്രേക്ഷകർ ഏറ്റെടുത്ത, യേശുക്രിസ്തുവിന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള പ്രശസ്ത ടെലിവിഷൻ പരമ്പര 'ദി ചോസൺ' മലയാളം പതിപ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ നിർവ്വഹിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ ക്യൂരിയയിൽ നടന്ന ചടങ്ങിൽ മാർ റാഫേൽ തട്ടിൽ പിതാവ്, 'ദി ചോസൺ' പരമ്പരയിലൂടെ നടക്കുന്ന സുവിശേഷവത്കരണ പ്രവർത്തങ്ങൾക്ക് സഭയുടെ സഹകരണം ഉറപ്പുനൽകി. ആഗോളതലത്തിൽ വലിയ സ്വാധീനം ചെലുത്തിയ ഈ പരമ്പര ഇന്ത്യയിലെ പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായാണ് മലയാളം പതിപ്പ് തയ്യാറാക്കിയിരിക്കുന്നതെന്ന് മേജർ ആർച്ചുബിഷപ്പ് ചൂണ്ടിക്കാട്ടി. ഈശോയുടെ ജീവിതത്തെയും അപ്പസ്തോലന്മാരുടെ വിളിയെയും സവിശേഷമായ ദൃശ്യാവിഷ്കാരത്തിലൂടെ അവതരിപ്പിക്കുന്ന ഈ പരമ്പര മലയാളം സംസാരിക്കുന്ന വിശ്വാസികൾക്കും പൊതുജനങ്ങൾക്കും വലിയൊരു ആത്മീയ അനുഭവമാകുമെന്ന് മേജർ ആർച്ചുബിഷപ്പ് പ്രത്യാശ പ്രകടിപ്പിച്ചു.

ഇന്ത്യയിലെ വിവിധ സഭകളുമായി സഹകരിച്ച് പരമ്പര കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ ചുവടുവയ്പ് എന്ന് ദി. ചോസൺന്റെ ഏഷ്യ ലീഡായ ആശിഷ് നാഗും, ദി ചോസൺ കത്തോലിക്കാ എൻഗേജ്മെന്റ് മാനേജറും സി. സി. ബി. ഐ. പ്രതിനിധിയുമായ അജിൻ ജോസഫും പറഞ്ഞു. ദി ചോസൺ സീരിസിലെ പ്രസക്ത ഭാഗങ്ങൾ സഭാ കാര്യാലയത്തിലെ വൈദികർക്കും സമർപ്പിതർക്കുമായി പ്രദർശിപ്പിച്ചു. 'ദി ചോസൺ' ആദ്യ സീസണിന്റെ മലയാളം എപ്പിസോഡുകൾ ഇപ്പോൾ ഔദ്യോഗിക ആപ്പിലും (The Chosen App), watch.thechosen.tv എന്ന വെബ്സൈറ്റിലും, നെറ്റ്ഫ്ളിക്സിലും സൗജന്യമായി ലഭ്യമാണ്. ദൃശ്യമാധ്യമങ്ങളിലൂടെ സുവിശേഷ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള സീറോമലബാർ സഭയുടെ സജീവമായ ഇടപെടലിന്റെ ഭാഗമാണ് ദി ചോസൺ എന്ന ആഗോള ടെലിവിഷൻ പരമ്പരയുമായുള്ള സഹകരണം.

# ശതാഭിഷിക്തനായി മാർ ജോസഫ് പള്ളിക്കാപറമ്പിൽ



പാലാ: ഏപ്രിൽ 10 വ്യാഴാഴ്ച പാലാ ബിഷപ്പ് ഹൗസിൽ മാർ പള്ളിക്കാപറമ്പിലിന്റെ നൂറാം ജന്മദിനം ആഘോഷിച്ചു. മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, സാമൂഹിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ തുടങ്ങിയവർ ശതാഭിഷിക്തനായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് ആശംസകളർപ്പിക്കാൻ എത്തിയിരുന്നു. ദീർഘകാലം ജീവിച്ച ഒരത്ഭുതപ്രതിഭാസമാണ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്ന് മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു. ചിട്ടയോടെയുള്ള ജീവിതത്തിനും അങ്ങേയറ്റം ആത്മീയ നിറവിനും മാർ പള്ളിക്കാപറമ്പിൽ പിതാവിന് പകരംവയ്ക്കാൻ മറ്റൊരാളില്ല എന്നും മേജർ ആർച്ചുബിഷപ്പ് പറഞ്ഞു.

സീറോമലബാർസഭയുടെ ആദരസൂചകമായി മേജർ ആർച്ചുബിഷപ്പ് മാർ പള്ളിക്കാപറമ്പിലിനെ പൊന്നാടയണിയിച്ച് ആദരിച്ചു. നൂറു വർഷത്തെ മഹത്വപൂർണ്ണമായ ജീവിതത്തോടൊപ്പം തന്നെ തന്റെ ചുറ്റുമുള്ളവയെയും വലിയ പിതാവ് മനോഹരമാക്കി എന്ന് സ്വാഗതമാശംസിച്ച ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. പാലാ രൂപതയും ബിഷപ്സ് ഹൗസും ഒരിക്കലും ഇത്രത്തോളം മനോഹരമായിരുന്നിട്ടില്ല എന്നും പാലായുടെ രണ്ടാമത്തെ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ സന്തോഷകരമായി തന്റെ നൂറു ജന്മദിനങ്ങൾ പൂർത്തിയാക്കിയതാണ് ആ മനോഹാരിതയ്ക്ക് പിന്നിലെന്നും മാർ കല്ലറങ്ങാട്ട് കൂട്ടിച്ചേർത്തു.

മേജർ ആർച്ച് ബിഷപ്പ് എമരിത്തൂസ് മാർ ജോർജ് ആലഞ്ചേരി പൂച്ചെണ്ടു നൽകി മാർ പള്ളിക്കാപറമ്പിലിനെ ആദരവറിയിച്ചു.

പ്രകൃതിയെയും മനുഷ്യനെയും ഒരുപോലെ ഹൃദയത്തോട് ചേർത്ത് വെച്ച അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലുള്ള വ്യക്തിത്വമാണ് മാർ പള്ളിക്കാപറമ്പിലിന്റേതെന്ന് ആശംസപ്രസംഗം നടത്തിയ കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ചൂണ്ടിക്കാട്ടി. വിവിധ സഭകളിൽ നിന്നായി നാൽപ്പത്തഞ്ചിലേറെ മെത്രാന്മാർ ചടങ്ങിൽ പങ്കെടുത്തു. വൈദികരും സിസ്റ്റേഴ്സും മാർ പള്ളിക്കാപറമ്പിലിന്റെ കുടുംബാംഗങ്ങളും മറ്റ് ക്ഷണിക്കപ്പെട്ട അതിഥികളും ചടങ്ങിൽ പങ്കെടുത്തു.

# എസ്.എം.വൈ.എം. സംസ്ഥാന സെനറ്റ് പാലായിൽ സംഘടിപ്പിച്ചു



പാലാ: സീറോമലബാർസഭയുടെ യുവജനപ്രസ്ഥാനമായ എസ്.എം.വൈ.എം. (SMYM) സംസ്ഥാന സെനറ്റ് സമ്മേളനം പാലാ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ സഭയുടെ കേവലം ഭാവിയല്ല, മറിച്ച് സഭയുടെ ഊർജ്ജസ്വലമായ വർത്തമാനകാലമാണെന്ന് മേജർ ആർച്ചുബിഷപ്പ് ഉദ്ഘാടന പ്രസംഗത്തിൽ ഓർമിപ്പിച്ചു. ആധുനിക ലോകത്തിന്റെ സങ്കീർണ്ണമായ വെല്ലുവിളികൾക്കിടയിൽ മിശിഹായെ ധീരമായി സാക്ഷ്യപ്പെടുത്താൻ യുവജനങ്ങൾ സജ്ജമാകണമെന്നും അജപാലനശുശ്രൂഷകളിൽ യുവജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തവും നേതൃത്വവും നൽകുന്ന പുതിയ പ്രവർത്തനശൈലി സഭ നടപ്പിലാക്കിവരികയാണെന്നും മാർ റാഫേൽ തട്ടിൽ പിതാവ് വ്യക്തമാക്കി. മാറുന്ന കാലത്തിനനുസൃതമായി ഡിജിറ്റൽ ലോകത്തെ സുവിശേഷവൽക്കരണവും സാമൂഹിക പ്രതിബദ്ധതയുള്ള ഇടപെടലുകളുമാകണം യുവജനശുശ്രൂഷയുടെ പുതിയ ലക്ഷ്യങ്ങളെന്നും തങ്ങളുടെ പൗരസ്ത്യ സുറിയാനി പൈതൃകത്തിൽ അഭിമാനം കൊണ്ടും സഭാത്മകമായ കൂട്ടായ്മകളിൽ സജീവമായുമാണ് യുവജനങ്ങൾ മുന്നേറേണ്ടതെന്നും മേജർ ആർച്ചുബിഷപ്പ് ഓർമിപ്പിച്ചു. വിവിധ സീറോമലബാർ രൂപതകളിൽ നിന്നുള്ള യുവജന പ്രതിനിധികളും വൈദികരും ചടങ്ങിൽ സംബന്ധിച്ചു. പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, എസ്.എം.വൈ.എം ഗ്ലോബൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടക്കൽ തുടങ്ങിയവർ സംസാരിച്ചു.

# താമരശ്ശേരി രൂപത റൂബി ജൂബിലിയാഘോഷങ്ങൾക്ക് പ്രൗഢോജ്ജ്വല സമാപനം




പുല്ലൂരാംപാറ: നാലു പതിറ്റാണ്ടിന്റെ വിശ്വാസപാരമ്പര്യവും മലയോര ജനതയുടെ അതിജീവന ചരിത്രവും വിളിച്ചോതി താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങൾക്ക് സമാപനമായി. ഏപ്രിൽ 18 ശനിയാഴ്ച പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ വച്ചായിരുന്നു സമാപനാഘോഷങ്ങൾ നടന്നത്. ജൂബിലി സമാപനാഘോഷങ്ങളുടെ പ്രാരംഭമായി മേജർ ആർച്ചുബിഷപ്പിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പണം നടന്നു. കോഴിക്കോട് അതിരൂപത ആർച്ചുബിഷപ്പ് മോസ്റ്റ് റെവ. ഡോ. വർഗീസ് ചക്കാലക്കൽ വചനസന്ദേശം നൽകി. മലബാറിലെ വിവിധ കത്തോലിക്കാ രൂപതകളിലെ പിതാക്കന്മാർ സഹകാർമികരായിരുന്നു. തുടർന്നു നടന്ന പ്രൗഢോജ്ജ്വലമായ പൊതുസമ്മേളനം മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. വൈദികരും അല്മായരും കൈകോർക്കുന്ന 'യോജിപ്പിന്റെ ഉരുക്കുകോട്ട'യെന്ന് ഉദ്ഘാടന പ്രസംഗത്തിൽ താമരശ്ശേരി രൂപതയെ മേജർ ആർച്ചുബിഷപ്പ് വിശേഷിപ്പിച്ചു.

സാമ്പത്തിക പരിമിതികൾക്കിടയിലും കൂട്ടായ പ്രവർത്തനത്തിലൂടെ ഏതൊരു പ്രതിസന്ധിയെയും മറികടക്കാൻ താമരശ്ശേരി രൂപതയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് മേജർ ആർച്ചുബിഷപ്പ് ചൂണ്ടിക്കാട്ടി. പ്രളയകാലത്ത് സർക്കാർ ഏജൻസികളെപ്പോലും വെല്ലുന്ന രീതിയിൽ രൂപത നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. കർഷകരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാനും കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനും രൂപത കാണിക്കുന്ന താല്പര്യം അഭിനന്ദനാർഹമാണ്. 'സ്റ്റാർട്ട്' (START) പോലുള്ള പരിശീലന കേന്ദ്രങ്ങൾ വഴി കുട്ടികൾക്ക് ആത്മബലം നൽകുന്ന പ്രവർത്തനങ്ങൾ സഭയിലെ മറ്റ് രൂപതകൾക്കും മാതൃകയാക്കാവുന്നതാണെന്നും മാർ റാഫേൽ തട്ടിൽ പിതാവ് ഓർമ്മിപ്പിച്ചു.

താമരശ്ശേരി ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. തലശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ചു. മാനന്തവാടി ബിഷപ് മാർ ജോസ് പൊരുന്നേടം, കണ്ണൂർ ബിഷപ് ഡോ. അലക്സ് വടക്കുംതല, കല്യാൺ രൂപതയുടെ മുൻ മെത്രാൻ ബിഷപ് മാർ തോമസ് ഇലവനാൽ, മാനന്തവാടി സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം, ബത്തേരി ബിഷപ് ജോസഫ് മാർ തോമസ്, കണ്ണൂർ സഹായ മെത്രാൻ ഡോ. ഡെന്നിസ് കുറുപ്പാശേരി, താമരശ്ശേരി രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് ഫാ എബ്രഹാം വയലിൽ, റൂബി ജൂബിലി കൺവീനർ ഫാ. ജോൺ ഒറവങ്കര, സിസ്റ്റർ എൽസി വടക്കേമുറി എംഎസ്എംഐ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു. രൂപതയുടെ നാല് പതിറ്റാണ്ടിലെ വളർച്ചയെയും നേട്ടങ്ങളെയും കോർത്തിണക്കിയ ജൂബിലി ആഘോഷങ്ങൾ വരുംതലമുറയ്ക്കുള്ള വലിയൊരു ഊർജ്ജമായി മാറിയാണ് സമാപിച്ചത്.

# അമ്മമാർ സുകൃതങ്ങളുടെ സുഗന്ധവാഹകർ: മാർ പീറ്റർ കൊച്ചുപുരയ്ക്കൽ



തലശ്ശേരി: ഓരോ അമ്മമാരും സുകൃതങ്ങളുടെ സുഗന്ധവാഹകരും പുതുതലമുറയെ ശക്തിപ്പെടുത്തുന്നവരും സമൂഹനിർമ്മിതിയിൽ മുഖ്യപങ്കുവഹിക്കുന്നവരുമാണെന്ന് പാലക്കാട് രൂപത ബിഷപ്പും സീറോമലബാർ മാതൃവേദിയുടെ ബിഷപ് ഇൻ ചാർജുമായ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ. തലശേരി സന്ദേശ ഭവനിൽ നടന്ന സീറോമലബാർ മാതൃവേദിയുടെ ഗ്ലോബൽ ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ബീന ജോഷി അധ്യക്ഷതവഹിച്ചു. തലശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി അനുഗ്രഹപ്രഭാഷണം നടത്തി. മാതൃവേദി ഗ്ലോബൽ ഡയറക്ടർ ഫാ. ഡെന്നി താണിയ്ക്കൽ, തലശേരി അതിരൂപത മാതൃവേദി ഡയറക്ടർ ഫാ. ജോബി കോവാട്ട്, ഗ്ലോബൽ ആനിമേറ്റർ സിസ്റ്റർ ജീസ, ജനറൽ സെക്രട്ടറി സിജി ലൂക്ക്സൺ, തലശേരി അതിരൂപത മാതൃവേദിപ്രസിഡന്റ് സിസി ആന്റണി എന്നിവർ പ്രസംഗിച്ചു. സാമുദായിക ശക്തീകരണ വർഷത്തിൽ അമ്മമാർ പരമ്പരാഗത വേഷമണിഞ്ഞ് റാലിയിൽ പങ്കെടുത്തു. സലോമി ആന്റണി, ബ്രില്ലി അന്ന, മോളി പീറ്റർ, നിമ്മി ഷൈജു, സിസ്റ്റർ ലിന്റ എന്നിവർ നേതൃത്വം നല്കി. സെമിനാറുകൾ, ചർച്ചാക്ലാസുകൾ, വിളക്കന്നൂർ തീർഥയാത്ര എന്നിവയും നടന്നു. 20 രൂപതകളിൽ നിന്നായി 130 ഓളം പ്രതിനിധികൾ പങ്കെടുത്തു.

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## മാർച്ച് 29 മുതൽ ഏപ്രിൽ 25 വരെ

- **29 ഞായർ:** എറണാകുളം അങ്കമാലി അതിരൂപതയുടെ സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ ഓശാന തിരുകർമങ്ങൾക്ക് കാർമികത്വം വഹിച്ചു.
- **31 ചൊവ്വ:** സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ മൂറോൻ കൂദാശ തിരുകർമങ്ങൾക്ക് കാർമികത്വം വഹിച്ചു.
- **1 ബുധൻ:** സീറോമലബാർസഭയുടെ മുൻ മേജർ ആർച്ചുബിഷപ് കർദിനാൾ അഭിവന്ദ്യ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ഓർമദിനത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ മാർ വർക്കി കർദിനാൾ വിതയത്തിൽ പിതാവിന്റെ കബറിടത്തിലെത്തി ഒപ്പീസ് ചൊല്ലി.
- **2 വ്യാഴം:** പെസഹാതിരുന്നാളിന്റെ തിരുകർമങ്ങൾക്ക് സഭാകാര്യാലയത്തിലെ ചാപ്പലിൽ കാർമികത്വം വഹിച്ചു.
- **3 വെള്ളി:** പീഡാനുഭവവെള്ളിയുടെ തിരുകർമങ്ങൾക്ക് മൗണ്ട് സെന്റ് തോമസിലെ ചാപ്പലിൽ കാർമികത്വം വഹിച്ചു.
- **4 ശനി:** വലിയശനിയുടെ കർമങ്ങൾ മൗണ്ട് സെന്റ് തോമസിൽ നടത്തി. സീറോമലബാർസഭയുടെ പൊന്തിഫിക്കൽ ഡെലഗേറ്റായിരുന്ന ആർച്ചുബിഷപ് അഭിവന്ദ്യ മാർ എബ്രഹാം കാട്ടുമന പിതാവിന്റെ ചരമദിനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പിതാവിന്റെ കബറിടത്തിലെത്തി ഒപ്പീസ് ചൊല്ലി.
- **5 ഞായർ:** ഉയിർപ്പു തിരുനാളിന്റെ തിരുക്കർമങ്ങളിൽ മൗണ്ട് സെന്റ് തോമസിൽ കാർമികത്വം വഹിച്ചു.
- **7 ചൊവ്വ:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ തന്നെ സന്ദർശിക്കാനെത്തിയ കർണാടക സർക്കാർ ഊർജ്ജ മന്ത്രി ബഹു. ശ്രീ കെ. ജി. ജോർജിനെ സ്വീകരിച്ചു.
- **10 വെള്ളി:** മെത്രാഭിഷേകത്തിന്റെ പതിനാറാം വാർഷികദിനത്തിൽ മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

  തൃശൂർ പരിശുദ്ധ വ്യാകുല മാതാവിന്റെ ബസിലിക്കയിൽ ബഹു. ഡോ. ഫ്രാൻസിസ് ആലപ്പാട്ടച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിൽ കാർമികത്വം വഹിച്ചു.

  പാലായിൽ നടന്ന അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ ജന്മശദാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്ത് ജന്മദിനാശംസകൾ നേർന്നു.
- **11 ശനി:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ മിഷൻ ഉപകാരി സംഗമം ഉദ്ഘാടനം ചെയ്തു.

  എറണാകുളം അങ്കമാലി അതിരൂപതയിലെ ബഹു. പോൾ തേനായൻ അച്ചന്റെ മൃതസംസ്കാര സമാപനശുശ്രൂഷയിൽ കാർമികത്വം വഹിച്ചു.
- **12 ഞായർ:** കാക്കനാട് സെന്റ് ഫ്രാൻസിസ് അസീസി ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

  ദീപിക ദിനപത്രത്തിന്റെ ശതോത്തര റൂബി ജൂബിലിയുടെ ലോഗോ മൗണ്ട് സെന്റ് തോമസിൽ അനാച്ഛാദനം ചെയ്തു.
- **13 തിങ്കൾ:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ഭാഗമായ മാർ വാലാഹ് അക്കാദമിയുടെ സംഘടിപ്പിച്ച സുറിയാനി ഭാഷ കോഴ്സ് ഉദ്ഘാടനം ചെയ്തു.
- **14 ചൊവ്വ:** പാലായിൽ എസ്. എം. വൈ. എം. പ്രഥമ സംസ്ഥാന സെനറ്റ് ഉദ്ഘാടനം ചെയ്തു.

  ദീപിക ദിനപത്രത്തിന്റെ ശതോത്തര റൂബി ജൂബിലിയോടനുബന്ധിച്ചുള്ള ദീപശിഖാപ്രയാണം മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു.
- **15 ബുധൻ:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ സംഗമം ഉദ്ഘാടനം ചെയ്തു.

  വരാപ്പുഴ പുത്തൻപള്ളി അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വചനപ്രഘോഷണം നടത്തി.
- **16 വ്യാഴം:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വൊക്കേഷൻ പ്രൊമോട്ടർമാരുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.
- **18 ശനി:** താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി സമാപനാഘോഷങ്ങളുടെ ഭാഗമായി പുല്ലൂരാംപാറ ബഥാനിയാ റിന്യൂവൽ സെന്ററിൽ അർപ്പിച്ച വിശുദ്ധ കുർബാനയിൽ കാർമികനായിരുന്നു. തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.
- **19 ഞായർ:** ഇരിഞ്ഞാലക്കുട രൂപത പറപ്പൂക്കര സെന്റ് ജോൺ നെപുംസിയൻ ദൈവാലയത്തിന്റെ 1625-മത് ജൂബിലിയോടനുബന്ധിച്ചു വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.
- **20 തിങ്കൾ:** ശതാഭിഷിക്തനായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടും കൂരിയ അംഗങ്ങളോടുമൊപ്പം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു.
- **21 ചൊവ്വ:** രാവിലെ സപ്തതിയാഘോഷങ്ങളോടനുബന്ധിച്ചു മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ വിശുദ്ധ കുർബാനയ്ക്കു കാർമികത്വം വഹിച്ചു. വൈകുന്നേരം റംശാ പ്രാർഥനയോടെ ആരംഭിച്ച സപ്തതി ആഘോഷങ്ങളിൽ സഭയിലെയും സമൂഹത്തിലെയും വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തികൾ പങ്കെടുത്തു.
- **22 ബുധൻ:** സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ സംഘടിപ്പിച്ച വിശ്വാസപരിശീലന രൂപത ഡയറക്ടർമാരുടെ സംഗമം ഉദ്ഘാടനം ചെയ്തു.
- **23 വ്യാഴം:** കോതമംഗലം രൂപത മുതലക്കോടം സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ചു വിശുദ്ധ കുർബാനയർപ്പിച്ച സന്ദേശം നല്കി.
- **24 വെള്ളി:** പാലാ രൂപത അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ തിരുന്നാൾ റാസ കുർബാനയർപ്പിച്ച സന്ദേശം നല്കി.

  സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച ജസ്റ്റിസ് ജെ. ബി. കോശി റിപ്പോർട്ടു പഠനശിബിരം ഉദ്ഘാടനം ചെയ്തു.
- **25 ശനി:** തലയോലപ്പറമ്പ് ഡി.സി.പി.ബി കോൺവെന്റിൽ സന്യാസവസ്ത്ര സ്വീകരണത്തിനും വ്രതവാഗ്ദാന ചടങ്ങുകളിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

# എഴുപതിന്റെ നിറവിൽനില്ക്കുന്ന തട്ടിൽ പിതാവിന് നൂറു വയസ്സുകാരന്റെ സ്നേഹാശംസകൾ



കാക്കനാട്: സപ്തതി ആഘോഷിക്കുന്ന സീറോമലബാർസഭയുടെ മേജർആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെ നേരിൽ കണ്ട് ആശംസകൾ നേരാൻ പാലാ രൂപതയുടെ മുൻ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് എത്തിയത് വേറിട്ടൊരു കാഴ്ചയായി. നൂറാം വയസ്സിലും തളരാത്ത ആവേശത്തോടെ എത്തിയ പള്ളിക്കാപറമ്പിൽ പിതാവിന്റെ സാന്നിധ്യം ഏവരിലും അദ്ഭുതവും സന്തോഷവും ഉളവാക്കി. നൂറാം വയസ്സിലും സ്നേഹവാത്സല്യങ്ങളുമായി എത്തിയ അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവിന്റെ സന്ദർശനം സഭയുടെ ഐക്യത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും ഉദാത്തമായ മാതൃകയാണ്.

ഏപ്രിൽ 20 തിങ്കളാഴ്ചയായിരുന്നു പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും കൂരിയ അംഗങ്ങൾക്കുമൊപ്പം പള്ളിക്കാപറമ്പിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ എത്തിയത്. മേജർ ആർക്കിപ്പിസ്കോപ്പൽ കൂരിയ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിലും മറ്റ് വൈദികരും ചേർന്ന് വിശിഷ്ടാ അതിഥികളെ സ്വീകരിച്ചു. സഭയുടെ രണ്ട് തലമുറകൾ ഒത്തുചേർന്ന ഈ കൂടിക്കാഴ്ച സപ്തതി ആഘോഷങ്ങൾക്ക് ആത്മീയമായ പൂർണ്ണത നൽകി. ഏപ്രിൽ 10 നു നൂറാം വയസിലേക്കു പ്രവേശിച്ച പള്ളിക്കാപറമ്പിൽ പിതാവിന് സഭ ആസ്ഥാനത്തു മേജർആർച്ചുബിഷപ്പ് ജന്മദിനാശംസകൾ നേരുകയും സഭയുടെ പ്രാർഥനകൾ ഉറപ്പു നൽകുകയും ചെയ്തു.

# 64 – ാമത് എൽ.ആർ.സി സെമിനാർ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ

കാക്കനാട്: മൗണ്ട് സെന്റ് തോമസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ലിറ്റർജിക്കൽ റിസെർച്ച് സെന്ററിന്റെ (LRC) ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 64-ാമത് എൽ.ആർ.സി സെമിനാർ 2026 മെയ് 22, 23 തീയതികളിൽ നടക്കും. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്ന സെമിനാറിൽ "Migration: Challenges and Opportunities in the 21st Century" (കുടിയേറ്റം: ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വെല്ലുവിളികളും സാധ്യതകളും) എന്നതാണ് ഈ വർഷത്തെ മുഖ്യവിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത്.

ഇന്നത്തെ ആഗോളസാഹചര്യത്തിൽ കുടിയേറ്റം വലിയൊരു സാമൂഹിക യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. മികച്ച തൊഴിൽ, ഗുണമേന്മയുള്ള വിദ്യാഭ്യാസം, സുരക്ഷിതമായ ജീവിതസാഹചര്യങ്ങൾ എന്നിവ തേടി ഇതര രാജ്യങ്ങളിലേക്കും സംസ്ഥാനങ്ങളിലേക്കും ആളുകൾ നടത്തുന്ന കുടിയേറ്റം മുൻപത്തേക്കാൾ വർധിച്ചിട്ടുണ്ടെന്ന് ഈ രംഗത്തെ വിദഗ്ധർ വിലയിരുത്തുന്നു. ഈ മാറ്റങ്ങൾ വ്യക്തിപരമായും സാമൂഹികമായും സൃഷ്ടിക്കുന്ന ആഘാതങ്ങളെ സെമിനാർ ഗൗരവമായി ചർച്ച ചെയ്യും. കുടിയേറ്റം മുന്നോട്ടുവെക്കുന്ന പ്രധാന വെല്ലുവിളികളായ പുതിയ സംസ്കാരങ്ങളുമായുള്ള പൊരുത്തപ്പെടൽ, ഭാഷാപരമായ തടസ്സങ്ങൾ, നിയമപരമായ സങ്കീർണ്ണതകൾ, തൊഴിൽ സുരക്ഷാ പ്രശ്നങ്ങൾ എന്നിവ സെമിനാറിൽ വിഷയമാകും. കൂടാതെ, കുടിയേറ്റം കുടുംബബന്ധങ്ങളിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചും പ്രവാസികൾ നേരിടുന്ന സാമൂഹിക വിവേചനങ്ങളെക്കുറിച്ചുമുള്ള പഠനങ്ങൾ ചർച്ചകളിൽ ഇടംപിടിക്കും. അതോടൊപ്പം തന്നെ, കുടിയേറ്റത്തിലൂടെ കൈവരുന്ന സാമ്പത്തിക പുരോഗതി, സാംസ്കാരിക വിനിമയം, ആഗോളതലത്തിലുള്ള തൊഴിൽ സാധ്യതകൾ എന്നിവ വ്യക്തിഗത വളർച്ചയ്ക്ക് നൽകുന്ന വലിയ അവസരങ്ങളെയും സെമിനാർ ഉയർത്തിക്കാട്ടുന്നുണ്ട്.

വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയ പ്രമുഖർ സെമിനാറിൽ പന്ത്രണ്ടോളം പ്രബന്ധങ്ങൾ അവതരിപ്പിക്കും. സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ മെയ് പത്താം തീയതിക്ക് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനായി lrcseminars@gmail.com എന്ന ഇമെയിൽ വിലാസത്തിലോ +91 9497324768 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

# നല്ലനിലം സീസൺ II 2026

കാഞ്ഞിരപ്പള്ളി: കാഞ്ഞിരപ്പള്ളി രൂപതയുടെ സുവർണ്ണജൂബിലി വർഷത്തോടനുബന്ധിച്ച് രൂപതാ ഫാമിലി അപ്പസ്തോലേറ്റും ബൈബിൾ അപ്പസ്തോലേറ്റും കുടുംബകൂട്ടായ്മയും സംയുക്തമായി വചനം ഹൃദയത്തിലും ജീവിതത്തിലും ഉൾക്കൊള്ളുക എന്ന ലക്ഷ്യത്തോടെ 'നല്ലനിലം' വചനപഠന മത്സരം സംഘടിപ്പിച്ചു. ബൈബിൾ വാക്യങ്ങൾ ഗ്രഹിക്കുവാനും പഠിക്കുവാനും ഉതകുംവിധം തയ്യാറാക്കിയ 'നല്ലനിലം ബൈബിൾ വചന പഠന സഹായി' എന്ന പുസ്തകത്തിന്റെ കോപ്പി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ രൂപതാ മാതൃവേദി പ്രസിഡന്റ് ജിജി ജേക്കബ് പുളിയംകുന്നേലിന് നല്കി പ്രകാശനം ചെയ്തു.

നല്ലനിലം ബൈബിൾ മനഃപാഠ പദ്ധതിയുടെ ബ്രോഷറിന്റെ പ്രകാശനകർമ്മം പ്രോട്ടോസിഞ്ചെല്ലൂസ് ഫാ. ജോസഫ് വെള്ളമറ്റം രൂപതാ പിതൃവേദി പ്രസിഡന്റ് സാജു ജോസഫ് കൊച്ചുവീട്ടിലിന് നൽകി നിർവ്വഹിച്ചു. തദവസരത്തിൽ ഫാമിലി അപ്പസ്തോലേറ്റ് രൂപതാ ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ, കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. തോമസ് വെൺമാന്തറ, ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. മനുരാജ് ജൂഡ് പുത്തൻവീട്ടിൽ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. നല്ലനിലം ബൈബിൾ വചന പഠനസഹായിയുടെ കോപ്പികൾ ഫാമിലി അപ്പസ്തോലേറ്റ് ഓഫീസിൽ ലഭ്യമാണെന്ന് ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ അറിയിച്ചു.

# അദിലാബാദ് രൂപത

സ്ഥാപിതം: 1999 ഒക്ടോബർ 06



**മാർ ജോസഫ് കുന്നത്ത് CMI**
അദിലാബാദ് രൂപതയുടെ പ്രഥമ മെത്രാൻ



**മാർ ജോസഫ് തച്ചാപറമ്പത്ത് CMI**
അദിലാബാദ് രൂപതയുടെ മെത്രാൻ



**മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ**
അദിലാബാദ് രൂപതയുടെ ദ്വിതീയ മെത്രാൻ

സീറോ മലബാർ സഭയുടെ കേരളത്തിനു പുറത്തുള്ള ആദ്യ പ്രേഷിത മേഖലയാണ് മഹാരാഷ്ട്രയിലും ആന്ധ്രാപ്രദേശിലുമായി വ്യാപിച്ചു കിടക്കുന്ന ചാന്ദാ മിഷൻ. സിഎംഐ മിഷണറിമാരുടെ പ്രേഷിതതീക്ഷ്ണതയും കഠിന പ്രയത്നവും വഴി ഈ മിഷൻ മേഖല ചാന്ദാ രൂപതയായി ഉയർത്തപ്പെട്ടു. 1999 ജൂലൈ മാസം വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ തെലങ്കാനയിലെ സീറോമലബാർ വിശ്വാസികൾക്കായി ചാന്ദാ രൂപതാ വിഭജിച്ച് അദിലാബാദ് രൂപതയ്ക്ക് ആവിർഭാവം നല്കി. 1999 ഒക്ടോബർ 6-ന് രൂപതയുടെ പ്രഥമ മെത്രാനായി മാർ ജോസഫ് കുന്നത്ത് സിഎംഐയെ അഭിഷേകം ചെയ്ത് നിയോഗിക്കുകയും ഔദ്യോഗികമായി അദിലാബാദ് രൂപത സ്ഥാപിക്കുകയും ചെയ്തു.




മാർ ജോസഫ് കുന്നത്ത് സിഎംഐ രൂപതാ ഭാരണത്തിൽനിന്നും വിരമിച്ചതിനെ തുടർന്ന് 2015 ഒക്ടോബറിൽ പിൻഗാമിയായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടനെ തിരഞ്ഞെടുത്ത് അഭിഷിക്തനാക്കി. ഈ കാലയളവിൽ സുവിശേഷവത്കരണ പ്രവർത്തനങ്ങളിലൂടെയും സാമൂഹിക സേവനങ്ങളിലൂടെയും രൂപതയുടെ അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിൽ പ്രിൻസ് പിതാവ് നിർണായക പങ്കുവഹിച്ചു.

ഷംഷാബാദ് രൂപത അതിരൂപതയായി ഉയർത്തപ്പെട്ടപ്പോൾ പ്രഥമ ആർച്ച്ബിഷപ്പായി പ്രിൻസ് പിതാവിനെ നിയോഗിക്കുകയുണ്ടായി. അതേത്തുടർന്ന് അദിലാബാദ് രൂപതയുടെ നവ ഇടയനായി 2025 ഒക്ടോബർ 25-ന് എഫാത്ത ധ്യാനകേന്ദ്രത്തിൽ വച്ച് മാർ ജോസഫ് തച്ചാപറമ്പത്ത് സിഎംഐ അഭിഷിക്തനായി രൂപതാഭരണം ഏറ്റെടുത്തു. ഇന്ന് തെലങ്കാനയിലെ 17 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന അദിലാബാദ് രൂപത വിശ്വാസത്തിന്റെയും സേവനത്തിന്റെയും ഉജ്ജ്വല സാക്ഷ്യമായി നിലകൊള്ളുന്നു.

## രൂപതയുടെ സ്ഥിതിവിവര കണക്കുകൾ

| | | | |
|---|---|---|---|
| മെത്രാന്മാർ | - 2 | മേജർ സെമിനാരി ബ്രദേഴ്സ് | - 5 |
| ഇടവകകൾ | - 25 | സന്ന്യാസിനികൾ | - 225 |
| കത്തോലിക്കാ വിശ്വാസികൾ | - 13250 | ബ്രദേഴ്സ് (Brotherhood) | - 5 |
| അർധ (ക്വാസി) ഇടവകകൾ | - 18 | സന്ന്യാസസഭയുടെ സ്കൂളുകൾ | - 28 |
| മിഷൻ സ്റ്റേഷനുകൾ | - 90 | രൂപതയുടെ സ്കൂളുകൾ | - 13 |
| രൂപതാ വൈദികർ | - 51 | സന്ന്യാസസഭയുടെ ആശുപത്രികൾ | - 5 |
| സന്ന്യാസ വൈദികർ | -75 | | |

## രൂപത കൂരിയ

| | |
|---|---|
| വികാരി ജനറാൾ | - വെരി റവ. ഡോ. ജോസ് മാണിക്കത്താൻ സിഎംഐ |
| ചാൻസലർ | - റവ. ഫാ. ജോഷി അമ്പാട്ട് |
| ഫിനാൻസ് ഓഫീസർ | - റവ. ഫാ. റോബിൻ മാത്യു |
| ജുഡീഷ്യൽ വികാർ | - റവ. ഡോ. പൊളിസെട്ടി ജോജപ്പ |
| സെക്രട്ടറി | - റവ. ഫാ. എബിൻ ജോസഫ് |



## രൂപതയുടെ പ്രധാന പ്രവർത്തനങ്ങൾ

### ● ജീവസ്വരം ബൈബിൾ കൺവെൻഷൻ

രൂപതയിലെ ജനങ്ങളിലേക്ക് ദൈവവചനം ശക്തമായും ഫലപ്രദമായും എത്തിക്കുന്നതിനായി 2016 ഒക്ടോബറിൽ ആരംഭിച്ച ത്രിദിന മേഖലാതല ബൈബിൾ കൺവെൻഷനുകളാണ് **'ജീവസ്വരം.'** ഈ കൺവെൻഷനുകളുടെ സ്വീകാര്യതയും വിജയവും കണക്കിലെടുത്ത് പ്രതിവർഷം നാല് കൺവെൻഷനുകൾ നാല് ജില്ലകളിലായി ഇപ്പോൾ നടത്തപ്പെടുന്നു. ഗ്രാമങ്ങളിലേയ്ക്കും കൂടുതൽ ജില്ലികളിലേക്കും സുവിശേഷവത്കരണം വ്യാപിപ്പിക്കുന്നതിന് ഈ ബൈബിൾ കൺവെൻഷനുകൾ സഹായകരമാകുന്നുണ്ട്.



### ● അന്നദാനം

ദൈവസ്നേഹത്തിന്റെ വലിയൊരു സാക്ഷ്യമായി അദിലാബാദ് മെത്രാസന മന്ദിരത്തിന്റെ വാതിലുകൾ എപ്പോഴും തുറന്നു കിടക്കുന്നു. 2018 മുതൽ എല്ലാ ദിവസവും 150 ഓളം പാവപ്പെട്ടവർക്ക് **'അന്നദാനം'** പദ്ധതിയിലൂടെ ഭക്ഷണം നല്കിവരുന്നു.




### ● SHADE - വയോജനങ്ങൾക്കും രോഗികൾക്കും ആശ്രയഭവനം

എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന സ്നേഹത്തിന്റെ അടയാളമായി വർത്തിക്കുന്ന അദിലാബാദ് രൂപതയുടെ ജീവകാരുണ്യ വിഭാഗമായ **SHADE** ജാതിയോ മതമോ പരിഗണിക്കാതെ 20 ഓളം വികലാംഗർക്കും വൃദ്ധരും നിരാലംബരായ വ്യക്തികൾക്കും സുരക്ഷിത താവളം ഒരുക്കുന്നു. അന്തരിച്ച ജർമൻ ജീവകാരുണ്യ പ്രവർത്തകനും മനുഷ്യസ്നേഹിയുമായ റവ. ഫാ. ഹെർബെർട്ടിന്റെ സ്മരണയ്ക്കായി സ്ഥാപിതമായ ഈ സ്ഥാപനത്തിൽ ലിറ്റിൽ ഫ്ളവർ മിഷണറി സിസ്റ്റേഴ്സിന്റെ **(MLF)** സമർപ്പിതവും സ്നഹപൂർവകവുമായ പരിചരണങ്ങളും നിരാലംബരായ ഇവരുടെ ജീവിതത്തെ മെച്ചപ്പെട്ടതാക്കി മാറ്റുന്നു.



### ● എഫാത്ത ധ്യാനകേന്ദ്രം

അദിലാബാദ് രൂപതയുടെ ആത്മീയ ഹൃദയവും ശക്തി സ്രോതസുമായ **എഫാത്ത ധ്യാനകേന്ദ്രം** 2016-ൽ ഫ്രാൻസിസ് പാപ്പ ആശീർവദിച്ച ശില സ്ഥാപിച്ചുകൊണ്ടാണ് തുടക്കം കുറിക്കപ്പെട്ടത്. കൊറോണ മഹാമാരിമൂലം പല തടസ്സങ്ങൾ ഉണ്ടായിട്ടും ഉദാരമതികളായ അഭ്യുദയകാംക്ഷികളുടെ സഹായത്തോടെ 2022 ജനുവരി 6-ന് അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ച്ബിഷപ് ലിയോപോൾദോ ജിറേല്ലി ഈ ധ്യാനകേന്ദ്രം ആശീർവദിച്ച് രൂപതയ്ക്ക് സമർപ്പിച്ചു. ഇന്ന് നിരവധി ധ്യാനങ്ങളിലൂടെയും ഏകദിന പ്രാർഥനകളിലൂടെയും അനേകർക്ക് അനുഗ്രഹവും ആശാകേന്ദ്രവുമായി നിലകൊള്ളുന്നു.



### ● പല്ലേവാസം

മനുഷ്യരോടൊത്ത് സഹവസിച്ച ഈശോയുടെ മാതൃക പിൻചെന്നുകൊണ്ട്, അതിൽ നിന്നും പ്രചോദനം സ്വീകരിച്ചുകൊണ്ട്- ഗ്രാമത്തിൽ വസിക്കുക എന്ന തെലുങ്ക് നാമമായ **'പല്ലേവാസ'** ത്തിലൂടെ വ്യത്യസ്ഥമായ ഒരു സുവിശേഷവത്കരണ സംരംഭം ആരംഭിച്ചു. ഇതിൻപ്രകാരം സിസ്റ്റേഴ്സ് വളരെ വിദൂരമായ ഗ്രാമങ്ങളിൽ പോയി ആ ജനങ്ങളോടുകൂടെ അവരുടെ ഭവനങ്ങളിൽ വസിക്കുകയും അവരുടെ ജീവിതങ്ങളെ നേരിട്ട് കണ്ട് അനുഭവിച്ച് തങ്ങളുടെ ശക്തമായ സാക്ഷ്യം വഴിയും ജീവിതമാതൃക വഴിയും സുവിശേഷം പ്രഘോഷിക്കുകയും ചെയ്യുന്നു. ഈയോരു സംരംഭം ജനങ്ങളുടെ ജവിതത്തിൽ ആഴമായ ബന്ധം സ്ഥാപിക്കുന്നതിനും വിശ്വാസത്തിൽ അവർ കൂടുതൽ വളരുന്നതിനും ഇടയാക്കുന്നുണ്ട്.

## DIOCESE OF ADILABAD

BISHOP'S HOUSE H.NO. 12-601/1,
Mancherial P.O Adilabad(dist) A.P - 504208
Call: +91 9898789879 E-mail: adilabad@gmail.com

# അരികുകളിൽനിന്നുള്ള പ്രത്യാശ: മാർപാപ്പയുടെ ചരിത്രപരമായ ആഫ്രിക്കൻ പര്യടനം

വത്തിക്കാൻ സിറ്റി: ലോകത്തിന്റെ 'അരികുകളിൽ' (Peripheries) കഴിയുന്നവരോടുള്ള തന്റെ പ്രതിബദ്ധത പ്രഖ്യാപിച്ചുകൊണ്ട്, പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ ആഫ്രിക്കയിൽ 11 ദിവസത്തെ ചരിത്രപരമായ അപ്പസ്തോലിക പര്യടനം നടത്തി. 2026 ഏപ്രിൽ 13 മുതൽ 23 വരെ നീണ്ട യാത്രയിൽ അൾജീരിയ, കാമറൂൺ, അങ്കോള, ഇക്വറ്റോറിയൽ ഗിനിയ എന്നീ രാജ്യങ്ങളാണ് പാപ്പ സന്ദർശിച്ചത്. 28 കോടിയിലധികം കത്തോലിക്ക വിശ്വാസികളുള്ള ആഫ്രിക്കൻ ഭൂഖണ്ഡത്തെ സംബന്ധിച്ചിടത്തോളം പാപ്പയുടെ സന്ദർശനം സഭയുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. ഇത് കേവലം നയതന്ത്ര സന്ദർശനമായിരുന്നില്ല, മറിച്ച് ആഗോളസഭയിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമൂഹവുമായുള്ള തന്ത്രപരമായ ഇടപഴകലായിരുന്നു. ദാരിദ്ര്യം, ചൂഷണം, മതങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ എന്നിവയ്ക്കിടയിൽ നടത്തിയ ഈ സന്ദർശനം സഭയിലെ ഏറ്റവും ദുർബലരായവർക്ക് പിന്തുണ നൽകേണ്ടതിന്റെ അടിയന്തര പ്രാധാന്യമാണ് വിളിച്ചോതിയത്.

മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുൻപ്, താൻ നയിച്ചിരുന്ന സന്യാസസമൂഹത്തിന്റെ ആത്മീയപിതാവായ വിശുദ്ധ അഗസ്റ്റിന്റെ സ്മരണകളുറങ്ങുന്ന അൾജീരിയയിലായിരുന്നു മാർപാപ്പയുടെ പര്യടനത്തിന്റെ ആദ്യ ഘട്ടം. ഹിപ്പോയിലെ പുരാതന അവശിഷ്ടങ്ങളും വിശുദ്ധ അഗസ്റ്റിന്റെ ബസിലിക്കയും സന്ദർശിച്ചുകൊണ്ട് തന്റെ പ്രസംഗങ്ങളെ സ്വാധീനിച്ച ആത്മീയവേരുകളെ അദ്ദേഹം ആദരിച്ചു. മുസ്ലിം ഭൂരിപക്ഷ രാജ്യമായ അൾജീരിയയുടെ തലസ്ഥാനത്തുള്ള 'ഔർ ലേഡി ഓഫ് ആഫ്രിക്ക' ബസിലിക്ക സന്ദർശിച്ച പാപ്പ, മതങ്ങൾ തമ്മിലുള്ള സംഭാഷണത്തിനും സമാധാനപരമായ സഹവർത്തിത്വത്തിനും വലിയ ഊന്നൽ നൽകി.

മധ്യ ആഫ്രിക്കയിലെ കാമറൂണിൽ എത്തിയ മാർപാപ്പ, ഇംഗ്ലീഷ് സംസാരിക്കുന്ന വിഘടനവാദികളും ഫ്രഞ്ച് സംസാരിക്കുന്ന സർക്കാർ സൈന്യവും തമ്മിലുള്ള രക്തരൂക്ഷിതമായ പോരാട്ടം അവസാനിപ്പിക്കാൻ അടിയന്തരമായി ആഹ്വാനം ചെയ്തു. പത്തൊൻപതാം നൂറ്റാണ്ട് മുതൽ കത്തോലിക്ക വിശ്വാസത്തിന് ആഴത്തിലുള്ള വേരുകളുള്ള ഈ നാട്ടിൽ, ദാരിദ്ര്യവും യുദ്ധവും അവസാനിപ്പിച്ച് അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ആഫ്രിക്കയിൽ കത്തോലിക്ക വിശ്വാസം ആദ്യം എത്തിയ നാടുകളിലൊന്നായ അങ്കോളയിൽ തലസ്ഥാനമായ ലുവാണ്ടയിലെ അതിവേഗ സാമ്പത്തിക വളർച്ചയും ദരിദ്രരുടെ ദുരവസ്ഥയും തമ്മിലുള്ള അന്തരം അദ്ദേഹം ചൂണ്ടിക്കാട്ടി. 'മാമ മുക്സിമ' തീർഥാടനകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും വിദേശശക്തികൾ നടത്തുന്ന ചൂഷണങ്ങളെക്കുറിച്ചുമാണ് പാപ്പ സംസാരിച്ചത്.



പര്യടനത്തിന്റെ അവസാന പാദത്തിൽ ഇക്വറ്റോറിയൽ ഗിനിയയിലെത്തിയ അദ്ദേഹം, 2021 ലെ സ്ഫോടനത്തിൽ ഇരകളായവരുടെ സ്മാരകവും രാഷ്ട്രീയ തടവുകാർ കഴിയുന്ന ജയിലും സന്ദർശിച്ചു. കാലാവസ്ഥാ വ്യതിയാനം, കുടിയേറ്റം, മതങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ ആഗോളവിഷയങ്ങളിൽ അദ്ദേഹം തന്റെ നിലപാടുകൾ വ്യക്തമാക്കി. ഇതിനു മുൻപ് ഒരു മാർപാപ്പയും സന്ദർശിക്കാത്ത ഇടങ്ങളിലൂടെ കടന്നുപോയതിലൂടെ കത്തോലിക്കസഭയുടെ ഭാവി എഴുതപ്പെടുന്നതിൽ ആഫ്രിക്കയുടെ സ്ഥാനം പ്രധാനപ്പെട്ടതാണ് എന്ന സന്ദേശമാണ് ലെയോ പതിനാലാമൻ മാർപാപ്പ നൽകിയത്. യുദ്ധം മാനവികതയുടെ പരാജയമാണെന്ന് ആവർത്തിച്ച അദ്ദേഹം, ആയുധക്കച്ചവടത്തെയും വിഭവങ്ങൾ കൊള്ളയടിക്കുന്ന വിദേശശക്തികളെയും ശക്തമായി വിമർശിച്ചു. ഹൃദയങ്ങളിൽ ക്ഷമയും കരുണയും കാത്തുസൂക്ഷിച്ചുകൊണ്ട് നീതിയിലധിഷ്ഠിതമായ സമാധാനം കെട്ടിപ്പടുക്കാൻ മാർപാപ്പ ലോകനേതാക്കളെ ആഹ്വാനം ചെയ്തു.



# കൽദായ കത്തോലിക്കാ സഭയ്ക്ക് പുതിയ സാരഥി

റോം: ലോകമെമ്പാടുമുള്ള കൽദായ കത്തോലിക്കാ വിശ്വാസികളുടെ പുതിയ പരമാധ്യക്ഷനായി ആർച്ച്ബിഷപ്പ് അമൽ ഷമോൺ നോനയെ (Amel Shamon Nona) തിരഞ്ഞെടുത്തു. 2026 ഏപ്രിൽ 12-ന് റോമിൽ നടന്ന കൽദായ സഭയുടെ സിനഡിലാണ് ഈ സുപ്രധാന പ്രഖ്യാപനം ഉണ്ടായത്. 'മാർ പോൾ മൂന്നാമൻ നോന' എന്ന നാമമാണ് പുതിയ പാത്രിയർക്കീസ് സ്വീകരിച്ചിരിക്കുന്നത്. ദീർഘകാലം സഭയെ നയിച്ച കർദ്ദിനാൾ ലൂയിസ് റാഫേൽ സാക്കോ വിരമിച്ചതിനെ തുടർന്നാണ് ഈ നിയമനം.

1968-ൽ വടക്കൻ ഇറാഖിലെ അൽഖോഷിൽ ജനിച്ച മാർ പോൾ മൂന്നാമൻ, കൽദായ സഭയിലെ ഏറ്റവും ശ്രദ്ധേയരായ നേതൃരൂപങ്ങളിൽ ഒരാളാണ്. ഈ ചുമതലയേൽക്കുന്നതിന് മുൻപ് ഓസ്ട്രേലിയയിലെയും ന്യൂസിലൻഡിലെയും വിശുദ്ധ തോമാശ്ലീഹായുടെ നാമത്തിലുള്ള കൽദായ രൂപതയുടെ മെത്രാനായി അദ്ദേഹം സേവനമനുഷ്ഠിച്ചു വരികയായിരുന്നു. വിശുദ്ധ തോമാശ്ലീഹായുടെയും അദ്ദേഹത്തിന്റെ ശിഷ്യന്മാരായ അദ്ദായി, മാറി എന്നിവരുടെയും അപ്പസ്തോലിക ശുശ്രൂഷയിൽ നിന്നാണ് കൽദായ സഭ ഉത്ഭവിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. പൗരസ്ത്യ സുറിയാനി ആരാധനാക്രമം പിന്തുടരുന്ന ഈ സഭയിൽ ഇന്നും വിശുദ്ധ കുർബാന സാധാരണയായി അർപ്പിക്കുന്നത് യേശുക്രിസ്തു സംസാരിച്ചിരുന്ന അരമായ ഭാഷയിലാണ്.

ഇറാഖിലെ ബാഗ്ദാദിലുള്ള വ്യാകുല മാതാവിന്റെ നാമത്തിലുള്ള കത്തീഡ്രലാണ് ഏകദേശം 15 ലക്ഷം വിശ്വാസികളുള്ള ഈ പുരാതന പാത്രിയാർക്കേറ്റിന്റെ ആസ്ഥാനം. മധ്യപൂർവ്വ ദേശങ്ങളിലെ മതപീഡനങ്ങളും സംഘർഷങ്ങളും കാരണം കൽദായ വിശ്വാസികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. നിലവിൽ അമേരിക്ക, കാനഡ, ഓസ്ട്രേലിയ, യൂറോപ്പ് എന്നിവിടങ്ങളിൽ വലിയ സഭാസമൂഹങ്ങളും ഇറാഖിലും ഇറാനിലുമായി നിരവധി രൂപതകളും സഭയ്ക്കുണ്ട്. മുൻപ് ഇറാഖിലെ മൊസൂൾ ആർച്ച്ബിഷപ്പായിരുന്ന കാലത്ത് യുദ്ധക്കെടുതികൾക്കിടയിൽ വിശ്വാസികൾക്ക് ധൈര്യം പകർന്ന അദ്ദേഹത്തിന്റെ നേതൃപാടവം, ആഗോളതലത്തിൽ സഭയ്ക്ക് പുതിയ ദിശാബോധം നൽകുമെന്ന് വിശ്വാസികൾ പ്രതീക്ഷിക്കുന്നു.

# അമേരിക്കൻ വൻകരയിലെ പ്രഥമ മലയാളി സന്യാസിനീ സംഗമം ചിക്കാഗോയിൽ

ചിക്കാഗോ: സെന്റ് തോമസ് സീറോമലബാർ രൂപതാ സ്ഥാപനത്തിന്റെയും അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും രജത ജൂബിലി ആഘോഷങ്ങളുടെയും ഭാഗമായി അമേരിക്കയിലും കാനഡയിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ മലയാളി സിസ്റ്റേഴ്സിന്റെയും സംഗമം ചിക്കാഗോ ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ നടന്നു. ഇതോടനുബന്ധിച്ച പൊതുസമ്മേളനം നിരവധി വൈദിക മേലധ്യക്ഷന്മാരുടെയും 28-ൽ പരം സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ അമേരിക്കയിലെ റിതുവേനീയൻ ബൈസന്റൈൻ കത്തോലിക്കാ രൂപതയുടെ ബിഷപ്പ് റോബർട്ട് പിപ്റ്റ ഉദ്ഘാടനം ചെയ്തു.

സെമിനാറിന് സ്പ്രിംഫിൽഡിലെ ബിഷപ് അഭി. തോമസ് പപ്പറോക്കി നേതൃത്വം നല്കി. സമൂഹബലിയിൽ ബിഷപ്പ് മാർ ജോയി ആലപ്പാട്ട് കാർമികനായിരുന്നു. ബിഷപ്പ് റോബർട്ട് പിപ്റ്റ വചനസന്ദേശം നൽകി. മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും നിരവധി വൈദികരും സഹകാർമ്മികരായിരുന്നു.



പൊതുസമ്മേളനം റിതുവേനീയൻ ബൈസന്റൈയിൽ രൂപതാ ബിഷപ്പ് റോബർട്ട് പിപ്റ്റ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. ബിഷപ്പ് ജോയി ആലപ്പാട്ട് അധ്യക്ഷൻ ആയിരുന്നു. ജൂബിലേറിയൻ ബിഷപ്പ് ജേക്കബ് അങ്ങാടിയത്ത്, വാഷിംങ്ടൺ വൈറ്റ് ഹൗസ് ഫെയ്ത്ത് ഓഫീസിലെ മതാന്തര ബന്ധങ്ങളുടെ ലയ്സൻ ഓഫീസറും മലങ്കരഓർത്തഡോക്സ് രൂപതാംഗവുമായ റവ. ഫാ.അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സന്യാസിനി റവ. സി. അമേലിയ, സി. ആനി സെറീൻ എന്നിവർ അനുഗ്രഹ പ്രസംഗങ്ങൾ നടത്തി.

സമ്മേളനത്തിന്റെ ചെയർ പേഴ്സണും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ സ്വാഗതവും ജനറൽ കോഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളിൽ കൃതജ്ഞതയും പറഞ്ഞു. ചിക്കാഗോ കത്തീഡ്രൽ, സെന്റ് മേരീസ്, സേക്രഡ് ഹാർട്ട് ഇടവകയിലെ പ്രതിഭകൾ അണിയിച്ചൊരുക്കിയ കലാസന്ധ്യയും ഉണ്ടായിരുന്നു.



1992 മുതൽ 1995 വരെ സീറോമലബാർസഭയുടെ പൊന്തിഫിക്കൽ ഡെലഗേറ്റായി സേവനമനുഷ്ഠിച്ച ആർച്ചുബിഷപ്പ് മാർ എബ്രാഹം കാട്ടുമനയുടെ 31-ാം ചരമവാർഷികത്തോടനുബന്ധിച്ച് മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിലെ കബറിടത്തിൽ അനുസ്മരണ പ്രാർഥനകൾക്ക് നേതൃത്വം നൽകിയപ്പോൾ.



സീറോമലബാർസഭയുടെ രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിലെ അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ കബറിടത്തിൽ അനുസ്മരണ പ്രാർഥനകൾ നടത്തുന്നു.